കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചാലക്കുടി നഗരസഭ
**2018-19**
# ഓഡിറ്റ് റിപ്പോർട്ട്

# തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

**email: dotsr. ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ. ടി.എസ്.ആർ(എം.)324/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി: 02/07/2020

ജോയിൻറ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചാലക്കുടി നഗരസഭ

സർ,

വിഷയം :ചാലക്കുടി നഗരസഭ -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 1-16,1-22,1-38,1-40,1-42,1-60 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഓഡിറ്റ് റിപ്പോർട്ട് അജണ്ടയാക്കി നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997-ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997-ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. ടി.എസ്.ആർ(എം.)324/2020 തീയതി.02/07/2020

# തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 295(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുനിസിപ്പാലിറ്റി 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 80 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 65 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ.സി. ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.02.2020 മുതൽ 17.02.2020 വരെ |

**ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ**

| |
|---|
| ശ്രീമതി വിജയശ്രീ.പി, ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശിവദാസൻ എ കെ അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ എം ജി |

| |
|---|
| അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സുമിത ടി എസ്.<br>അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോസ്ലൻ.സി.ജെ., ഓഡിറ്റർ |
| ശ്രീമതി.ധന്യ ദിലീപ്, ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| **ചെയർപേഴ്സൺ** | ശ്രീമതി.ജയന്തി പ്രവീൺകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ടോബി തോമസ് | 1.04.2018 മുതൽ 31.03.2019 വരെ |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ഗീതാകുമാരി.സി.എസ് | 1.04.2018 മുതൽ 31.07.2018 വരെ |
| | സുഭാഷ് എം കെ | 1.08.2018മുതൽ 31.03.2019വരെ |
| അസി.എഞ്ചിനീയർ | റാണി എൻ കെ | 1.04.2018 മുതൽ 18.06.2018 വരെ |
| | ലിയആന്റോ | 19.06.2018 മുതൽ 10.07.2018 FN വരെ |
| | ബോബി ഈപ്പൻ | 10.07.2018ANമുതൽ 5.11.2018 FNവരെ |
| | റോഷ്നി വി ജെ | 5.11.2018AN മുതൽ 8.11.2018 FNവരെ |
| | ജയ പി എസ് | 8.11.2018 ANമുതൽ 31.03.2019 വരെ |
| ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ.സിസി.എ.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | ഡോ.എം.ജി.ശിവദാസ് | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോഷ് കുമാർ.പി.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷെർളി.എം.പി | 01.04.2018 മുതൽ 23.07.2018 FNവരെ |
| | സ്മിത ജോസ് | 23.07.2018AN മുതൽ 31.03.2019വരെ |
| ഹെഡ് മിസ്ട്രസ് ജി.ജി.എച്ച്.എസ്. | ശാലിനി | 01.04.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. | സോഫി ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്. ജി.ബി.എച്ച്.എസ്, ചാലക്കുടി | പുഷ്പവല്ലി.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്, ജി.എച്ച്.എസ്, വി.ആർ.പുരം | കോമളവല്ലി | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രിൻസിപ്പാൾ, ജി വി എച്ച് എസ് എസ് | ജെസ്സി ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |
| യു.പി.എ. പ്രൊജക്ട് ഓഫീസർ | രവീന്ദ്രൻ.കെ.കെ | 01.04.2018 മുതൽ 31.07.2018FN വരെ |
| | കണ്ണൻ വി കെ | 31.07.2018AN മുതൽ 16.08.2018FN വരെ |
| | ഷംസുദ്ദിൻ | 16.08.2018AN മുതൽ 25.01.2019 FNവരെ |
| | പ്രദീപൻ എ എം | 25.01.2019AN മുതൽ 31.03.2019 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ദീദ കുമാരി.സി.എസ് | 01.04.2018 മുതൽ 30.06.2018 വരെ |
| | ബാലസുബ്രഹ്മണ്യം | 01.07.2018 മുതൽ 31.03.2019 വരെ |
| അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | അഹമ്മദ് സഗീർ. സി.എസ്. | 01.04.2018 മുതൽ 31.3.2019 വരെ |
| വ്യവസായവികസന ഓഫീസർ | അഭിലാഷ് വർമ്മ | 01.04.2018 മുതൽ 31.3.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽനികുതി -അപാകതകൾ | 1-12 |
| 13 | ഡി ആന്റ് ഒ ലൈസൻസ്-അപാകതകൾ | 1-13 |
| 14 | ഇ ടെണ്ടർ ഫീ തനത്ഫണ്ടിലേക്ക് കൈമാറിയിട്ടില്ല | 1-14 |
| 15 | വർക്കേഴ്സ് വെൽഫെയർഫണ്ട് സെസ്സ് കളക്ഷൻചാർജ് ഈടാക്കിയിട്ടില്ല | 1-15 |
| 16 | ഇഎസ് ഐ ഡിസ്പെൻസറി വാടക കുടിശ്ശിക-3,54,862/-രൂ പിരിച്ചെടുത്തിട്ടില്ല. | 1-16 |
| 17 | LBS സെന്ററിന്റെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. | 1-17 |
| 18 | ബസ്സ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ളക്സ് വളരെ കുറഞ്ഞ വാടകയും ഡെപ്പോസിറ്റും ഈടാക്കുന്നു | 1-18 |
| 19 | പ്രളയം മൂലം വാടക ഇളവ് അനുവദിച്ചത്-സർക്കാർ സാധൂകരണം ലഭ്യമാക്കിയില്ല | 1-19 |
| 20 | കെട്ടിട വാടക -കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല/കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല | 1-20 |
| 21 | കോടതിവിധി നടപ്പാക്കുന്നതിൽ നഗരസഭയ്ക്ക് അലംഭാവം | 1-21 |
| 22 | സർക്കാർ ഉത്തരവിനുമുമ്പുള്ള തീയതിയിലെ പെർമിറ്റിന് റോഡ് റീസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള ജി.എസ്.ടി. ഒഴിവാക്കി നൽകി-സമയബന്ധിതമായി ജി.എസ്.ടി ഈടാക്കാത്തതു മൂലം സർക്കാരിന് നഷ്ടം | 1-22 |
| 23 | ബിൽഡിങ്ങ് പെർമിറ്റ് നൽകിയതിലെ അപാകതകൾ | 1-23 |
| 24 | ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-24 |
| 25 | ലൈസൻസില്ലാതെ അനധികൃതമായി സ്ഥാപനം പ്രവർത്തിക്കുന്നു | 1-25 |

| | | |
|---|---|---|
| 26 | വസ്തു നികുതി ,വസ്തു നികുതി കുടിശ്ശിക- പൊതു അപാകതകൾ | 1-26 |
| 27 | നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-27 |
| 28 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടത് അത്യാവശ്യം. | 1-28 |
| 29 | ലൈഫ് പദ്ധതി- ഫയലുകൾ സൂക്ഷിച്ചതിലെ അപാകതകൾ | 1-29 |
| 30 | ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്- അധികം നൽകിയ തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | മാലിന്യ പ്ലാന്റലെ തൊഴിലാളികൾക്ക് നൽകിയ വേതനം -സർക്കാർ അനുമതി ലഭ്യമാക്കണം -ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | എച്ച്.ടി.ലൈൻ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം നേടിയില്ല. | 1-32 |
| 33 | പട്ടിക ജാതി ഗുണഭോക്താവിന് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ലാതെ ധന സഹായം അനുവദിച്ചു. | 1-33 |
| 34 | അനുഗ്രഹ സദനിലെ അന്തേവാസികൾക്ക് മരുന്നുവാങ്ങൽ- സർക്കാർ അനുമതി ലഭ്യമാക്കണം.ചെലവു തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 35 | ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ 17,61,125/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |
| 36 | ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- കാരുണ്യയിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഇല്ല. | 1-36 |
| 37 | ആശ്രയ പോഷകാഹാര വിതരണം -രേഖകളുടെ സൂക്ഷിപ്പ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. | 1-37 |

| | | |
|---|---|---|
| 38 | സെൻട്രൽ പെൻഷൻ ഫണ്ട് - ജീവനക്കാരുടെ വിഹിതമിനത്തിൽ അടവാക്കേണ്ട കുടിശ്ശിക 1,89,29,791/-രൂ .നഗരസഭക്ക് ലഭിക്കുവാനുള്ളത് 3,23,91,119/- രൂ | 1-38 |
| 39 | പോസ്റ്റ് മാറ്റി വയ്ക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-39 |
| 40 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് കുടിശ്ശിക 860601/-രൂ വിവരം ലഭ്യമാക്കിയിട്ടില്ല | 1-40 |
| 41 | വസ്തുനികുതി തെറ്റായി അടവാക്കിയത് തിരിച്ചു നൽകി. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ് | 1-41 |
| 42 | ജീവനക്കാർക്ക് നൽകിയ മുൻകൂർ -ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നത്-24,25,177/-രൂ | 1-42 |
| 43 | കരട് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ല | 1-43 |
| 44 | നഗരസഭയുടേതല്ലാത്ത വായ്പ കുടിശ്ശിക-തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-44 |
| 45 | ലൈബ്രറി -പരാമർശങ്ങൾ | 1-45 |
| 46 | ബഡ്ജറ്റ് പ്രൊവിഷന് അധികരിച്ച് ചെലവ് നടത്തി. | 1-46 |
| 47 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി -നഗരസഭയിൽ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല | 1-47 |
| 48 | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ കരാറുകാരന് നൽകുന്ന സാമഗ്രികൾക്ക് ആനുപാതികമായി പ്രവൃത്തി നടത്തുന്നില്ല | 1-48 |
| 49 | ലാന്റ് അക്വിസിഷൻ കേസുകളിൽ നഗരസഭയുടെ ബാധ്യത-18 കോടി രൂപയിൽ അധികം | 1-49 |
| 50 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നഗരസഭയുടെ കുടിശ്ശിക-14,65,01,478/-രൂ | 1-50 |
| 51 | കുടിവെള്ള വിതരണം -സർക്കാർ നിർദ്ദേശമില്ലാതെ കരാറുകാരന് | 1-51 |

| | | |
|---|---|---|
| | തുക നൽകി. | |
| 52 | സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ട്രഷറിയിലേക്ക് തിരികെ അടവാക്കുന്നില്ല | 1-52 |
| 53 | ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ നിയമനം -സർക്കാർ ഉത്തരവ് പ്രകാരം നടത്തേണ്ടതാണ് | 1-53 |
| 54 | വാർഡ് -8,പോട്ടച്ചിറ ബൈലെയിൻ മുല്ലശ്ശേരി ശങ്കരൻകുട്ടി റോഡ്- പഴയ പോസ്റ്റ് ഓഫീസ് റോഡ് ടൈൽ വിരിക്കൽ -ടി.ഡി.എസ് .ഈടാക്കിയിട്ടില്ല. | 1-54 |
| 55 | വി.ആർ.പുരം റോഡ് നിർമ്മാണം -അപാകതകൾ | 1-55 |
| 56 | വാർഡ് 28,തരകൻ ബൈലൈൻ എം.സി.എച്ച് ബൈലൈൻ ,പാലമറ്റത്ത് ബൈലൈൻ പുനരുദ്ധാരണം -നാളിതു വരെ പണിപൂർത്തീകരിച്ചിട്ടില്ല. | 1-56 |
| 57 | വാർഡ് 12- കല ക്ലബ് മുതൽ അതിരപ്പിള്ളി റോഡ് വരെ ചർച്ച് റോഡ് -ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടില്ല. | 1-57 |
| 58 | മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നില്ല | 1-58 |
| 59 | വാർഡ് 7-വ്യാസ സ്കൂൾറോഡ് കാന പുനരുദ്ധാരണം- അധികം തുക ചെലവഴിച്ചു | 1-59 |
| 60 | ടൗൺഹാൾ നിർമ്മാണം -നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-60 |
| 61 | സൗത്ത് ബസ്സ് സ്റ്റാന്റ് നവീകരണം-സമഗ്രമായ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-61 |
| 62 | നോർത്ത് ബസ് സ്റ്റാന്റ് നവീകരണം-കരാർ പ്രകാരമുള്ള പണികൾ പൂർത്തീകരിക്കാതെ പദ്ധതി അവസാനിപ്പിച്ചു | 1-62 |
| 63 | പദ്ധതി പ്രദേശം ശരിയായി വിലയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ് | 1-63 |
| 64 | കന്നുകുട്ടിപരിപാലന പദ്ധതി -എസ്.എൽ.ബി.പി.യിൽ | 1-64 |

| | | |
|---|---|---|
| | അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്. | |
| 65 | കറവപശു വിതരണം (ജനറൽ) പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-65 |
| 66 | ആട് വളർത്തൽ പദ്ധതി (എസ്.സി.)- അപാകതകൾ. | 1-66 |
| 67 | കൃഷി ഫീൽഡ് ഓഫീസർ പദ്ധതി നടപ്പാക്കുന്നതിലെ അവധാനത | 1-67 |
| 68 | സ്കൂൾ ബസ്സിന്റെ ഇന്ധന ചെലവ് മാർഗ്ഗരേഖക്ക് വിരുദ്ധം. | 1-68 |
| 69 | വാങ്ങൽ നടപടികളിൽ ജി.എസ്.ടി. ഈടാക്കി അടവാക്കിയില്ല. | 1-69 |
| 70 | പദ്ധതിയുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-70 |
| 71 | നഗരസഭ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 1-71 |
| 72 | എൻ.യു.എൽ.എം റിവോൾവിംഗ് ഫണ്ട്- ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളും മാർഗ്ഗ നിർദ്ദേശങ്ങളും. | 1-72 |
| 73 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-73 |
| | **ഭാഗം 2** | |
| | വ്യക്തമായ വരവ് നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഇല്ല | |
| | **ഭാഗം 3** | |
| | വ്യക്തമായ ചെലവ് നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഇല്ല | |
| | **ഭാഗം 4** | |
| 74 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 75 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 76 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 77 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 78 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 79 | | 4-6 |

| | | |
|---|---|---|
| | സ്ഥിരനിക്ഷേപങ്ങൾ | |
| 80 | ഓഡിറ്റ് റിക്കവറി | 4-7 |
| 81 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 82 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 83 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 84 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 85 | അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം | |
| 86 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ് / റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച്

ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 16.3.2018 | |
| കൗൺസിൽ തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | 87,22,02,894 | 85,73,80,000 |

പുതുക്കിയ ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 27.02.2019 | |
| കൗൺസിൽ തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | 46,86,31,438 | 46,72,42,352 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|
| 31.7.2019 | 2.8.2019 | 2.11.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 45131021.88 |
| വരവ് | 362607409 |
| ആകെ | 407738430.88 |

| | |
|---|---|
| ചെലവ് | 322344097 |
| നീക്കിയിരിപ്പ് | 85394333.88 |

# 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 345 | 238579056 | 212 | 156335324 | 126 | 7 | 65.53 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 48415038 | 48415038 | 48415038 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 14426000 | 14426000 | 10990325 | 3435675 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 307000 | 307000 | 0 | 307000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 49035000 | 49035000 | 42354419 | 6680581 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 10152000 | 10152000 | 10152000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | 0 | 65477897 | 65477897 | 39507100 | 25970797 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1878231 | 5000000 interest-96194 | 6974425 | 486560 | 2070749 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 4417116 | 4417116 | 4417116 | |

തൊഴിലുറപ്പ് വിഭാഗത്തിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകകളാണ് മേൽകൊടുത്തിട്ടുള്ളത്.ഈ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.തൊഴിലുറപ്പ് പദ്ധതിയുടെ മുന്നിരിപ്പ്-വരവ്-ചെലവ്-നീക്കിയിരിപ്പ് കണക്കുകൾ കൃത്യമായി തയ്യാറാക്കേണ്ടതാണ്.

# 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 101760 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 3411600 | 938 |
| വിധവാ പെൻഷൻ | 25606200 | 6232 |
| വാർദ്ധക്യകാല പെൻഷൻ | 39123600 | 9158 |
| വികലാംഗപെൻഷൻ | 5424100 | 1322 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1423200 | 348 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.2.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 455401/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ബജറ്റ് പ്രകാരമുള്ള വരവു ചെലവും വാർഷികകണക്കിലെ റസീറ്റ് &പെയ്മെന്റ് പത്രിക പ്രകാരമുള്ള തൻവർഷ വരവു ചെലവു തുകകളും തമ്മിൽ വലിയ അന്തരം കാണുന്നു. റിവൈസ്സ് ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് 46.8 കോടി രൂപയാണ്. എന്നാൽ റസീറ്റ് &പെയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് യഥാക്രമം 36.2 കോടിയും 32.2 കോടിയുമാണ്.

2018-19 സാമ്പത്തിക വർഷത്തെ റിവൈസ്സ് ബഡ്ജറ്റിൽ Repairs &Maintanance -Street lightഎന്ന ശീർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക 2000000/-രൂപയാണ്. ഈയിനത്തിൽ ബഡ്ജറ്റ്

പ്രൊവിഷനേക്കാൾ അധികരിച്ച് ചെലവ് നടത്തിയിട്ടുണ്ട്. (വിശദാംശങ്ങൾ ഖണ്ഡിക 1-46 ൽ). പുതിയ വരുമാനസ്രോതസ്സുകളെ സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയോ നഗരസഭാ കൗൺസിലോ അന്വേഷണം നടത്തുകയോ കണ്ടെത്തുകയോ ചെയ്തിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ 2018-19 സാമ്പത്തിക വർഷം വർദ്ധനവു വേണ്ടെന്നാണ് കൗൺസിൽ തിരുമാനമെടുത്തത്. നിലവിലുള്ള വരുമാനങ്ങൾ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും കണക്കുകളും കൃത്യമായി സൂക്ഷിക്കുന്നുമില്ല. വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് കണക്കുകൾ ,അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച രജിസ്റ്റർ തുടങ്ങിയവ കൃത്യമായി തയ്യാറാക്കിയിട്ടില്ല.

ഇരിങ്ങാലക്കുട നഗരസഭയിലെ കെഎസ്ആർടിസി കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി ചാലക്കുടി നഗരസഭയിൽ അടവാക്കാനിടയാകുകയും തെറ്റായി അടവാക്കിയ വസ്തുനികുതി തിരിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഡിമാന്റ് രജിസ്റ്റർ പരിശോധിക്കാതെയാണ് വസ്തുനികുതി രസീത് നൽകുന്നതെന്നും രസീത് ചെയ്യുന്ന വസ്തുനികുതി കൃത്യമായി ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുന്നില്ലെന്നും വ്യക്തമാണ്. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പിഴവായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു.

സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. നിരവധി സ്ഥാപനങ്ങളിൽനിന്നും സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയതായി കാണുന്നില്ല.നഗരസഭയുടെ പ്രധാന വരുമാന ഇനമാകേണ്ട ലൈസൻസ് സംബന്ധിച്ച ബൈലോ പാസാക്കിയിട്ടില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇ ടെണ്ടർ ഫീ തനത്ഫണ്ടിലേക്ക് കൈമാറിയിട്ടില്ല, വർക്കേഴ്സ് വെൽഫെയർഫണ്ട് സെസ്സ് കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല, ഇ.എസ്.ഐ ഡിസ്പെൻസറി വാടക കുടിശ്ശിക-3,54,862/-രൂപ പിരിച്ചെടുത്തിട്ടില്ല. LBS സെന്ററിന്റെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല, ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
സെൻട്രൽ പെൻഷൻ ഫണ്ടിനത്തിൽ ജീവനക്കാരുടെ വിഹിതം 1,89,29,791/-രൂപ കുടിശ്ശികത്തുക അടവാക്കേണ്ടതുണ്ട്. നഗരസഭക്ക് 3,23,91,119/- രൂപ ലഭിക്കുവാനുമുണ്ട് .

നഗരസഭയിലെ മുൻകൂർ രജിസ്റ്റർ പ്രകാരം 31.3.2019 വരെ 24,25,177/-രൂ മുൻകൂർ ക്രമീകരിക്കാനുള്ളതായി കാണുന്നു. നഗരസഭ വക നടുവം കവികൾ സ്മാരക ലൈബ്രറിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്. നഗരസഭയിൽ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല.

ലൈഫ് പദ്ധതിഫയലുകൾ സൂക്ഷിച്ചതിൽ അപാകതകൾ കാണുന്നു. ഗുണഭോക്താക്കൾക്ക് വിവിധ സ്റ്റേജുകളിൽ നൽകിയ ധനസഹായത്തിന്റെ വിവരം ചേർത്ത രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
സൂപ്രണ്ട്, ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതികളുമായി ബന്ധപ്പെട്ട 17,61,125/- രൂപയുടെ ചെലവു രേഖകൾ, പ്രോജക്ട്, ഫയൽ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.
മരാമത്ത് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൈറ്റ് കണ്ടീഷൻ പരിശോധിച്ച് ആയതിനനുസരിച്ച് പ്രവൃത്തികൾ ഉൾപ്പെടുത്താത്തതിനാൽ പലപ്പോഴും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വരുന്നു. ആയതനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നു.മരാമത്ത് പ്രവൃത്തികൾ വൈകുമ്പോൾ പൂർത്തീകരണകാലാവധി ഔദ്യോഗികമായി നീട്ടിനൽകുകയോ, കാലാവധിക്കുള്ളിൽ

പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കുകയോ ചെയ്യുന്നില്ല.
ചെലവ് നടത്തുന്ന തീയതിയിൽ തന്നെ സാംഖ്യയിൽ ചെലവ് രേഖപ്പെടുത്താതെ മറ്റൊരു തീയതിയിലാണ് ചെലവ് രേഖപ്പെടുത്തുന്നത്. സാംഖ്യ നിലവിലുള്ള തദ്ദേശ സ്ഥാപനങ്ങളിൽ മാനുവൽ ക്യാഷ് ബുക്ക് എഴുതേണ്ടതില്ല എന്ന് ഉത്തരവുള്ളതാണെങ്കിലും നഗരസഭ നിലവിലും മാനുവൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ട്.
അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 20.04.2015 to 25.04.2015 | 2012-13,2013-14, 2014-15 | 08.01.2016 |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 25.04.2019 to 16.05.2019 | 2017-18 , 2018-19 | 19.06.2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007)

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 6113922 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101- State govt levies in property tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 291139/- (6113922x5/105) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 287280/- രൂപയാണ് ചേർത്തിട്ടുള്ളത്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും അർദ്ധ വർഷത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള മുനിസിപ്പൽ അക്കൗണ്ട് മാനവൽ 2007 ഖണ്ഡിക 6.59, 10.54, 11.75)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി (ജീവനക്കാർ)

3.2 തൊഴിൽ നികുതി (ട്രേഡേഴ്സ്)

3.3 ഡി&ഒ

3.4 വാടക

3.5 ഭൂമി പാട്ടം

3.6 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ

3.7 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

3.8 ബിൽഡിങ്ങ് പെർമിറ്റ്

3.9 വസ്തു നികുതി

4. അക്രൂവൽ ആയും ക്യാഷായും രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| റെന്റ് ഓൺ ലാന്റ് ആന്റ് ബിൽഡിംഗ് കറന്റ് | 11325527 | 8786880 | 2597555 |
| റെന്റ് ഓൺ ലാന്റ് ആന്റ് ബിൽഡിംഗ് അരിയർ | 1340388 | 1220718 | 19399 |
| വസ്തു നികുതി കറന്റ് | 34242635 | 26623801 | 4880295 |
| വസ്തു നികുതി അരിയർ | 4280346.5 | 5953800 | 1233627.5 |
| മാർക്കറ്റ് വരവ് | 1126600 | 563300 | 0 |
| കംഫർട്ട് സ്റ്റേഷൻ | 77684 | 41684 | 0 |
| ബസ് സ്റ്റാൻഡ് ഫീ | 510600 | 563300 | 0 |
| ഡി ആന്റ് ഒ | 1663795 | 1646623 | 17712 |
| ഡി ആന്റ് ഒ അരിയർ | 24896 | 54210 | 686 |

ഡിമാന്റ് രജിസ്റ്റർ പ്രകാരം

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| റെന്റ് ഓൺ ലാന്റ് ആന്റ് ബിൽഡിംഗ് കറന്റ് | 11325527 | 8686609 | 2638918 |
| റെന്റ് ഓൺ ലാന്റ് ആന്റ് ബിൽഡിങ്ങ് അരിയർ | 1340388 | 1320989 | 19399 |
| വസ്തു നികുതി കറന്റ് | 34242635 | 29594735 | 4647900 |
| വസ്തു നികുതി അരിയർ | 4157546 | 2982866 | 1174680 |
| മാർക്കറ്റ് വരവ് | 1126600 | 1126600 | 0 |
| കംഫർട്ട് സ്റ്റേഷൻ | 96000 | 77684 | 18316 |

| | | | |
|---|---|---|---|
| ബസ് സ്റ്റാൻഡ് ഫീ | 510600 | 510600 | 0 |
| ഡി ആന്റ് ഒ | 1623730 | 1606558 | 17172 |
| ഡി ആന്റ് ഒ അരിയർ | 36346 | 34616 | 1730 |

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2019-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102- Advance collection of revenues- Profession tax/inst/trad/prof | 5890 |
| 2 | ഡി & ഒ | 350410301- Advance collection of revenues- Licence fees for dangerous and offensive trades | 1402423 |
| 3 | വാടക സിവിക് അമനറ്റീസ് | 350410401- advance collection – rent from civic ameneties | 113063 |

6. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തു നികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, കേരള മുനിസിപ്പാലിറ്റീസ് അക്കൗണ്ട്സ് മാനുവൽ 2007 ഖണ്ഡിക 3.7(കെ) പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. എന്നാൽ അക്യുമലേറ്റഡ് ഡിപ്രീസിയേഷനിൽ മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ട്. വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടുണ്ട്.

9. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 608957 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ 108957 രൂപയുടെ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 1672761 രൂപയുടെ ക്ലോസിങ്ങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യ മൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

11. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

12. ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള 31.03.2019ലെ നീക്കിയിരിപ്പ് തുക പ്രത്യേകം എഴുതി തയ്യാറാക്കാത്തതിനാൽ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-12/B-18/B-11/B-14/B-5 പ്രകാരമുള്ള നീക്കിയിരിപ്പുമായി ചേർത്ത് പരിശോധിക്കാനായില്ല.

13. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

14. 31/03/2018ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2019-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.

15. താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള മുനിസിപ്പൽ അക്കൗണ്ട് ചട്ടങ്ങൾ 2007 (ചട്ടം 53))

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | Bank of baroda | ലഭ്യമല്ല | മുഴുവൻ സാമ്പത്തിക വർഷം |

16. താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ തുകക്കുള്ള ചെക്കുകൾ "Liability in respect of stale cheque"എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള മുനിസിപ്പൽ അക്കൗണ്ട് ചട്ടങ്ങൾ (ചട്ടം 45)). ആയത് ക്രമീകരിക്കേണ്ടതാണ്.

| അക്കൗണ്ട് നമ്പർ | അക്കൗണ്ട് | തുക |
|---|---|---|
| 57069043986 | എസ്.ബി.ടി. കറന്റ് അക്കൗണ്ട് | 2135817 |
| 67195701595 | എസ്.ബി.ടി. ഓൺ ഫണ്ട് | 222435 |

17. ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Cheques deposited but not credited" ആയി തുക ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന തുകകളുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

| അക്കൗണ്ട് നമ്പർ | അക്കൗണ്ട് | തുക |
|---|---|---|
| 57069043986 | എസ്.ബി.ടി. കറന്റ് അക്കൗണ്ട് | 2139752 |
| 67195701595 | എസ്.ബി.ടി. ഓൺ ഫണ്ട് | 4408748.06 |

8. താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ 31/03/2019-ലെ റീകൺസീലിയേഷൻ പത്രികയിൽ "Directly debited by bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി തുക കാണുന്നുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് നഗരസഭയുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, നഗരസഭയുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത്1

ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

| അക്കൗണ്ട് നമ്പർ | അക്കൗണ്ട് | തുക |
|---|---|---|
| 57069043986 | എസ്.ബി.ടി. കറന്റ് അക്കൗണ്ട് | 1675343.30 |
| 67195701595 | എസ്.ബി.ടി. ഓൺ ഫണ്ട് | 2973873.86 |
| 723041400000002 | എസ്.ടി.എസ്.ബി.ഓൺ | 1766185 |

19. "Directly credited by bank" എന്ന ഇനത്തിൽ താഴെ പ്രകാരം തുക ചേർത്താണ് ചില അക്കൗണ്ടുകളിലെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| അക്കൗണ്ട് നമ്പർ | അക്കൗണ്ട് | തുക |
|---|---|---|
| 57069043986 | എസ്.ബി.ടി. കറന്റ് അക്കൗണ്ട് | 1979105.72 |
| 67195701595 | എസ്.ബി.ടി. ഓൺ ഫണ്ട് | 5280652.06 |
| 723041400000002 | എസ്.ടി.എസ്.ബി. ഓൺ | 80579 |
| 34260100000902 | ബാങ്ക് ഓഫ് ബറോഡ AUUGS | 8280.5 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് നഗരസഭക്ക് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ് ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2018-19-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

20. സുലേഖ എക്സ്പെൻഡിച്ചർ പത്രിക പ്രകാരം താഴെ കാണിക്കുന്ന ഏജൻസികൾക്ക് ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ഈ തുക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഏജൻസി | സുലേഖ പ്രകാരം | ബി18 പ്രകാരം |
|---|---|---|
| kseb | 2540558 | 1130338 |
| kwa | 1786000 | 75000 |

21. ബി9 ഷെഡ്യൂളിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ബാധ്യതകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

| Head | Item | Amount |
|---|---|---|
| 350400101 | Refund payable property tax | 49390 |

| | | |
|---|---|---|
| 350400104 | Refund payable service cess | 14378 |
| 350400301 | Licence fees | 446761 |
| 350400399 | Other fees | 3220 |
| 350300500 | Grants | 1939022 |
| 350409900 | Others | 88451 |
| 350409909 | Others | 780046 |

22. താഴെ കാണിച്ചിട്ടുള്ള ഗ്രാന്റ് വരവ് തനത് വരവ് (RP4) ശീർഷകത്തിൽ വരവ് വെച്ചിരിക്കുന്നു. ഇത് തനതു വരുമാനത്തിൽ തെറ്റായ വർദ്ധനവിന് ഇടയാക്കി.

| ഇനം | തുക |
|---|---|
| റെസീപ്റ്റ് ഫ്രം ഹോസ്പിറ്റൽസ് ആന്റ് ഡിസ്പൻസറീസ് | 360000/- |

23. റെസീപ്റ്റ് ആന്റ് എക്സ്പെൻഡിച്ചർ (Rp6) flood relief grant 1618480 രൂപയുടെ വരവ് പരിശോധിക്കുന്നതിനായി രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

24. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-20 പ്രകാരം ചേർത്തിരിക്കുന്ന 6737985/- രൂപയുടെ കണക്ക് താഴെ ചേർക്കും പ്രകാരം പുനക്രമീകരിക്കേണ്ടതാണ്.

a. മേൽ തുകയിൽ ഉൾപ്പെടുന്ന 11775/- രൂപ 17-18-ലെ റിഫ്രഷ്മെന്റ് ചിലവാണ്. ആയത് 19-20 വർഷത്തിലെ prior period expenses ആയി ഉൾപ്പെടുത്തേണ്ടതാണ്.

b. മേൽ തുകയിലെ ബാക്കി തുക 6726210/- രൂപ ബിറ്റുമിൻ വാങ്ങലിനായി 17-18-ൽ ചെലവിട്ടതാണ്. ബിറ്റുമിൻ ബാക്കി ഉണ്ടെങ്കിൽ ആയതിന്റെ വില ക്ലോസിങ്ങ് സ്റ്റോക്കിലേക്ക് മാറ്റേണ്ടതാണ്. ഉപയോഗിച്ചു തീർന്നിട്ടുള്ള പക്ഷം 19-20 വർഷത്തിലെ prior period expenses ആയി ചേർക്കേണ്ടതാണ്.

25. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-1ൽ 310100100-General fund, 310900100- Excess of income over expenditure എന്നിവയുടെ 31-03-2018ലെ നീക്കിയിരിപ്പല്ല 01-04-2018-ലെ മുന്നിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ശീർഷകം | 31.03.2018ലെ B/S CB | 2018-19ലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് |
|---|---|---|---|
| 1 | 310100100 – General fund | -109213.67 | 36636283.62 |
| 2 | 310900100- Excess of income over expenditure | 224171953.80 | 187426456.51 |

# 1-12 തൊഴിൽനികുതി -അപാകതകൾ

തൊഴിൽനികുതി സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

i) കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) നിയമം, 1994 സെക്ഷൻ 245, കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടം 2005, ചട്ടം (3), (4), (10), (11) പ്രകാരം നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന സെയിൽസ് ടാക്സ് വകുപ്പിൽ രജിസ്റ്റർ ചെയ്തതും അർദ്ധവാർഷിക വരുമാനം 30000/- രൂപയിൽ കുറയാത്ത സെയിൽസ് ടാക്സ് വകുപ്പിൽ രജിസ്റ്റർ ചെയ്യാത്തതും ആയ എല്ലാസ്ഥാപനങ്ങളിൽനിന്നും അർദ്ധവാർഷിക

തൊഴിൽനികുതിയായി 1250/-രൂപവീതം ഈടാക്കേണ്ടതാണ്. നഗരസഭയിലെ എല്ലാ കച്ചവടസ്ഥാപനങ്ങളും നികുതി നിർണ്ണയത്തിന് വിധേയമായിട്ടുണ്ടോ എന്ന് നഗരസഭ ഉറപ്പാക്കേണ്ടതാണ്. മുൻകാലങ്ങളിൽ നികുതി തരാത്ത സ്ഥാപനങ്ങളിൽനിന്ന് ഈടാക്കേണ്ട കുടിശ്ശിക തുക കണക്കാക്കുവാൻ സഹായിക്കുന്ന രേഖകൾ നഗരസഭയിൽ ലഭ്യമല്ല.

ii)നഗരസഭ പരിധിക്കുള്ളിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ 64 ,15/02/2020)

കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി റൂൾസ് - റൂൾ - 3 (2) പ്രകാരം നഗരസഭ പരിധിക്കുള്ളിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

iii)സ്ഥാപനതൊഴിൽനികുതി അടവാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

iv)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | PMG College Potta | 2 |
| 2 | HDFC Securities Ltd | 1&2 |
| 3 | HDFC Standard Life Insurance | 2 |
| 4 | South Indian Bank | 1 |
| 5 | Harshavardhana restaurant | 1 |
| 6 | INDOT | 1 |
| 7 | Johns Biwheelers | 2 |
| 8 | Chalakudy service co operative Bank Ltd R-192 | 1 |
| 9 | Ainikal Fuels | 1&2 |
| 10 | Pee Cee hardware | 1&2 |
| 11 | Shalom Hospital | 1&2 |

v)നഗരസഭയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ICICI Bank | 1&2 |
| 2 | Indian Bank | 2 |
| 3 | IDBI | 2 |
| 4 | Axis Bank | 1 |
| 5 | Oriental Bank | 2 |
| 6 | Reliance super market | 1&2 |
| 7 | Thoppil Gold supermarket | 1&2 |
| 8 | Josons hardware | 1&2 |
| 9 | ESAF small finance Bank | 1&2 |
| 10 | Chemmannur credit investment | 1&2 |
| 11 | United Kuries | 1&2 |
| 12 | Muthoot fincorp | 1&2 |
| 13 | Mahindra and Mahindra financial services | 1&2 |
| 14 | Elinjipra agricultural society | 1&2 |

| | | |
|---|---|---|
| 15 | Vijaya Bank | 1&2 |
| 16 | Dena Bank | 1&2 |
| 17 | West Chalakudy Co Operative society | 1&2 |
| 18 | Catholic syrian bank | 2 |
| 19 | Axis Bank | 1 |
| 20 | Indus INd Bank | 2 |
| 21 | Oriental Bank | 2 |
| 22 | Max value credits and investments | 1&2 |
| 23 | Supplyco Chakkalmattath tower | 1&2 |
| 24 | Irinjalakuda Town co operative Bank | 1&2 |
| 25 | IDBI Bank | 2 |
| 26 | Chalakudy regional service co operative society R-1331 | 1&2 |
| 27 | Hotel paradise | 1 |
| 28 | Federal Bank | 2 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 56/14-02-2020) മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നതായി മറുപടി നൽകിയിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം 2682 സ്ഥാപനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നഗരസഭയുടെ കീഴിലുള്ള 3719 വാണിജ്യ സ്ഥാപനങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ആയത് നാളിതുവരെ തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുവാനോ നിയമനടപടി സ്വീകരിക്കാനോ കഴിയുന്നില്ല. ഡി&ഒ ലൈസൻസ് സംബന്ധിച്ച ബൈലോ നഗരസഭ പാസാക്കിയിട്ടില്ല. നഗരസഭയുടെ പ്രധാന വരുമാന ഇനമാകേണ്ട ലൈസൻസ് സംബന്ധിച്ച ബൈലോ പാസാക്കുന്നതിനും, നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭക്ക് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാതിരിക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ വ്യാപാര സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥരും, ഭരണസമിതിയും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 1-14 ഇ -ടെണ്ടർ ഫീ തനത്ഫണ്ടിലേക്ക് കൈമാറിയിട്ടില്ല

2018-19 സാമ്പത്തികവർഷം ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച 3,20,400/- രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നഗരസഭയുടെ തനത്ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ( ഓഡിറ്റ് അന്വേഷണം നമ്പർ 44/13-02-2020). ഈ തുക തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വർക്കേഴ്സ് വെൽഫെയർഫണ്ട് സെസ്സ് - കളക്ഷൻചാർജ് ഈടാക്കിയിട്ടില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(2) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി ഈ ഇനത്തിൽ ഈടാക്കിയ തുക 7,49,749/- രൂപയാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 44/13-02-2020). ഈ തുകയുടെ ഒരു ശതമാനം ആയ 7497 രൂപ കളക്ഷൻ ചാർജ് ഇനത്തിൽ നഗരസഭയുടെ തനത് വരുമാനമാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-16 ഇ.എസ്.ഐ ഡിസ്പെൻസറി വാടക കുടിശ്ശിക-3,54,862/-രൂപ പിരിച്ചെടുത്തിട്ടില്ല.

ഫയൽ നം – R4 -855/89

നഗരസഭയുടെ കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്ന ഇ.എസ്.ഐ ഡിസ്പെൻസറിയുടെ വാടക കെട്ടിടം പുതുക്കി പണിതതിനെ തുടർന്ന് ആഗസ്റ്റ് 2018 മുതൽ 828 രൂപയിൽ നിന്ന് 15000 രൂപ ആക്കി വർദ്ധിപ്പിച്ചു. തുടർന്ന് സ്ഥാപനം വാടക അടവാക്കിയില്ല. ജൂലൈ 2018 മുതൽ ജനുവരി 2020 വരെയുള്ള വാടക (കുടിശ്ശിക അടക്കം) 354862 രൂപ ആണ്. സ്ഥാപനം കെട്ടിടത്തിൽ നിന്ന് ഒഴിഞ്ഞിട്ടുണ്ട്. വാടക കുടിശ്ശിക അടവാക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും സ്ഥാപനം കുടിശ്ശിക അടവാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 LBS സെന്ററിന്റെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഫയൽ നം – R4 -10093/08

ടൗൺഹാൾ ഷോപ്പിങ്ങ് കോംപ്ലക്സിൽ 5-ാം നിലയിലെ 1500 സ്ക്വയർഫീറ്റ് വരുന്ന ഹാൾ 1.4.2010 മുതൽ 3 വർഷത്തേക്ക് വാടക ഇല്ലാതെ സർക്കാർ അനുമതിയോടെ LBS centre for science and Technology ക്ക് അനുവദിക്കുകയും 30.7.2016 ലെ കൗൺസിലിന്റെ 4-ാം നമ്പർ തീരുമാന പ്രകാരം 1.4.2016 മുതൽ വാടക ഈടാക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. പി.ഡബ്ളിയു.ഡി നിരക്ക് നിശ്ചയിച്ചു കിട്ടാത്തതിനാൽ തൊട്ടടുത്ത് പ്രവർത്തിക്കുന്ന സെന്റ് പോൾസ് കോളേജ് എന്ന സ്ഥാപനത്തിന്റെ വാടകക്ക് തുല്യമായ വാടക നിശ്ചയിച്ചു (6800/-രൂപ). എന്നാൽ വാടക കുടിശ്ശിക നാളിതു വരെ അടവാക്കിയിട്ടില്ല. അവസാനമായി 15.10.2019 ൽ സ്ഥാപനത്തിന് അറിയിപ്പ് നൽകിയിട്ടുണ്ട്. വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഡിമാന്റ്, രജിസ്റ്ററിൽ ചേർത്തിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും സ്ഥാപനത്തിന്റെ ഡിമാന്റ്, രജിസ്റ്ററിൽ ചേർത്ത് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 ബസ്സ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ളക്സ് വളരെ കുറഞ്ഞ വാടകയും ഡെപ്പോസിറ്റും ഈടാക്കുന്നു.

നഗരസഭ വക ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വാടക, ഡെപ്പോസിറ്റ് എന്നിവ പരിശോധിച്ചതിൽ വളരെ കുറഞ്ഞ വാടകയും ഡെപ്പോസിറ്റുമാണ് പ്രസ്തുത കടമുറികൾക്ക് ഈടാക്കി വരുന്നത് എന്ന് കണ്ടു. നഗരസഭ കെട്ടിടവാടകയ്ക്ക് ബൈലോ തയ്യാറാക്കിയിട്ടില്ല. കാലാകാലങ്ങളിൽ കൗൺസിൽ തീരുമാനിക്കുന്ന നിരക്കിലാണ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത്. 1990 കളിൽ അടവാക്കിയ ഡെപ്പോസിറ്റ് തുകയിൽ മാറ്റം വരുത്താതെയാണ് ഇപ്പോഴും തുടരുന്നത്. ഉദാ. S17 എന്ന മുറിയുടെ ഡെപ്പോസിറ്റ്, രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് 720രൂപ ആണ്. വാടക 632 രൂപയും ആണ്. മറ്റ് കടമുറികളുടെ വാടകയും ഏകദേശം ഇതേ നിരക്കിൽ തന്നെയാണ് ഈടാക്കി വരുന്നത്. 500 നും 1200നും ഇടയിലാണ് വാടക ഈടാക്കി വരുന്നത്. 1990 ലാണ് പ്രസ്തുത ഷോപ്പിങ്ങ് കോംപ്ലക്സ് വാടകക്ക് നൽകി തുടങ്ങിയത്. നിലവിലെ വാടക പരിശോധിക്കുമ്പോൾ കാലാനുസൃതമായ വാടക വർദ്ധനവ് വരുത്തിയിട്ടില്ല എന്നത് വ്യക്തമാണ്. നഗരത്തിന്റെ ഏറ്റവും തിരക്കേറിയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ബസ്സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വാടക ഇത്ര തുച്ഛമായ രീതിയിൽ ഈടാക്കി വരുന്നത് ഖേദകരമാണ്. ബജറ്റ് ചർച്ചകൾ പരിശോധിച്ചതിൽ വരുമാനം വർദ്ധിപ്പിക്കുന്ന നടപടികളോട് കൗൺസിൽ വിമുഖത കാണിക്കുന്ന പ്രവണതയാണ് കാണാൻ കഴിഞ്ഞത്. ഇത്തരം സമീപനങ്ങൾ വളരെ അധികം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നഗരസഭയുടെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതല്ല. ആയതിനാൽ നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പ്രളയം മൂലം വാടക ഇളവ് അനുവദിച്ചത്- സർക്കാർ സാധൂകരണം ലഭ്യമാക്കിയില്ല.

ഫയൽ നം – R4-17702/18

നഗരസഭാ കൗൺസിലിന്റെ 30.8.2018 ലെ 2-ാം നമ്പർ തീരുമാന പ്രകാരം 3 മാസത്തേക്ക് പ്രളയം ബാധിച്ച് നഷ്ടം സംഭവിച്ച വാടകക്കാർക്ക് വാടക ഇളവ് നൽകുവാൻ തീരുമാനിച്ചു. 242 പേർക്ക് 1392616 /-രൂപ ഇളവ് നൽകുവാനാണ് തീരുമാനിച്ചത്. സർക്കാർ അനുമതിക്കായി 14.11.2018 ൽ കത്ത് എഴുതിയിട്ടുണ്ട്. വാടകക്കാർ പ്രസ്തുത തുക അടവാക്കിയിട്ടില്ല. ഇതിനെതിരെ സെക്രട്ടറി (3 മാസത്തേക്ക് നൽകിയതിനെതിരെ) വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. വിയോജനക്കുറിപ്പിന്റെ വിവരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും, കരാറുകാർക്കും കിസ്ത് ഇളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം 10000 രൂപയിൽ കൂടുതൽ ഇളവ് അനുവദിക്കുന്ന സംഗതിയിൽ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതാണ്. ആയതിനാൽ ഈ വിഷയത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 കെട്ടിട വാടക -കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല/കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല.

1.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

നഗരസഭയിൽ വാടകക്ക് നൽകുന്ന 496 കടമുറികൾ ഉണ്ട്. എന്നാൽ ഇവയുടെ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ പരിശോധിക്കാനായില്ല. ഫയൽ നം R4-855/89, R4-10093/08 എന്നിവ പ്രകാരം യഥാക്രമം ഇ.എസ്.ഐ, എൽ .ബി.എസ് സെന്റർ എന്നിവക്ക് വാടക കുടിശ്ശിക ഉണ്ടെങ്കിലും അവയുടെ വാടക കുടിശ്ശിക വിവരം ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

2.വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല..

വാടക കുടിശ്ശിക സംബന്ധിച്ച എൻക്വയറിക്ക് (നമ്പർ-1/ 5.2.2020 ) മറുപടിയായി ഹാജരാക്കിയ വിശദാംശം താഴെ ചേർക്കുന്നു.

i).ബസ്സ്സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സ്..

| ക്രമ നം. | വാടകക്കാരന്റെ പേര് | വാടക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | ബിജു | 780 | 7/18 മുതൽ |
| 2 | വി.കെ.ജോർജ്ജ് | 641 | 8/18 മുതൽ |
| 3 | വി.കെ.കരുണാകരൻ | 1276 | 2/19 മുതൽ |
| 4 | പി.ജി.ഉദയൻ | 632 | 12/18 മുതൽ |
| 5 | കെ.വസന്തൻ | 1120 | 4/18 മുതൽ |
| 6 | പി.കെ.ടോമി | 862 | 10/18 മുതൽ |
| 7 | ജയ ജൂലിയസ് | 1401 | 4/18 മുതൽ |
| 8 | ഷാലി ജോസ് | 1464 | 6/16 മുതൽ |
| 9 | ഹോർട്ടികോപ്പ് | 3675 | 4/18 മുതൽ |
| 10 | ശ്യാം സുധാകരൻ | 1754 | 12/18 മുതൽ |
| 11 | ടിജു തോമസ് | 1575 | 4/18 മുതൽ |
| 12 | ഗിരിജാ വല്ലഭൻ | 105 | 9/17 മുതൽ |
| 13 | ഷിബു &ഷോജു | 4095 | 8/17 മുതൽ |
| 14 | ബാബു | 3000 | 2/19 മുതൽ |
| 15 | ബാബു | 1500 | 2/19 മുതൽ |

ii). ജൂബിലി ബിൽഡിങ്ങ്

| ക്രമ നം. | വാടകക്കാരന്റെ പേര് | വാടക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | ഹരിലാൽ | 3150 | 12/18 മുതൽ |
| 2 | പി.കെ.മനോജ് | 2310 | 6/18 മുതൽ |
| 3 | കെ.സി.വേണു | 2310 | 6/18 മുതൽ |
| 4 | അഡ്വ.സജി റാഫേൽ | 1444 | 12/18 മുതൽ |
| 5 | ,, ,, | 1448 | 7/18 മുതൽ |
| 6 | ബ്രൂഡി പുതിയേടൻ | 1733 | 1/19മുതൽ |
| 7 | അഡ്വ.പ്രിയ മോൾ | 4620 | 2/19 മുതൽ |
| 8 | തമ്പി വർഗ്ഗീസ് | 2328 | 6/16 മുതൽ |
| 9 | കെ.പി.ജയപ്രകാശൻ | 578 | കാലയളവ് ലഭ്യമാക്കിയില്ല. |

iii).ടൗൺ ഹാൾ ബിൽഡിങ്ങ്

| ക്രമ നം. | വാടകക്കാരന്റെ പേര് | വാടക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | ഷാനവാസ് | 32541 | 9/18 മുതൽ |

iv)മാർക്കറ്റ്

| ക്രമ നം. | വാടകക്കാരന്റെ പേര് | വാടക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | റോസിലി വിൽസൻ | 946 | 7/18 മുതൽ |
| 2 | ടി.പി.ജോണി | 1733 | 8/18 മുതൽ |
| 3 | സുബ്രൻ കൂട്ടാല | 1733 | 2/19 മുതൽ |
| 4 | സി.കെ.ജോണി | 504 | 12/18 മുതൽ |
| 5 | പോളി | 550 | കാലയളവ് ലഭ്യമാക്കിയില്ല. |

കുടിശ്ശിക തുക പിരിച്ചെടുക്കേണ്ടതിലേക്കും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതിലേക്കും അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 കോടതിവിധി നടപ്പാക്കുന്നതിൽ നഗരസഭയ്ക്ക് അലംഭാവം

നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് നം.ജി1-8853/01 തി 12/3/19 പ്രകാരം ചാലക്കുടി നഗരസഭ കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ നം.474/475,480/4 എന്നിവ ഉൾപ്പെട്ട സ്ഥലത്ത് ബി.എ 364/05-06 പ്രകാരം ശ്രീ.കെ.കെ ജോൺ, കാവുങ്ങൽ ഹൗസ്, ചാലക്കുടി എന്നവർക്ക് ഒക്യുപൻസി അനുവദിച്ചിട്ടുള്ളതും, വാണിജ്യാവശ്യത്തിലുള്ളതും നിലവിൽ നവരത്ന സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നതുമായ കെട്ടിടത്തിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗങ്ങൾ പൊളിച്ചു നീക്കുന്നതിന് 26.10.2016 ലെ ബഹു. ട്രൈബ്യൂണലിന്റെ എപിസി 4/13 വിധി പരാമർശിച്ച്, മുനിസിപ്പാലിറ്റി എഞ്ചിനിയറെ സെക്രട്ടറി ചുമതലപ്പെടുത്തിയതായി കാണുന്നു. 12/03/2019 ലെ ഉത്തരവിന്മേൽ നാളിതു വരെയായി യാതൊരു നടപടികളും എടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 62/14.2.20 നൽകി. ഈ സ്ഥാപനം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനാൽ പൊളിച്ചു നീക്കാൻ സാധ്യമല്ലായെന്നാണ് മറുപടി നൽകിയത്. ഇതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചപ്പോൾ മൊത്തം 3344.81 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ കാർപാർക്കിങ്ങിനുള്ള (804 ച.മീ വിസ്തീർണ്ണമുള്ളത്) സ്ഥലം ഓഫീസിനായി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. എന്നാൽ ഓഫീസിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിനോ അല്ലാത്തപക്ഷം അനധികൃത നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനോ നഗരസഭ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. നാലാം നില അനധികൃതമായി നിർമ്മാണം നടത്തി ടോയ്‌ലറ്റായി ഉപയോഗിക്കുന്നതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാലാം നില കൂടി കണക്കിലെടുക്കുമ്പോൾ കെട്ടിടത്തിന്റ ഉയരം കെ.എം.ബി.ആർ ചട്ടങ്ങൾ പാലിക്കുന്നില്ലായെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ബഹുമാനപ്പെട്ട

ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 1-22 സർക്കാർ ഉത്തരവിന് മുൻപുള്ള തിയതിയിലെ പെർമിറ്റിന് റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള ജി.എസ്.ടി. ഒഴിവാക്കി നൽകി-സമയബന്ധിതമായി ജി.എസ്.ടി ഈടാക്കാത്തതു മൂലം സർക്കാരിന് നഷ്ടം

ചാലക്കുടി നഗരസഭ സെക്രട്ടറിയുടെ നടപടി ക്രമം : ഇ1/10067/17 തി.12/9/18, നടപടിക്രമം: ഇ1/8966/17 തിയതി.12/8/18 എന്നിവ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ഒ.എഫ്.സി (ഒപ്റ്റിക്കൽ ഫൈബർ കേബിൾ) സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോകമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട്. 8.05 കി.മീ. നീളത്തിൽ ഒ.എഫ്.സി. (ഒപ്റ്റിക്കൽ ഫൈബർ കേബിൾ) സ്ഥാപിക്കുന്നതിന് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 3,78,00,144/- രൂപയും, ജി.എസ്.ടി. ഇനത്തിൽ 68,04,026/- രൂപയും ആണ് നഗരസഭ ഡിമാന്റായി ജിയോ കമ്പനിക്ക് നൽകിയത്. അതുപോലെ 400 മീ. നീളത്തിൽ ഒ.എഫ്.സി. (ഒപ്റ്റിക്കൽ ഫൈബർ കേബിൾ) സ്ഥാപിക്കുന്നതിന് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 18,78,268/- രൂപയും, ജി.എസ്.ടി. ചാർജ്ജിനത്തിൽ 3,38,088/- രൂപയുമാണ് നഗരസഭ ഡിമാന്റ് ചെയ്തിട്ടുള്ളത്. റിലയൻസ് ജിയോ 8.45 km (8.05+400 m) നീളത്തിൽ ഒ.എഫ്.സി. സ്ഥാപിക്കുന്നതിനുള്ള റോഡ് റെസ്റ്റോറേഷൻ ചാർജ്ജിനത്തിലുള്ള തുക യഥാക്രമം 3,78,00,144/- രൂപയും, 18,78,268/- രൂപയും മാത്രമാണ് അടവാക്കിയത്. ജി.എസ്.ടി. ഇനത്തിൽ വരുന്ന 71,42,144/- രൂപ അടയ്ക്കുന്നതിനു പകരം ഐ.സി.ഐ.സി.ഐ. ബാങ്കിൽ നിന്നുള്ള, ബാങ്ക് ഗ്യാരണ്ടി നം. 0541BGR0177319 തി.14.08.18 (3,38,088/- രൂപയുടെ) ഗ്യാരണ്ടി നം. 0541BGR0177019 തി.14.8.18 (68,04,026/- രൂപയുടെ), ബാങ്ക് ഗ്യാരണ്ടികൾ മാത്രം സമർപ്പിക്കുകയും ചെയ്തു. ബാങ്ക് ഗ്യാരണ്ടികൾ സമർപ്പിക്കുന്നതിന് ജിയോ നഗരസഭയ്ക്ക് നൽകിയ അപേക്ഷയിൽ ജി.എസ്.ടി. ഇനത്തിലുള്ള തുക ജി.എസ്.ടി യിലെ reverse charge mechanism വഴി നേരിട്ട് അടയ്ക്കാമെന്നും ആയത് അടവാക്കിയ വിവരം നഗരസഭയെ അറിയിക്കാമെന്നും വിവരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ ബാങ്ക് ഗ്യാരണ്ടി മാത്രം സ്വീകരിക്കുകയും ചെയ്തു.

പെർമിറ്റ് അനുവദിച്ച് ഒരു വർഷത്തിനു ശേഷം സ.ഉ.നം.2701/18/ത.സ്വ.ഭ.വ. 22/10/18 ഉത്തരവു പ്രകാരം Road restoration ഇനത്തിൽ ജി.എസ്.ടി അടവാക്കേണ്ടതില്ലായെന്ന് ചൂണ്ടിക്കാണിച്ച് റിലയൻസ് ജിയോ അപേക്ഷ (നം.ഇ1/24135/19 തി.20.08.19) നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29/8/19 തിയ്യതിയിലെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം (8) പ്രകാരം ബാങ്ക് ഗ്യാരണ്ടി തിരികെ നൽകുന്നതിന് തീരുമാനമെടുത്ത്, പ്രസ്തുത ബാങ്ക് ഗ്യാരണ്ടികൾ റിലയൻസ് ജിയോയ്ക്ക് തിരികെ നൽകുകയും ചെയ്തു.

സ.ഉ.നം. 2701/18/ത.സ്വ.ഭ.വ. 22/10/18-ാം തിയ്യതിയിലെ ഉത്തരവിന് മുൻകാല പ്രാബല്യം ഉള്ളതായി കാണുന്നില്ല. റിലയൻസ് ജിയോയ്ക്ക് 12/8/18, 12/9/18 എന്നീ തിയ്യതികളിലാണ് ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. Reverse charge mechanism വഴി ജി.എസ്.ടി അടവാക്കിയത് ഉറപ്പു വരുത്താതെയാണ് നഗരസഭ ബാങ്ക് ഗ്യാരണ്ടികൾ തിരികെ നൽകിയത്. ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അനുമതി നൽകുമ്പോൾ തന്നെ ജി.എസ്.ടി ഇനത്തിൽ വരുന്ന തുക 71,42,144/- രൂപ ഈടാക്കിയിരുന്നെങ്കിൽ സർക്കാരിന് ലഭ്യമാകുന്ന തുക നഷ്ടപ്പെടില്ലായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നഗരസഭ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-23 ബിൽഡിങ്ങ് പെർമിറ്റ് നൽകിയതിലെ അപാകതകൾ

**1.ചട്ടപ്രകാരമുള്ള നിരാക്ഷേപ പത്രങ്ങൾ വാങ്ങി മാത്രം പെർമിറ്റ് അനുവദിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്**

കെ.എം.ബി.ആർ 99 റൂൾ 56(3ജെ)പ്രകാരം കെട്ടിടത്തിന്റെ അടിത്തറ വിസ്തീർണ്ണം 1000 ച.മീ അധികരിക്കുന്നതോ അല്ലെങ്കിൽ ഉയരം 15 മീറ്ററിൽ അധികരിക്കുന്നതോ ആയ കെട്ടിടങ്ങൾക്ക് അഗ്നിശമന സേനാ ഡയറക്ടർ/ചുമതലപ്പെടുത്തിയ വ്യക്തി എന്നവരിൽ നിന്നും നിരാക്ഷേപപത്രം ആവശ്യമാണ്. എന്നാൽ താഴെ പറയുന്ന നഗരസഭ അനുവദിച്ചിട്ടുള്ള കെട്ടിട നിർമ്മാണാനുമതികളിൽ ഇത്തരത്തിലുള്ള നിരാക്ഷേപപത്രം ഉള്ളതായി കാണുന്നില്ല

| ക്രമ നം. | പെർമിറ്റ് നം | വിസ്തൃതി(ച.മീ) | വിഭാഗം |
|---|---|---|---|
| 1 | ഇ3-ബിഎ(42232)/19 തി 1/2/19 | 1844.95 | എഫ് |
| 2 | ഇ2-റ്റിബിഎ(61133)/19 തി 20/3/19 | 1284.1 | എഫ് |
| 3 | ഇ2/10637/18 തി 5/9/18 | 374.1 | ഐ1 |

ക്രമ നം 3. പ്രകാരമുള്ള കെട്ടിടം ഐ1 വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ഐ1 വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാ കെട്ടിടങ്ങൾക്കും ഫയർ എൻ.ഒ.സി ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് 46/12.2.20, 9/9.2.20, 18/10.2.20 എന്നീ ഓഡിറ്റ് എൻക്വയറികൾ നൽകി. ഇത്തരം കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി ആവശ്യമില്ലായെന്നാണ് മറുപടി നൽകിയത്. ചട്ടപ്രകാരമുള്ള നിരാക്ഷേപപത്രങ്ങൾ വാങ്ങി മാത്രം കെട്ടിടനിർമ്മാണാനുമതി അനുവദിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

2.**നഗരസഭയുടെ സ്റ്റേഡിയം നിർമ്മാണം നിറുത്തി വയ്ക്കേണ്ടതാണ്**

അപേക്ഷ നം.ഇ3/4198/19 തി 28/2/19 പ്രകാരം നഗരസഭ സെക്രട്ടറി സ്റ്റേഡിയം നിർമ്മാണത്തിനുള്ള അനുമതിയ്ക്കായ് നഗരസഭയിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഫയലിൽ ഫയർ എൻ.ഒ.സി, കൈവശാവകാശ സാക്ഷ്യപത്രം, ആധാരം, നികുതി അടവാക്കിയ രശീതി എന്നിവയില്ല. നഞ്ച ഭൂമിയുടെ തരം മാറ്റുന്നതിനായി സർക്കാരിലേക്ക് കത്തയച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ സർക്കാരിൽ നിന്നും ഭൂമി തരം മാറ്റി ലഭിച്ചിട്ടില്ല.

സ്റ്റേഡിയം നിർമ്മാണത്തിന് നഗരസഭ അനുമതി നൽകിയിട്ടില്ല. എന്നാൽ സ്റ്റേഡിയം നിർമ്മാണം എറ്റെടുത്തിട്ടുള്ള കിറ്റ്കോ പണി ആരംഭിച്ചതായി ഓഡിറ്റിന് ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 47/12.2.20 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അനുമതി നൽകാത്ത സാഹചര്യത്തിൽ സ്റ്റേഡിയം നിർമ്മാണപ്രവർത്തനങ്ങൾ നിറുത്തി വയ്ക്കേണ്ടതാണ്.

# 1-24 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1.) 2018-19 സാമ്പത്തിക വർഷത്തിൽ 234314/- രൂപയുടെ ലേലങ്ങൾ നടന്നിട്ടുണ്ട്. ഈ ലേലങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2.) 20, 21 വാർഡുകളിലെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഫയലുകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3.) 2018-19 സാമ്പത്തിക വർഷത്തിൽ യു.എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഫയലുകൾ, നിലവിൽ യു.എ നമ്പറുള്ള 2018-19 സാമ്പത്തിക വർഷത്തിൽ ക്രമവത്ക്കരിച്ച് നൽകിയ കെട്ടിടങ്ങളുടെ ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 60/14.2.20, 22/9.2.20 എന്നിവക്ക് മറുപടി ലഭിച്ചിട്ടില്ല. ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 ലൈസൻസില്ലാതെ അനധികൃതമായി സ്ഥാപനം പ്രവർത്തിക്കുന്നു

നഗരസഭയുടെ വാർഡ് XX – 965, 965A, 965B, 966, 967 എന്നീ കെട്ടിടമുറികളിൽ പ്രവർത്തിക്കുന്ന നവരത്ന സൂപ്പർമാർക്കറ്റിന് 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിരുന്നു. എന്നാൽ ടി സ്ഥാപനത്തിൽ അനധികൃതനിർമ്മാണം നടന്നതായും മനുഷ്യജീവനുൾപ്പെടെ ഹാനിവരാൻ സാധ്യതയുള്ള അനധികൃത കെട്ടിടമായി ടി സ്ഥാപനം നിലനിൽക്കുന്നതായും കാണുന്നു (ഫയൽ നമ്പർ H2/4275/19). 2019-20 സാമ്പത്തികവർഷത്തിൽ ടി സ്ഥാപനം ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് (ഓഡിറ്റ് അന്വേഷണം നമ്പർ 61 ,14/02/2020). ടി കെട്ടിടത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനോ അനധികൃതനിർമ്മാണം പൊളിച്ചുനീക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ തയ്യാറായിട്ടില്ല. ഈ വിഷയത്തിലേക്ക് നഗരസഭയുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

## 1-26 വസ്തു നികുതി -വസ്തുനികുതി കുടിശ്ശിക പൊതു അപാകതകൾ

a)**<u>വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക കൃത്യമാക്കേണ്ടതാണ്</u>**

ഓരോ സാമ്പത്തിക വർഷത്തിലും ഓരോ വാർഡിന്റെയും ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ ഡിമാന്റ് രജിസ്റ്ററിൽ എഴുതി ആയത് സാക്ഷ്യപ്പെടുത്തലുകൾ വരുത്തി ആധികാരികമായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഒരു വാർഡിന്റെ പോലും ഡിമാന്റ് രജിസ്റ്റർ ആധികാരികമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആകെ 61,13,922/- രൂപയാണ് വസ്തുനികുതി കുടിശ്ശിക. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ആധികാരികമായി സൂക്ഷിക്കാത്താതിനാൽ കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആയതിനാൽ ഓരോ സാമ്പത്തിക വർഷവും വസ്തുനികുതിയുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സ്ഥാപനതലവൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

b)**<u>വസ്തുനികുതി പരിഷ്കരണം പൂർണ്ണമായി നടപ്പിലാക്കേണ്ടതാണ്</u>**

നഗരസഭയിൽ വസ്തുനികുതി പരിഷ്കരണം പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. 01/04/2013 ന് മുമ്പുള്ള, 185 ച.മീറ്ററിന് മുകളിലുള്ള വീടുകൾക്ക് 25% വർദ്ധനവോ, വാണിജ്യ കെട്ടിടങ്ങൾക്ക് 100% വർദ്ധനവോ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. പൂർണ്ണമായി വസ്തുനികുതി പരിഷ്കരണം നടപ്പാക്കിയാൽ ഉണ്ടാകുന്ന കുടിശ്ശിക, ഇപ്പോഴുള്ള

വസ്തുനികുതി കുടിശ്ശികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വസ്തുനികുതി കുടിശ്ശിക ആധികാരികമായി കണക്കാക്കേണ്ടതും, ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

**c)2018-19 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല**

2018-19 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിട നം XXI/1161, XXI/1161A, XXI/1162, XXI/1162A, XXI/1163, XXI/1163A എന്നീ കെട്ടിടങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ കെട്ടിങ്ങളുടെയെല്ലാം വസ്തുനികുതി 1,41,718/-രൂപയാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ഈ കെട്ടിങ്ങളുടെയെല്ലാം വസ്തുനികുതി കുടിശ്ശികയാണ്. ഇതിൽ നിന്നും നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക കൃത്യമല്ലായെന്ന് വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 63/14.2.20 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കി ആധികാരികമായി സൂക്ഷിക്കാത്തതും ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ ഇത്തരത്തിൽ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താത്ത കെട്ടിടങ്ങൾ ഉൾപ്പെടുത്തി വസ്തുനികുതി കുടിശ്ശിക കൃത്യമാക്കേണ്ടതാണ്.

**d).വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്**

2018-19 സാമ്പത്തിക വർഷം വരെ നഗരസഭയുടെ വസ്തുനികുതി കുടിശ്ശിക വാർഷിക ധനകാര്യ പത്രിക പ്രകാരം 61,13,922/-രൂപയാണ്. 22 മൊബൈൽ ടവറുകളുടെ കുടിശ്ശിക മാത്രം 31,80,436 രൂപയും, പിഴപ്പലിശയും ഉള്ളതായി നഗരസഭയുടെ 15/1/20 തിയതിയിലെ ഡിമാന്റ് നോട്ടീസ് നം. R2-3428/14 പ്രകാരം കാണുന്നു. വസ്തുനികുതി കുടിശ്ശിക കൃത്യമായി കണക്കാക്കി ആയത് ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**e)നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി മൂന്നിരട്ടിയായി ഈടാക്കുന്നില്ല**

യു.എ നമ്പർ രജിസ്റ്റർ പ്രകാരം യു.എ xiv/145B കെട്ടിടത്തിന് 2010-11 സാമ്പത്തിക വർഷം മുതൽ 36060 രൂപ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. 2014-15, 2015-16 സാമ്പത്തിക വർഷത്തിലെ വസ്തുനികുതി രശീതി നം 34496/29.2.16 പ്രകാരം 144240+LC രൂപ ഈടാക്കിയിട്ടുള്ളതായി ഡിമാന്റ് രജിസ്റ്റർ പ്രകാരം കാണുന്നു. ഈ കെട്ടിടത്തിന്റെ 2017-18 സാമ്പത്തിക വർഷം മുതലുള്ള വസ്തുനികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. 2015-16 സാമ്പത്തിക വർഷത്തിലെ വസ്തുനികുതി 72120/-രൂപയാണ് ( 36060രൂപ + 100% വസ്തുനികുതി പരിഷ്കരണ വർദ്ധനവ്) മുകളിൽ പ്രസ്താവിച്ച രശീതി പ്രകാരം ഈടാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ അടിസ്ഥാന വസ്തു നികുതിയുടെ (72120/-രൂപ)മൂന്നിരട്ടിയാണ്(72120x3=216360/-) ഈടാക്കേണ്ടിയിരുന്നത്. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഇത്തരത്തിൽ തെറ്റായ രീതിയിലാണ് നഗരസഭ ഈടാക്കുന്നത്. ആയതിനാൽ നഗരസഭ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കൃത്യമായി കണക്കാക്കി, കുടിശ്ശിക സഹിതം, ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

**f)അനധികൃതകെട്ടിടങ്ങളുടെ രജിസ്റ്റർ പൂർണ്ണമല്ല**

ഓഡിറ്റ് എൻക്വയറി 54/13.2.2020 ൽ പരാമർശിച്ചിരുന്ന XIV/585A(UA), XXI/8(UA)എന്നീ അനധികൃതകെട്ടിടങ്ങൾ, ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കിയ യു.എ രജിസ്റ്ററിൽ

ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടില്ല. നഗരസഭയിലുള്ള എല്ലാ അനധികൃതകെട്ടിടങ്ങളുടെയും വിവരങ്ങൾ അനധികൃത കെട്ടിടരജിസ്റ്ററിൽ ഉൾപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-27 നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭയുടെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക താഴെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ | വസ്തു നികുതി | കുടിശ്ശിക കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|
| 1 | XXV/192(5) UA | 8700 | 2008-09 മുതൽ 2019-20 | 104400 | 5220 | 109620+PI |
| 2 | UA/XXV/837B | 8700 | ,, | 104400 | 5220 | 109620+PI |
| 3 | XXV/832/UA | 8700 | 2009-10 മുതൽ 19-20 വരെ | 95700 | 4785 | 100485+PI |
| 4 | UA/XXII/394A | 21600 | 12-13 മുതൽ 18-19 വരെ | 172800 | 8640 | 181440+PI |
| 5 | XIII/380A/UA | 18910 | 2008-09 മുതൽ 19-20 വരെ | 226920 | 11346 | 238266+PI |
| 6 | XXIV/35A1/UA | 21150 | ,, | 253800 | 12690 | 266490+PI |
| 7 | XXV/180A | 26460 | ,, | 317520 | 15876 | 333396+PI |
| 8 | XXIV/354C UA | 24012 | ,, | 288144 | 14407 | 30255+PI |
| 9 | I/44P1 | 10875 | 12-13 മുതൽ 19-20 വരെ | 87000 | 4350 | 91350+PI |
| 10 | XVIII/126 C UA | 21150 | 2011-12 മുതൽ 19-20 വരെ | 190370 | 9518 | 199868+PI |
| 11 | XV/468 C1 | 26100 | ,, | 234900 | 11745 | 246645+PI |
| 12 | UA/II/49AF | 13212 | 2008-09 മുതൽ 2019-20 വരെ | 158544 | 7927 | 166471+PI |
| 13 | UA/X/430A | 37500 | 2017-18 മുതൽ 2019-20 വരെ | 112500 | 5625 | 118125+PI |
| 14 | XIV/5B1 | 6765 | ,, | 20295 | 1015 | 21309+PI |

| | | | | | | |
|---|---|---|---|---|---|---|
| 15 | UA/XXV/154 A | 8700 | 2008-09 മുതൽ 2019-20 വരെ | 104400 | 5220 | 109620+PI |
| 16 | UA/XXVII/258 B | 50955 | 2011-12 മുതൽ 2019-20 വരെ | 45859 | 22929 | 68788+PI |
| 17 | XV/468 C1 | 26100 | 2011-12 മുതൽ 19-20 വരെ | 234900 | 11745 | 246645+PI |
| 18 | UA/XI/422A(1) | 26460 | 2010-11 മുതൽ 2019-20 വരെ | 264600 | 13230 | 277830+PI |
| 19 | I/205B | 7275 | 2017-18 മുതൽ 2019-20 വരെ | 21825 | 1091 | 22916+PI |
| 20 | UA/I/49F | 13212 | ,, | 39636 | 1982 | 41618+fine |
| 21 | UA/III/44A1 | 26460 | 19-20 | 26460 | 1323 | 27783+PI |
| 22 | UA/471 Q1 | 54570 | 2017-18 മുതൽ 2019-20 വരെ | 163710 | 8186 | 171896+PI |

നഗരസഭയുടെ 15/1/20 തിയതിയിലെ ഡിമാന്റ് നോട്ടീസ് നം. R2-3428/14 പ്രകാരമുള്ള കുടിശ്ശികയാണ് മുകളിൽ പ്രസ്താവിച്ചിട്ടുള്ളത്. മൊബൈൽ ടവറുകളുടെ എണ്ണം, കുടിശ്ശിക എന്നിവയുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 23/09.02.20 നൽകിയെങ്കിലും മറുപടിയൊന്നും തന്നെ ലഭ്യമാക്കിയില്ല. UA നമ്പർ നൽകിയിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക അടിസ്ഥാന വസ്തുനികുതിയുടെ മൂന്നിരട്ടി കണക്കാക്കിയല്ല വസ്തു നികുതി കുടിശ്ശിക തയ്യാറാക്കിയിട്ടുള്ളത്. 10 വർഷത്തിലധികം കുടിശ്ശികയുണ്ടായിട്ടുപോലും ഈ ടവറുകൾക്കെതിരെ RR നടപടികളൊന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നഗരസഭ പരിധിക്കുള്ളിൽ 26 മൊബൈൽ ടവറുകളാണ് ഉള്ളത്. അതിൽ 18 എണ്ണവും അനധികൃതമാണ്.മുകളിൽ പ്രസ്താവിച്ച പട്ടിക പ്രകാരം 22 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക മാത്രമാണ് ഡിമാന്റ് നോട്ടീസ് നം. R2-3428/14 പ്രകാരം ഓഡിറ്റിന് ലഭ്യമായത്. ആയതിനാൽ നഗരസഭയുടെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുകയും, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടത് അത്യാവശ്യം.

ഓഡിറ്റ് വർഷം നഗരസഭ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈൻ വലിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുകയും എസ്റ്റിമേറ്റ് അനുസരിച്ച് 905000 രൂപ ചാലക്കുടി ഇലക്ട്രിക്കൽ

സെക്ഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിലുൾപ്പെട്ട നോർത്ത് ചാലക്കുടി പാപ്പി റോഡ് സ്വകാര്യ വഴിയാണ് എന്ന് അവകാശപ്പെട്ട് ഒരു വ്യക്തി വ്യവഹാരം ഫയൽ ചെയ്യുകയുണ്ടായി. ഈ റോഡ് നഗരസഭാ ആസ്തിയിൽ ഉൾപ്പെട്ടതാണോ എന്ന് ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം 25/10.2.2020 നൽകുകയുണ്ടായി. ഓഡിറ്റിന് നൽകിയ മറുപടി പ്രകാരം ഈ റോഡ് നഗരസഭ ആസ്തിയിൽപ്പെട്ടതല്ല എന്നും ഇതിലേക്ക് വകയിരുത്തിയ തുക മറ്റു പ്രവൃത്തിയിലേക്ക് വകയിരുത്തി എന്നും മറുപടി നൽകുകയുണ്ടായി. എന്നാൽ ഫയലിൽ ഈ വിവരങ്ങൾ കാണുകയുണ്ടായില്ല. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടിക്രമങ്ങൾ ബാക്കി നിൽക്കുന്നുവെങ്കിൽ ആയത് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. ഇത്തരം പ്രോജക്ടുകൾ ആസൂത്രണം ചെയ്യുമ്പോൾ ആസ്തിയെക്കുറിച്ച് കൃത്യമായ ധാരണ ഉണ്ടാകേണ്ടതും ആസ്തി രജിസ്റ്റർ മുഴുവൻ വിവരങ്ങളും ചേർത്ത് കാലികമാക്കേണ്ടതുമാണ്.

## 1-29 ലൈഫ് പദ്ധതി- ഫയലുകൾ സൂക്ഷിച്ചതിലെ അപാകതകൾ

ഓഡിറ്റ് വർഷം ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഫയലുകൾ സൂക്ഷിച്ചതിൽ താഴെ ചേർക്കും പ്രകാരം അപാകതകൾ കാണുന്നു.

എ) പ്രോജക്ട് 237/18-19 .പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ജനറൽ(ചെലവ്-1900000/-).
ബി) പ്രോജക്ട് 238/18-19. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എസ്.സി. (ചെലവ് .96666/-)

നിലവിലെ യൂണിറ്റ് കോസ്റ്റ് നാലു ലക്ഷം രൂപ കണക്കാക്കി പൂർത്തീകരിക്കാത്ത വീടുകൾക്ക് ആദ്യഘട്ടത്തിൽ നൽകിയ തുകയ്ക്കും അന്നത്തെ യൂണിറ്റ് കോസ്റ്റിനും ആനുപാതികമായി വർദ്ധനവ് വരുത്തി പണി പൂർത്തിയാക്കാൻ ധനസഹായം നൽകുന്നതാണ് പദ്ധതി.

1. ജനറൽ വിഭാഗത്തിൽ മാധവൻ, മാളക്കാരൻ എന്ന ഗുണഭോക്താവ് വീടു പണി പൂർത്തീകരിച്ചതായി കാണുന്ന സാക്ഷ്യപത്രമോ ഫോട്ടോയോ ഫയലില്ല. പൂർത്തീകരിക്കാനായി നൽകിയ തുക 170000 രൂപ വീടു പണി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രമോ ഫോട്ടോയോ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2.ശ്രീ ശെൽവരാജൻ കിഴങ്ങുവിള എന്നയാൾ ആദ്യഘട്ടത്തിൽ ആകെ 92500 രൂപ കൈപ്പറ്റിയതായും പിന്നീട് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതായും ബന്ധപ്പെട്ട ഫയലിൽ നിന്നും മനസ്സിലാകുന്നു. എന്നാൽ ലൈഫ് പദ്ധതിയിലെ ആനുപാതിക വർദ്ധനവിൽ ഇദ്ദേഹത്തിന് 80000 രൂപക്കു മാത്രമേ അർഹത നിശ്ചയിച്ചതായി കാണുന്നുള്ളൂ. ആയത് വ്യക്തമാക്കേണ്ടതാണ്.

3.ജനറൽ ഗുണഭോക്താവായ സുനിത ബാബു എന്നയാൾക്ക് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ആനുപാതിക വർദ്ധനവിൽ എം.ഐ.എസ് പ്രകാരം അനുവദിച്ചിരിക്കുന്നു എന്ന് ഫയലിൽ ചേർത്തിരിക്കുന്ന തുക 360000 രൂപയാണ്. എന്നാൽ ഈ ഗുണഭോക്താവിന് വീടു പണിയുടെ ആദ്യഘട്ടത്തിൽ നൽകിയ തുകയുടെ വിവരം ബോധ്യപ്പെടാവുന്നതരത്തിൽ എവിടേയും ചേർത്തിട്ടില്ല.

4. ആനി ഡേവിസ് എന്ന ഗുണഭോക്താവിനും ആദ്യഘട്ടത്തിൽ കൊടുത്ത തുകയുടെ വിവരങ്ങൾ കൃത്യമായി ബോധ്യപ്പെടുത്താനായിട്ടില്ല. ടിയാൾക്ക് എം.ഐ.എസ് പ്രകാരം അനുവദിച്ചതായി കാണുന്നത് 360000 രൂപയാണ്.

5. എസ്.സി പദ്ധതി ഗുണഭോക്താവായ ശ്രീ ബൈജു, പുതുശ്ശേരി വീട് എന്ന വ്യക്തിക്ക് ജനറൽ ഫണ്ടിൽ നിന്നും, എസ്.സി ഫണ്ടിൽ നിന്നും ധനസഹായം നൽകി കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. തൻ വർഷം എസ്.സി ഫണ്ടിൽ നിന്നും 24/11/2018 ൽ 30000 രൂപയും, ജനറൽ ഫണ്ടിൽ നിന്നും 140000 രൂപയും നല്കിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.

6.പ്രോജക്ട് 237/18-19 പണി തീരാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന പ്രൊജക്ടിലെ ആകെ ചെലവ് ചെലവു പത്രിക പ്രകാരം 1900000 രൂപയാണ്. ഇതിൽ തനത് ഫണ്ട് 16 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം 3 ലക്ഷം രൂപയുമാണ്. ഇതിൽ 3 ലക്ഷം രൂപയുടെ ചിലവ് ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. തൻവർഷം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിന്റെ വിവരം കാണിക്കുന്ന ഒരു രജിസ്റ്റർ ഹാജരാക്കുകയുണ്ടായി. ആയത് പ്രകാരം 1815125 രൂപയുടെ ധനസഹായം വിതരണം ചെയ്തതായി കാണുന്നു. ബാക്കി തുകയുടെ വിതരണത്തെപ്പറ്റി കൃത്യമായ വിവരം ലഭിച്ചിട്ടില്ല.

7. പി.എം.എ.വൈ പ്രോജക്ടുകൾക്ക് ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

8.ഗുണഭോക്താക്കൾക്ക് വിവിധ സ്റ്റേജുകളിൽ നൽകിയ ധനസഹായം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.26, 10/02/2020) നഗരസഭ മറുപടി നൽകിയിട്ടില്ല. മേൽചേർത്ത അപാകതകൾ വിശദപരിശോധനക്ക് വിധേയമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-30 ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്-അധികം നൽകിയ തുക തടസ്സപെടുത്തുന്നു.

ഹെഡ്മിസ്ട്രസ്, ജി.ബി.എച്ച്.എസ് നടപ്പാക്കിയ പദ്ധതി നം. 80/19പ്രകാരം ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് നടത്തിയതിന് 2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ തുക | തുക | ഇനം |
|---|---|---|---|
| 1 | 3/18-19/28.2.19 | 75000 | കുട്ടികൾക്ക് ഭക്ഷണം വിതരണം ചെയ്തത് |
| 2 | 6/18-19/7.3.19 | 85000 | സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയത് |
| 3 | 5/18-19/28.2.19 | 40000 | കോച്ചിന് വേതനം നൽകിയത്. |
| | | 2,00,000 | |

29.1.18 ലെ സ.ഉ.(കൈ)നം.11/2018 മാർഗ്ഗരേഖ ഖണ്ഡിക7.10.5 പ്രകാരം നഗരസഭകൾ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുകയും കായിക ക്ഷമതയുള്ള കുട്ടികളെ കണ്ടെത്തി സംസ്ഥാന/ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെ ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപന ചെയ്ത് നടപ്പാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 14.2.18 ൽ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 22/18 ഖണ്ഡിക 7.6.12 പ്രകാരം ശാസ്ത്രീയമായ കായിക വിദഗ്ദ്ധ പരിശീലനം സ്പോർട്ട്സ് കൗൺസിലുകളുടെ സഹായത്തോടെ ലഭ്യമാക്കുന്നതിനും ഇതിനായി നഗരസഭാ/ ഗ്രാമപഞ്ചായത്ത് തലത്തിൽ 30,000/- രൂപ വരെ ചെലവഴിക്കുന്നതിനുമാണ് അനുമതിയുള്ളതായി കാണുന്നത്.

എന്നാൽ 2018 ഒക്ടോബർ മുതൽ 2019 ഫെബ്രുവരി വരെ കാലയളവിൽ ആകെ 50 ദിവസം പരിശീലനം നൽകിയതിനും ഫുട്ബോൾ, ജഴ്സി, സ്റ്റോക്കിംഗ്സ് തുടങ്ങിയവ വാങ്ങിനൽകിയതിനും ഭക്ഷണത്തിനുമായി ആകെ രണ്ട് ലക്ഷം രൂപ ചെലവഴിച്ചതായി കാണുന്നു. ദീർഘകാല പരിശീലനം നൽകുന്നതിന് സ്പോർട്ട്സ് കൗൺസിലുകളുടെ സേവനം പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ അറ്റൻഡൻസ്, പർച്ചേയ്സ് ബില്ലുകൾ എന്നിവ ഫയലിൽ കാണുന്നു. എന്നാൽ പരിശീലനം നടത്തിയതിന്റെ ഫോട്ടോ, ഡോക്യുമെന്റേഷൻ വിവരങ്ങൾ ഫയലിൽ ഇല്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലധികമായി തുക ചെലവഴിക്കുന്നതിന് പദ്ധതി തയ്യാറാക്കിയത് ക്രമപ്രകാരമല്ല. തുക നൽകിയതിന്റെ UTRസ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയിട്ടില്ല. അധികം നൽകിയ 1,70,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

## 1-31 മാലിന്യ പ്ലാന്റിലെ തൊഴിലാളികൾക്ക് നൽകിയ വേതനം- സർക്കാർ അനുമതി ലഭ്യമാക്കണം -ചെലവു തുക തടസ്സപെടുത്തുന്നു.

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭയിൽ നടപ്പാക്കിയ പദ്ധതി നം. 13/19 ഖരമാലിന്യ പ്ലാന്റ് പ്രവർത്തനവും പരിപാലനവും പദ്ധതിക്കായി ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും 20,00,000/- രൂപ തനതു ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഇതേ രീതിയിൽ പദ്ധതി നം. 337/19 സ്പിൽ ഓവർ പദ്ധതി പ്രകാരം ഖരമാലിന്യ പ്ലാന്റിന്റെ പ്രവർത്തനത്തിനായി 1,99,959/- രൂപയും ചെലവഴിച്ചതായി കണ്ടു.

മാലിന്യപ്ലാന്റിലെ തൊഴിലാളികളുടെ വേതനം സംബന്ധിച്ച H2-12190/18 ഫയൽ പരിശോധിച്ചതിൽ നിന്നും 4/18 മുതൽ 2/19 വരെ വേതനമിനത്തിൽ പ്ലാന്റിൽ ജോലി ചെയ്യുന്ന 16 തൊഴിലാളികൾക്ക് 18-19 വർഷത്തിൽ നൽകാനുള്ള 23,06,096 രൂപയിൽ 20,00,000/- രൂപ സി.എഫ്.സി ഫണ്ടിൽ നിന്നും സ്പിൽ ഓവർ പദ്ധതിയിനത്തിൽ 1,99,959 രൂപയും വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടു. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് രൂപീകരിച്ച ചാലക്കുടി സാനിറ്റേഷൻ സൊസൈറ്റി തൊഴിലാളികളുടെ വേതനം, അനുബന്ധ ചെലവുകൾ എന്നിവയ്ക്ക് തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകകൾ പിന്നീട് പദ്ധതി തയ്യാറാക്കി ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും, ഡവലപ്മെന്റ് ഫണ്ടിൽ നിന്നും തനതു ഫണ്ടിലേക്ക് റീകൂപ്പ് ചെയ്തതായാണ് കാണുന്നത്. ഇത്തരത്തിൽ തുക ചെലവഴിക്കുന്നതിന് 14.2.2018 ന് പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 22/2018 ത.സ്വ.ഭ.വ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവുകൾ ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ ഈയിനത്തിൽ

ചെലവഴിച്ച തുക 21,99,959/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 28/10.2.20) സ്പിൽ ഓവറായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. തൻവർഷത്തിൽ ചെലവഴിച്ച 20 ലക്ഷം രൂപയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം. | തുക | തിയതി |
|---|---|---|
| 18230447000 300528372 | 10,32,494 | 14.9.18 |
| 300922249 | 6,67,084 | 12.12.18 |
| 301302806 | 3,00,422 | 6.3.19 |
| | 20,00,000 | |

## 1-32 എച്ച്.ടി.ലൈൻ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം നേടിയില്ല.

പദ്ധതി നമ്പർ 380/19

ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ്, സ്ട്രോക്ക് ക്ലിനിക് എന്നിവ ആരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചതിനെ തുടർന്ന് യൂണിറ്റിലേക്കാവശ്യമായ സി.ടി.സ്കാനറും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി ഹൈടെൻഷൻ ലൈനും, ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനായി 2017-18 വർഷത്തിൽ നഗരസഭ ആവിഷ്കരിച്ച പദ്ധതി ലക്ഷ്യം നേടിയില്ല.

പദ്ധതി നിർവ്വഹണത്തിനായി PWD ഇലക്ട്രിക്കൽ ഡിവിഷൻ തൃശൂർ നൽകിയ എസ്റ്റിമേറ്റ് പ്രകാരം സെന്റേജ് ചാർജ്ജുൾപ്പെടെ 22.5 ലക്ഷം രൂപ ആവശ്യപെട്ടിട്ടുണ്ട്. പദ്ധതിക്ക് വകയിരുത്തിയിരുന്ന 8 ലക്ഷം രൂപ 23.3.18ന് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് ട്രാൻസ്ഫർ ചെയ്യുന്നതിന് ട്രഷറിയിൽ ബിൽ നൽകിയെങ്കിലും തുക ഇലക്ട്രിക്കൽ വിഭാഗത്തിന് ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചതിനെ തുടർന്ന് വീണ്ടും തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ നഗരസഭയ്ക്ക് കത്ത് നൽകുകയാണുണ്ടായത്. അതേസമയം നഗരസഭയുടെ സുലേഖ ചെലവ് പത്രിക പ്രകാരം എട്ട് ലക്ഷം രൂപ ചെലവായി രേഖപ്പെടുത്തി കാണുന്നുണ്ട്. ഇത് സംബന്ധിച്ച UTR പരിശോധിച്ചതിൽ ട്രഷറി റഫറൻസ് നമ്പർ, കൗണ്ടർ ഡേറ്റ്, ട്രഷറി അക്കൗണ്ടിംഗ് ഡേറ്റ് എന്നിവയിൽ null എന്ന് രേഖപ്പെടുത്തി കാണുന്നു. ഇക്കാര്യത്തിൽ ട്രഷറി ഓഫീസറിൽ നിന്നും നോൺ പെയ്മെന്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷത്തിൽ പദ്ധതിക്കായി പദ്ധതി നമ്പർ 380/19 പ്രകാരം 15 ലക്ഷം രൂപ നൽകിയിട്ടുണ്ട് (ബിൽ നം.11/18-19/29.03.19). പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന് തുക നൽകുമ്പോൾ എസ്റ്റിമേറ്റ് തുകയിൽ ലിമിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തുക പൂർണമായി ലഭിക്കാതെ പ്രവൃത്തി ടെണ്ടർ ചെയ്യാനാവില്ലായെന്ന് പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽ വിഭാഗം അറിയിച്ചതിനാൽ നാളിതു വരെ പദ്ധതി നടപ്പാക്കാനാവാത്ത സ്ഥിതി വിശേഷം ഉണ്ട്. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും താലൂക്ക് ആശുപത്രിയിൽ സി.ടി സ്കാൻ സൗകര്യം എത്രയും വേഗം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 പട്ടിക ജാതി ഗുണഭോക്താവിന് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ലാതെ ധന സഹായം

**അനുവദിച്ചു.**

പ്രോജക്ട് നമ്പർ. 16/19

വീട് വാസയോഗ്യമാക്കൽ (എസ്.സി)

ബിൽ നമ്പർ. 23/19 തിയ്യതി. 25/03/2019 തുക. 75000
മേൽ പ്രൊജക്ട് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട തങ്കമ്മു എന്ന ഗുണഭോക്താക്കാവിന് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ആനുകൂല്യം അനുവദിച്ചതായി കാണുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.27/10-02-2020)

## 1-34 അനുഗ്രഹ സദനിലെ അന്തേവാസികൾക്ക് മരുന്നുവാങ്ങൽ- സർക്കാർ അനുമതി ലഭ്യമാക്കണം.ചെലവു തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി നടപ്പാക്കിയ പദ്ധതി നം. 71/19 (പുതിയത്), 229/19 (സ്പിൽ ഓവർ) എന്നിവ പ്രകാരം അനുഗ്രഹ സദനിലെ അന്തേവാസികൾക്ക് മരുന്നുകൾ വാങ്ങി നൽകുന്നതിനായി രണ്ട് പദ്ധതികളിലായി സാമ്പത്തിക വർഷത്തിൽ ആകെ ഒരു ലക്ഷം രൂപ ചെലവഴിച്ചതായി കാണുന്നു. 14.2.18ലെ സ.ഉ.(കൈ)നം. 22/18 ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക 7.5.3 പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടി മാത്രമേ അലോപ്പതി മരുന്നുകൾ വാങ്ങാവൂയെന്നും, മരുന്നുകൾ KMSCL ൽ നിന്നും മാത്രമേ വാങ്ങാവൂയെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിച്ച് അരുൺ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും 50,000 രൂപയുടെ മരുന്നുകൾ വാങ്ങി സ്വകാര്യസ്ഥാപനത്തിലെ അന്തേവാസികൾക്ക് നൽകിയിട്ടുണ്ട്. അനുഗ്രഹ സദനിലെ അന്തേവാസികൾക്ക് ആവശ്യമായ മരുന്നുകൾ സംബന്ധിച്ച പരിശോധന നടത്തി ശുപാർശ ചെയ്തതായ ഡോക്ടറുടെ സാക്ഷ്യപത്രം, മരുന്നുകൾ വിതരണം ചെയ്തത്, വിനിയോഗിച്ചത് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ, മരുന്നുകൾ ലഭിക്കുന്നതിനുള്ള സ്ഥാപനത്തിന്റെ അർഹത, ഇത്തരത്തിൽ മരുന്നുകൾ നൽകുന്നതിനുള്ള സർക്കാർ അനുമതി, ക്വട്ടേഷൻ ക്ഷണിച്ച് മരുന്നുകൾ വാങ്ങിയതിന്റെ കമ്മിറ്റി തീരുമാനം, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 15/7.2.2020). മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 50,000/- രൂപയും സ്പിൽ ഓവർ പദ്ധതിയുടെ ഫയൽ, ചെലവു രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50,000/- രൂപയും ഉൾപെടെ അനുഗ്രഹ സദനിലെ അന്തേവാസികൾക്കായി മരുന്നു വാങ്ങുന്നതിന് ചെലവഴിച്ച ആകെ 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ 17,61,125/- രൂപയുടെ ചെലവ് തടസ്സപെടുത്തുന്നു.

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് കാർട്ടേഴ്സ് ആശുപത്രി ചാലക്കുടി നടപ്പാക്കിയ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികളുടെ ചെലവു രേഖകൾ, പ്രോജക്റ്റ്, ഫയൽ എന്നിവ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

| ക്രമ നം. | പദ്ധതിയുടെ നമ്പർ/ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 229/19-അനുഗ്രഹ സദനിലെ അന്തേവാസികൾക്ക് മരുന്ന്. | 50,000 |
| 2 | 230/19-പാലിയേറ്റീവ് കെയർ, മരുന്നു വാങ്ങൽ | 1,67,623 |
| 3 | 231/19-അർബൻ ഹെൽത്ത് സെന്റർ മരുന്നു വാങ്ങൽ | 93,926 |
| 4 | 232/19-താലൂക്ക് ആശുപത്രി മരുന്നും, ഉപകരണങ്ങളും വാങ്ങൽ | 1,25,258 |
| 5 | 233/19-താലൂക്ക് ആശുപത്രി അനുബന്ധ സൗകര്യങ്ങൾ | 7,15,000 |
| 6 | 75/19-വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ്. | 6,09,318 |
| | **ആകെ** | **17,61,125** |

## 1-36 ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- കാരുണ്യയിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഇല്ല.

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് കാർട്ടേഴ്സ് ആശുപത്രി, നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സ്വകാര്യ മരുന്നു കമ്പനികളിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ച് മരുന്നുകൾ വാങ്ങിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു,

| ക്രമ നം | പദ്ധതി നം | പേര് | ചെലവ് തുക |
|---|---|---|---|
| 1 | 71/19 | അനുഗ്രഹസദനിലെ അന്തേവാസികൾക്ക് മരുന്നുവാങ്ങൽ | 50000 |
| 2 | 229/19 | അനുഗ്രഹസദനിലെ അന്തേവാസികൾക്ക് മരുന്നുവാങ്ങൽ,സ്പിൽ ഓവർ | 50000 |
| 3 | 72/19 | പാലിയേറ്റീവ് കെയർ മരുന്നു വാങ്ങൽ | 500000 |
| 4 | 230/19 | പാലിയേറ്റീവ് കെയർ മരുന്നു വാങ്ങൽ | 167623 |

| | | | |
|---|---|---|---|
| 5 | 74/19 | ജീവിതശൈലീരോഗനിയന്ത്രണവും മരുന്നുവാങ്ങലും | 100000 |
| 6 | 75/19 | വൃക്ക രോഗികൾക്ക് സൌജന്യ ഡയാലിസിസ് | 799956 |
| 7 | 76/19 | വി.ആർ പുരം അർബൻ ഹെൽത്ത് സെന്ററിലേക്ക് മരുന്നുവാങ്ങൽ | 300000 |
| 8 | 231/19 | വി.ആർ പുരം അർബൻ ഹെൽത്ത് സെന്ററിലേക്കുമരുന്നുവാങ്ങൽ, സ്പിൽ ഓവർ | 93926 |
| 9 | 232/19 | താലൂക്ക് ആശുപത്രിയിലേക്ക് മരുന്നും ഉപകരണങ്ങളും | 125188 |
| | | ആകെ | 21,86,693 |

14.2.18ലെ സ.ഉ.(കൈ)നം. 22/18 ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 7.5.3 പ്രകാരം മരുന്നുകൾ KMSCL ൽ നിന്നും മാത്രമേ വാങ്ങാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി മരുന്നുകൾ വാങ്ങി കാണുന്നു. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണ സമിതി എന്നിവരുടെ അംഗീകാരം ലഭിച്ചതായി കാണുന്നില്ല. മരുന്നുകൾ വാങ്ങിയതിന് അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി നം. 76/19- വി.ആർ. പുരം അർബൻ ഹെൽത്ത് സെന്ററിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് ബിൽ നം. 12/27.3.19 പ്രകാരം പിൻവലിച്ച 2,48,883 രൂപയിൽ 1,48,903 രൂപ മരുന്നുകൾ വാങ്ങുന്നതിന് പ്രോഫോർമ ഇൻവോയ്സ് പ്രകാരം KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 15/7.2.2020) മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ആശ്രയ പോഷകാഹാര വിതരണം -രേഖകളുടെ സൂക്ഷിപ്പ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

ആശ്രയ പദ്ധതിയിലുൾപ്പെടുത്തി ആകെ പ്ലാൻ ഫണ്ടിൽ നിന്നും 5,43,139 രൂപ ചെലവഴിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മുതൽ ഡിസംബർ വരെ പോഷകാഹാരകിറ്റ് നൽകാനാണ് ഈ തുക ഉപയോഗിച്ചിട്ടുള്ളത്. ചെലവു തുക ആളൂർ ത്രിവേണി സൂപ്പർ മാർക്കറ്റിനാണ് നൽകിയിട്ടുള്ളത്. രജിസ്റ്ററിൽ രണ്ടു ഘട്ടങ്ങളിലായി 231 പേർ ഗുണഭോക്താക്കളായി ഉണ്ടെന്ന് കാണുന്നു. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. 200, 300, 400 എന്നിങ്ങനെ മൂന്നിനം പോഷകാഹാര കിറ്റ് ആണ് വിതരണം ചെയ്തതായി കാണുന്നത്. ഓരോ ബില്ലിലും പോഷകാഹാര കിറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. പോഷകാഹാരകിറ്റിലെ ഭക്ഷ്യവസ്തുക്കളുടെ അളവ് എവിടേയും രേഖപ്പെടുത്താത്തതിനാൽ ബില്ലു പ്രകാരമുള്ള ധാന്യ അളവ് കിറ്റുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ആയതിനാൽ ഓരോ കിറ്റിലും ഉൾപ്പെടേണ്ട ഭക്ഷ്യധാന്യത്തിന്റെ അളവ് സ്ഥാപനത്തിനുള്ള പർച്ചേസ് ഓർഡറിൽ കൃത്യമായി ചേർക്കേണ്ടതാണ്. മാത്രമല്ല ഓരോ മാസവും ഡിമാന്റ് മുൻകൂട്ടി കണ്ട് രേഖാമൂലം ഓർഡർ നൽകുന്നതായും കാണുന്നില്ല. ആയത് പരിഹരിക്കേണ്ടതാണ്.

2. നിർവ്വഹണോദ്യോഗസ്ഥൻ ഏതെങ്കിലും ഘട്ടത്തിൽ ഈ രജിസ്റ്റർ പരിശോധിച്ചതായി രേഖയില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 സെൻട്രൽ പെൻഷൻ ഫണ്ട് - ജീവനക്കാരുടെ വിഹിതമിനത്തിൽ അടവാക്കേണ്ട കുടിശ്ശിക - 1,89,29791/-രൂപ, നഗരസഭക്ക് ലഭിക്കുവാനുള്ളത് 3,23,91,119/- രൂപ

ഫയൽ നമ്പർ-എ1-1434/18
ഓഡിറ്റ്എൻകയറി നമ്പർ-7/6.2.2020

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം- റിട്ടയർമെന്റ് ബെനഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റേയും മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്കുമുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവു വക്കുന്നതിന് ഡയറക്ടറുടെ പേരിൽ സെക്രട്ടറി അയച്ചു നൽകേണ്ടതാണ്. ചട്ടം 8(2) പ്രകാരം ഏതെങ്കിലും ജീവനക്കാരന് കുടിശ്ശിക ഇനത്തിലോ മറ്റോ വേതനം നൽകേണ്ടി വരികയോ ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരം ഉള്ള ബില്ലിൽ തന്നെ ബന്ധപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടുത്തി ബില്ലു പാസ്സാക്കേണ്ടതും ബില്ലു മാറി 15 ദിവസത്തിനകം പെൻഷൻ വിഹിതം 1-ാം ഉപചട്ടത്തിൽ പറഞ്ഞ വിധം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

നഗരസഭയിലെ ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ വിഹിതം ഇനത്തിൽ ഉള്ള കുടിശ്ശിക എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി കുടിശ്ശിക1,89,29,791/- രൂപയാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ വൗച്ചർ നമ്പർ 21800943/14.11.2018 പ്രകാരം ജീവനക്കാരുടെ പേ റിവിഷൻ അരിയർ ഇനത്തിൽ 821696/- രൂപ നൽകിയതിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം- റിട്ടയർമെന്റ് ബെനഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 8(4) 1ഉം 2ഉം ഉപചട്ടത്തിൽ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റ് ഡയറക്ടർക്ക് അയക്കാത്ത പക്ഷം വീഴ്ച വരുത്തിയ കാലയളവിലേക്ക് സേവിങ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്. ചട്ടം 8(6) ൽ പെൻഷൻ വിഹിതവും പലിശയും നിശ്ചിത സമയത്തിനുള്ളിൽ അടവാക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം ആക്ടിലെ 309 ാം വകുപ്പ് പ്രകാരം തുക ഈടാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

നഗരസഭക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് കുടിശ്ശിക ഇനത്തിൽ 3,23,91,119/-രൂ ലഭിക്കുവാനുണ്ട്. നഗരസഭ നിലവിൽ തനത് ഫണ്ടിൽ നിന്നാണ് ജീവനക്കാരുടെ പെൻഷൻ വിഹിതം നൽകിക്കൊണ്ടിരിക്കുന്നത്.

കുടിശ്ശിക തുക അടവാക്കുന്നതിനും നഗരസഭക്ക് ലഭിക്കേണ്ട അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 പോസ്റ്റ് മാറ്റി വയ്ക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പോസ്റ്റ് മാറ്റി വയ്ക്കൽ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി യിൽ താഴെപറയും പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|
| 21800219/14.5.2018 | 487467/9.5.2018 | 46299/- |
| 21800220/14.5.2018 | 487467/9.5.2018 | 11390/- |
| 21800221/14.5.2018 | 487467/9.5.2018 | 22881/- |
| 21800289/29.5.2018 | 726968/29.5.2018 | 23421/- |
| 21800290/29.5.2018 | 726969/29.5.2018 | 12170/- |
| - | ആകെ | 116161/- |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-40 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് കുടിശ്ശിക 860601/-രൂപ- വിവരം ലഭ്യമാക്കിയിട്ടില്ല.

ഫയൽ -E2/E4/6683/03

10.01.2018 ലെ മേൽ ഫയലിൽ രേഖപ്പെടുത്തിയ കുറിപ്പിൽ തൻ മാസം ലഭിച്ച ഇലക്ട്രിസിറ്റി ബില്ലിൽ കറന്റ് ചാർജ്ജ് കൂടാതെ 860601/-രൂപയുടെ അധിക ബിൽ ലഭിച്ചതായും കെ.എസ്.ഇ.ബി ഓഫീസിൽ ഇതേ കുറിച്ച് അന്വേഷിച്ചപ്പോൾ 2012 ൽ മുനിസിപ്പാലിറ്റിയുമായി നിലനിന്നിരുന്ന 'Dispute' ന്റെ ബിൽ Revoke ചെയ്തു നൽകിയതാണെന്നുമാണ് അറിയിച്ചത് എന്ന് വ്യക്തമാക്കുന്നുണ്ട്. 2003 മുതൽ ഉള്ള ഫയലിൽ 1/18 നു മുമ്പ് ഇത്തരം ഒരു കുടിശ്ശികയെക്കുറിച്ച് മറ്റെങ്ങും രേഖപ്പെടുത്തിയിട്ടില്ല. 28.2.2018 ൽ അസി എഞ്ചിനീയർ കെ.എസ്.ഇ.ബി ക്ക് ഇതേക്കുറിച്ച് കത്തെഴുതുകയും 5.6.2018 ൽ ലഭിച്ച മറുപടിയിൽ (കത്ത് നമ്പർ-BB/Misc/2018-19/76 ) കുടിശ്ശിക വിശദാംശങ്ങൾ പരിശോധിച്ച് മറുപടി നൽകാമെന്ന് അറിയിച്ചു. നാളിതുവരെ വിവരം ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ 1/2020 ൽ ലഭിച്ച ഇലക്ട്രിസിറ്റി ബില്ലിൽ പ്രസ്തുത കുടിശ്ശിക തുക 860601 രൂപ ആണ്. കേരള ഇലക്ട്രിസ്റ്റി സപ്ളൈകോഡ് 2014 ചാപ്റ്റർ VII-136(3) പ്രകാരം " No such sum due from any consumer, on account of default in payment shall be recoverable after a period of 2 years from the date when such sum became first due unless such sum has been shown continuosly as recoverable arrears of charges for electricity supplied "എന്ന് നിയമം ഉള്ളതാണ്. ആയതിനാൽ പ്രസ്തുത ബില്ലുകളുടെ തുക മുൻപ് കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്ത ബില്ലുകളിൽ കാണിച്ചിട്ടില്ല എങ്കിൽ ലിമിറ്റേഷൻ പിരീഡ് സംബന്ധിച്ച സെക്ഷനിലെ നിബന്ധന പ്രകാരം 2012 ലെ തുക അടക്കേണ്ടതായി വരുന്നില്ല . ഈ വിഷയത്തിൽ കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 വസ്തുനികുതി തെറ്റായി അടവാക്കിയത് തിരിച്ചു

## നൽകി. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

ഫയൽ നമ്പർ-R2-2083/19

ചാലക്കുടി നഗരസഭയിൽ ഇരിങ്ങാലക്കുട നഗരസഭയിലെ കെ.എസ്.ആർ.ടി.സി കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി അടവാക്കുകയും (രസീത് നമ്പർ-2/70-24.3.2018-14560/-രൂപ, 2/69/24.3.2018-70730/-രൂപ) 14.2.2019 ലെ കെ.എസ്.ആർ.ടി.സി ട്രാൻസ്പോർട്ട് ഓഫീസറുടെ കത്ത് പ്രകാരം കൗൺസിൽ 26.3.2019 ലെ 16-ാം നമ്പർ തീരുമാനമെടുക്കുകയും തെറ്റായി അടവാക്കിയ വസ്തുനികുതി ചെക്ക് നമ്പർ-475509/28.3.2019 പ്രകാരം തിരിച്ചു കൊടുക്കുകയും ചെയ്തു. 24.3.2018 ൽ രസീത് പ്രകാരം വരവുവച്ച നികുതി ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്തിട്ടില്ല. കാരണം 2-ാം വാർഡിൽ 170(6), (7), (8) എന്നീ നമ്പറുകൾ ചാലക്കുടി നഗരസഭയിൽ ഇല്ല. ഈ സാഹചര്യത്തിൽ എന്തടിസ്ഥാനത്തിലാണ് പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി നഗരസഭ രസീത് എഴുതി സ്വീകരിച്ചതെന്ന് വ്യക്തമല്ല. ഡിമാന്റ് രജിസ്റ്റർ പരിശോധിക്കാതെയാണ് വസ്തുനികുതി രസീത് നൽകുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. കൂടാതെ രസീത് ചെയ്യുന്ന വസ്തുനികുതി കൃത്യമായി ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുന്നതിലും വീഴ്ച വരുന്നതായി ഇതിൽ നിന്നും വ്യക്തമാകുന്നു. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പിഴവായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 ജീവനക്കാർക്ക് നൽകിയ മുൻകൂർ -ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നത് -24,25,177/-രൂ

നഗരസഭയിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 31.3.2019 വരെ ക്രമീകരിക്കാത്തതായി 24,25,177/-രൂപ ഉള്ളതായി കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 3.4.1975 മുതൽ 31.3.2017 വരെ | 1498177/- |
| 2017-18 | 232000/- |

2018-19 ൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന മുൻകൂറുകളുടെ വിവരം താഴെ ചേർക്കുന്നു.

| തീയതി | തുക | കൈപ്പറ്റിയ വ്യക്തി | റിമാർക്സ് |
|---|---|---|---|
| 23.8.2018 | 650000 | 26 ജീവനക്കാർക്ക് | പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് |
| 25.9.2018 | 20000 | ഷീബ എം.ആർ , സീനിയർ ക്ലർക്ക് | - do - |
| 22.12.2018 | 25000 | എൻ.എസ്.കൃഷ്ണൻ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | - DO - |

ജി.ഒ.(പി)419/2011/ധനം തീയതി 4-10-2011 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (കെ.എഫ്.സി അനുച്ഛേദം 99 പ്രകാരമുള്ളത്) എന്നിവ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരികെ ഈടാക്കണമെന്നും, ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻകൂർ ക്രമീകരിക്കുന്നതിനോ അല്ലാത്തപക്ഷം ഉത്തരവു പ്രകാരം തിരിച്ചു പിടിക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-43 കരട് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ല.

ഫയൽ നമ്പർ-ജി1-16454/17

പ്രസ്തുത ഫയൽ പരിശോധിച്ചതിൽ 2017 ജൂലൈ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിൽ കരട് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന്റെ ഭാഗമായി ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ശ്രീമതി ഷീബ ഷാജു എന്ന വ്യക്തിയെ നിയമിച്ച് ആകെ 69300/- നൽകിയിട്ടുണ്ട്. 2008ലെ കേരള നെൽവയൽ – തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ, ചട്ടം (4) ൽ ഈ ചട്ടം നിലവിൽ വരുന്ന തിയതി മുതൽ മൂന്നുമാസത്തിനകം ഡാറ്റാബാങ്ക് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നാളിതുവരെയും ഡാറ്റാ ബാങ്ക് തയ്യാറാക്കാത്തതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കരട് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

# 1-44 നഗരസഭയുടേതല്ലാത്ത വായ്പ കുടിശ്ശിക-തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഫയൽ നമ്പർ-എ1-5649/86

നഗരസഭയിലെ ഗവ.ലോൺ ഫയൽ പരിശോധിച്ചതിൽ 13.8.2019 ലെ LA/01/2018-19/137 നമ്പർ അക്കൗണ്ടന്റ് ജനറലിന്റെ (A&E) കത്തിൽ A1-8326/99/24.3.2001 പ്രകാരം അനുവദിച്ച NSDP ലോണിന്റെ Out standing തുക 4,90,500/-രൂ ബാലൻസ് ഉള്ളതായി അറിയിച്ചിട്ടുണ്ട്. സെക്രട്ടറി എ1-5649/86 തീ.1.10.2019 ലെ കത്തിൽ പ്രസ്തുത ലോൺ കുടുംബശ്രീക്ക് അനുവദിച്ച ലോണാണെന്നും ടി ലോൺ ഗ്രാന്റായി മാറ്റുന്നതിന് 9.9.2010 ൽ തന്നെ സർക്കാരിലേക്ക് കത്ത് നൽകിയതായും നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഫയലിൽ ലോൺ വിവരം കുടുംബശ്രീയിൽ അന്വേഷിക്കുന്നതിന് കുടുംബശ്രീയുടെ ചാർജ്ജുള്ള സെക്ഷനായ H3 യെ ചുതലപ്പെടുത്തി കുറിപ്പും നൽകിയിട്ടുണ്ട്. വാർഷിക കണക്കിൽ നഗരസഭക്ക് ലോൺ ഇനത്തിൽ ബാലൻസ് രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. നഗരസഭയുടേതല്ലാത്ത ലോൺ കുടിശ്ശിക സെക്രട്ടറിയുടെ പേരിൽ നിന്ന് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-45 ലൈബ്രറി -പരാമർശങ്ങൾ

1.)ഒഴിവാക്കപ്പെട്ട പുസ്തകങ്ങൾ സ്റ്റോക്കിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

ഫയൽ നമ്പർ-എ3-2953/2004

നഗരസഭ വക നടുവം കവികൾ സ്മാരക ലൈബ്രറിയുടെ ഗ്രാന്റ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിലും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരവും ആകെ പുസ്തകങ്ങളുടെ എണ്ണം 23240 ആണ്. എന്നാൽ ഗ്രാന്റ് നൽകുന്നതുമായി ബന്ധപ്പെട്ട് താലൂക്ക് ലൈബ്രറി കൗൺസിൽ നടത്തിയ സ്റ്റോക്ക് പരിശോധനയിൽ കണ്ട പുസ്തകങ്ങൾ 17879 ആണ്. 26.10.2009 ലെ 10എ കൗൺസിൽ തീരുമാന പ്രകാരം കേടു വന്ന പുസ്തകങ്ങൾ ലേലം ചെയ്തത് 5170 എണ്ണവും, ദീർഘകാലമായി അംഗങ്ങൾ കൈപ്പറ്റി തിരികെ തരാത്ത ഇനത്തിൽ 125 എണ്ണവും, വെള്ളപ്പൊക്കത്തിൽ അംഗങ്ങളുടെ കൈയ്യിൽ നിന്ന് നശിച്ച ഇനത്തിൽ 66 എണ്ണവും പുസ്തകങ്ങൾ സ്റ്റോക്കിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. ലൈബ്രറി നിയമാവലിയിലെ ക്ലോസ് 60ൽ കാലാകാലങ്ങളിൽ പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തേണ്ടതും കുറവ് കാണുന്ന പുസ്തകങ്ങളും ഉപയോഗ ശൂന്യമായവയും സ്റ്റോക്കിൽ നിന്ന് എഴുതി തള്ളുന്നതിന് ലൈബ്രറി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൗൺസിൽ തീരുമാനിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ലൈബ്രറി കമ്മിറ്റി ഈ വിഷയത്തിൽ പരിശോധന നടത്തി കൗൺസിൽ തീരുമാന പ്രകാരം സ്റ്റോക്കിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്.

2. ലൈബ്രറി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

ലൈബ്രറിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ വളരെ പരിമിതമായ സ്ഥലം മാത്രമേ പുസ്തങ്ങൾ വെക്കുന്നതിന് ലഭ്യമായിട്ടുള്ളൂ എന്ന് കണ്ടു. ഏകദേശം 500 ൽ അധികം പുസ്തകങ്ങൾ സ്ഥലപരിമിതി മൂലം ബോക്സുകളിലായി സൂക്ഷിച്ചിരിക്കുകയാണ്. കമ്പ്യൂട്ടറൈസേഷന് 2019-20 ൽ ഫണ്ട് വകയിരുത്തിയിട്ടുള്ളതായി ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് കമ്പ്യൂട്ടറൈസേഷൻ വൈകിയത് എന്നാണ് അറിയാൻ സാധിച്ചത്. ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ലൈബ്രറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലും ബന്ധപ്പെട്ടവരുടെ ശ്രദ്ധ പതിയേണ്ടതാണ്.

# 1-46 ബഡ്ജറ്റ് പ്രൊവിഷൻ അധികരിച്ച് ചെലവ് നടത്തി.

2018-19 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റിൽ Repairs &Maintanance -Street light എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക 2000000/-രൂപ ആണ്. ഓഡിറ്റ് എൻകായറി 36/11.2.2020 ന് നൽകിയ മറുപടി പ്രകാരം തെരുവ് വിളക്ക് റിപ്പയറിങ്ങിന് സാമഗ്രികൾ വാങ്ങുന്നതും പ്രസ്തുത ഹെഡ്ഡിൽ തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അറ്റകുറ്റപ്പണികൾക്കും റിപ്പയറിങ്ങിനും മേൽ തുകയേക്കാൾ അധികരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

റിപ്പയറിങ്ങിന് തുക നൽകിയതിന്റെ വിവരം .(IT ,KCWWF( 1% വീതം) ഒഴികെ )

| ചെക്ക് നമ്പർ/ തീയതി | തുക |
|---|---|
| 487460/5.5.2018 | 85136 |
| 727008/2.6.2018 | 233687 |
| 154947/10.8.2018 | 311805 |
| 155013/24.9.2018 | 202143 |
| 1976525/1.12.2018 | 141567 |
| | |

| | |
|---|---|
| 897028/1.1.2019 | 189360 |
| 062510/4.2.2019 | 93074 |
| 292952/5.3.2019 | 139138 |
| 475513/30.3.2019 | 155154 |
| ആകെ | 15,51,064/- |

<u>സാമഗ്രികൾ വാങ്ങൽ</u>

| ചെക്ക് നമ്പർ/ തീയതി | തുക |
|---|---|
| 254896/12.4.2018 | 564153 |
| 727038/19.6.2018 | 327000 |
| 154951/13.8.2018 | 367195 |
| 897027/1.1.2019 | 500553 |
| 292945/28.2.2019 | 152573 |
| ആകെ | 19,11,474/- രൂ |

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 293(4) പ്രകാരം എല്ലാ നിശ്ചിത ചാർജ്ജുകൾക്കും കടങ്ങൾ കൊടുത്തു തീർക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ബഡ്ജറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്. സെക്ഷൻ 293(6) പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവു ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കുവാൻ പാടില്ലാത്തതാകുന്നു. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തിയ ചെലവിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-47 തെരുവ് വിളക്ക് അറ്റകുറ്റപ്പണി -നഗരസഭയിൽ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല.

ഫയൽനമ്പർ-E2-16842/17

തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ഫയലിൽ 14.6.2017 ലെ 14 ാം നമ്പർ കൗൺസിൽ അജണ്ടയിൽ രേഖപ്പെടുത്തിയതു പ്രകാരം നഗരസഭ പരിധിയിൽ ഉള്ള തെരുവ് വിളക്കുകളുടെ എണ്ണം താഴെ ചേർക്കുന്നു.

ഫ്ളൂറസന്റ് ട്യൂബ്-3517

സോഡിയം വേപ്പർ ലാമ്പ്-348

എൽ ഇഡി -100

എന്നാൽ നിലവിലെ കണക്കുകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നമ്പർ-5/6.2.2020) മറുപടി നൽകിയ കണക്കുകൾ, ആസ്തി രജിസ്റ്റർ പ്രകാരമുള്ള തെരുവ് വിളക്കുകളുടെ എണ്ണമാണ് . ആയതു പ്രകാരമുള്ള എണ്ണം താഴെ ചേർക്കുന്നു.

ഫ്ളൂറസന്റ് ട്യൂബ്-542

ഹൈമാസ്റ്റ് -4

സോഡിയം വേപ്പർ ലാമ്പ്-30

മേൽ കണക്കിൽ നിന്നും രണ്ട് കാര്യങ്ങളാണ് വ്യക്തമാകുന്നത് - നഗരസഭക്ക് തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ വ്യക്തതയില്ല. നഗരസഭയിലെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ഈ രണ്ട് വിഷയങ്ങളിലും ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ പതിയേണ്ടതാണ്.

നഗരസഭ മീറ്ററിങ്ങിനായി 21 ലക്ഷം രൂപ 2012-13 & 2013-14 വർഷങ്ങളിലായി കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ നഗരസഭയിലെ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല. സർക്കാർ പണം ഒരു സർക്കാർ ഏജൻസിയിൽ തന്നെ 7 വർഷത്തോളമായി മൃത നിക്ഷേപമായി തുടരുകയാണ്. ഈ വിഷയത്തിലും അടിയന്തിര നടപടി കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

മീറ്റർ സ്ഥാപിക്കാത്തതിനാൽ തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ കറന്റ് ചാർജ്ജ് അടവാക്കി വരുന്നതെന്നിരിക്കെ അവയുടെ എണ്ണത്തിന്റെ കൃത്യമായ കണക്ക് നഗരസഭ സൂക്ഷിക്കാത്തത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ്. തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 6.5 ലക്ഷം രൂപയിലധികമാണ് നഗരസഭ ഓരോ മാസവും അടവാക്കി വരുന്നത്. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി കരാർ പ്രകാരം നടപ്പിലാക്കുന്നതിനാലും തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടത് ആവശ്യമാണ്.

## 1-48 സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ കരാറുകാരന് നൽകുന്ന സാമഗ്രികൾക്ക് ആനുപാതികമായി പ്രവൃത്തി നടത്തുന്നില്ല.

ഫയൽ നമ്പർ-E1-5092/16

2018-19 സാമ്പത്തിക വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ കരാറു നൽകിയത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കരാറുകാരനായ ശ്രീ മനോജിന് സാമഗ്രികൾ കൈമാറിയതിന് ആനുപാതികമായ പണികൾ ടിയാൻ നടത്തിയതായി രേഖകൾ ഇല്ല എന്ന് കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

1.)ഒക്ടോബർ 2018 ൽ കരാറുകാരന് ഇഷ്യു ചെയ്ത ട്യൂബ് ലൈറ്റുകളുടെ എണ്ണം 2040 ആണ്. എന്നാൽ അറ്റകുറ്റപ്പണി നടത്തിയതായി കൗൺസിലർമാരുടെ ശുപാർശ സഹിതം കരാറുകാരൻ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 324 ട്യൂബുകളാണ് തൻമാസത്തിൽ അറ്റകുറ്റപ്പണി നടത്തിയിരിക്കുന്നത്. (8.102018മുതൽ 29.10.2018 വരെ) 1.11.2018 ൽ കരാറുകാരൻ വീണ്ടും സാമഗ്രികൾ കൈപ്പറ്റിയിട്ടുമുണ്ട്.

2.)നവംബർ 2018 ലും മേൽ പ്രകാരം 2010 എണ്ണം ട്യൂബ് ലൈറ്റുകൾ കൈപ്പറ്റിയിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തിയതായി കൗൺസിലർമാരുടെ ശുപാർശ സഹിതം കരാറുകാരൻ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 507 ട്യൂബുകൾ മാത്രമാണ് അറ്റകുറ്റപ്പണി നടത്തിയിരിക്കുന്നത്.

മേൽ പ്രകാരം അറ്റകുറ്റപ്പണിക്കായി കൈപ്പറ്റുന്ന സാധന സാമഗ്രികളുടെ കൃത്യമായ ഉപയോഗം വിലയിരുത്തുന്ന സംവിധാനത്തിന്റെ അപര്യാപ്തത മൂലം ഈയിനത്തിൽ നഗരസഭക്ക് വൻ തുക നഷ്ടം വരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ അറ്റകുറ്റപ്പണി നടത്തിയതായി കൗൺസിലർമാരുടെ ശുപാർശ സഹിതം ഹാജരാക്കുന്ന സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചപ്പോൾ ആയതിൽ എത്ര എണ്ണം അറ്റകുറ്റപ്പണി നടത്തി, എത്ര എണ്ണം പുതിയതായി ഇട്ടു എന്നോ മറ്റ് സാധന സാമഗ്രികൾ എത്ര എണ്ണം ഉപയോഗിക്കപ്പെട്ടു എന്നതിന്റേയോ വ്യക്തമായ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ കൈപ്പറ്റുന്ന സാധന സാമഗ്രികളുടെ ഉപയോഗത്തിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ സാധന സാമഗ്രികൾ കൈമാറുമ്പോൾ ഉത്തരവാദപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.

ഈ വിഷയത്തിൽ അന്വേഷണം നടത്തി നഗരസഭക്ക് നഷ്ടം സംഭവിച്ചത് പരിശോധന വിധേയമാക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-49 ലാന്റ് അക്വിസിഷൻ കേസുകളിൽ നഗരസഭയുടെ ബാധ്യത-18 കോടി രൂപയിൽ അധികം

അവാർഡ് 1/2010/തീയതി 22.2.2010 പ്രൊസീഡിംഗ്സ് പ്രകാരം സ്റ്റേഡിയം നിർമ്മാണത്തിനായി നഗരസഭ 3.07 ഏക്കർ സ്ഥലം ഏറ്റെടുത്തു. ജില്ലാ കളക്ടറുടെ വാല്യുവേഷൻ പ്രകാരം 1 ആർ സ്ഥലത്തിന് 128000 രൂപ വില നിശ്ചയിക്കുകയും തുക നൽകി സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. അധിക വില സ്ഥലത്തിന് ലഭിക്കുന്നതിന് ഉടമകൾ ഇരിങ്ങാലക്കുട സബ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 13.3.2013 ലെ ഉത്തരവ് പ്രകാരം കോടതി വില 1 ആറ് സ്ഥലത്തിന് 988000രൂപ ആയി ഉയർത്തി നൽകുകയും ചെയ്തു. ഇതിനെതിരെ നഗരസഭ, ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തെങ്കിലും അനുകൂല വിധി നഗരസഭക്ക് നേടിയെടുക്കാനായില്ല. കോടതി വിധി പ്രകാരം ഭൂമി വിലയിൽ ഉണ്ടായ വർദ്ധനവും പ്രസ്തുത കാലയളവ് മുതലുള്ള പലിശയും നൽകുന്നതിനു വന്ന സാമ്പത്തിക ബാദ്ധ്യത നഗരസഭക്ക് നിലവിലും തീർക്കാനായിട്ടില്ല. തുക കൃത്യമായി അടവാക്കാനാവാത്തതിനാൽ തുകയിന്മേൽ പലിശ തുക ഭീമമായ തോതിൽ വർദ്ധിക്കുന്നത് നഗരസഭയുടെ സാമ്പത്തിക ബാദ്ധ്യത വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

30.11.2018 വരെയുള്ള ബാദ്ധ്യത വിവരം താഴെ ചേർക്കുന്നു.

| LAR No. | നൽകേണ്ട വ്യക്തിയുടെ പേര് | തുക |
|---|---|---|
| 22/2010 | ഗില്ലി ഡേവിസ് | 13,1826,710/- |
| 23/2010 | സണ്ണി വർഗ്ഗീസ് വെള്ളാനിക്കാരൻ | 4,74,15,577 |
| 2/2013 | പിഎ ആന്റോ ,പ്രസിഡണ്ട്,വൈ.എം.സി.എ | 6,09,417 |
| | ആകെ | 17,98,51,704 |

പോട്ട മിനി മാർക്കറ്റിനായി 2.5 ഏക്കർ സ്ഥലം ഏറ്റെടുത്ത വകയിൽ 6 LAR കേസുകൾ നിലവിലുള്ളതിൽ ബാധ്യത ഇനത്തിൽ 2083997 രൂപ കൂടി (ഏകദേശം) കൊടുത്തു തീർക്കുവാനുണ്ട്. ( LAR-34/12 മുതൽ 39/12 വരെ).

മേൽ തുകകൾ കൊടുത്തു തീർക്കുന്നതിന് പരിമിതമായ തനത് ഫണ്ട് മാത്രമാണ് നഗരസഭക്ക് ഉള്ളത്. ഈ ബാദ്ധ്യതകൾ വർദ്ധിക്കുന്നതിനനുസൃതമായി തനത് വരുമാനം

വർദ്ധിപ്പിക്കുവാൻ സാധിക്കാത്തതിനാൽ ബാദ്ധ്യതയിന്മേൽ പിഴ പലിശ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. 2017-18 വർഷത്തെ പദ്ധതി പണത്തിലെ ചെലവഴിക്കാത്ത തുകയിൽ നിന്ന് 3,77,56,578/- രൂപ ഈ ഇനത്തിലേക്ക് സർക്കാർ അനുമതിയോടെ അടവാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് അയച്ച അപേക്ഷ പരിഗണിക്കപ്പെട്ടിട്ടില്ല.

ജപ്തി നടപടികളിലേക്ക് നീങ്ങാതെ തുക അടച്ചു തീർക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വേണ്ടനടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നും കൈക്കൊള്ളേണ്ടതാണ്.

## 1-50 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നഗരസഭയുടെ കുടിശ്ശിക-14,65,01,478/-രൂ.

ഫയൽ നമ്പർ-E2/E4-10787/2006.

2006 മുതലുള്ള പ്രസ്തുത ഫയൽ പരിശോധിച്ചതിൽ 31.3.2006 ൽ 706 പൊതുടാപ്പുകൾ ഉള്ളതായും കുടിശ്ശിക 31,22,679/-രൂ ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നതായി കുറിപ്പ് ഫയലിലെ രേഖപ്പെടുത്തലുകളിൽ കാണുന്നു.2008 ൽ 21/20.11.2008 കൗൺസിൽ തീരുമാന പ്രകാരം ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് സംയുക്ത പരിശോധന നടത്തുവാൻ തീരുമാനമെടുത്തു.കാലാ കാലങ്ങളിൽ മേൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.നഗരസഭയിലെ സാമ്പത്തിക പ്രതിസന്ധി കാരണം കൃത്യമായി വാട്ടർ ചാർജ്ജ് അടവാക്കാത്തതാണ് കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നതെന്ന് ഫയലിൽ നിന്ന് വ്യക്തമാണ്.വാട്ടർ അതോറിറ്റി നൽകിയ OTS കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിൽ (2009-10 മുതൽ 2017-18 വരെ)2011-12,2014-15,2015-16,2017-18 എന്നീ വർഷങ്ങളിൽ യാതൊരു തുകയും വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടില്ല. പല വർഷങ്ങളിലും നഗരസഭക്ക് സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകളിൽ നിന്ന് വാട്ടർ ചാർജ്ജ് ഇനത്തിലേക്ക് തുക കുറവ് ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 2009-10 മുതൽ 2017-18 വരെ കുറവ് ചെയ്ത തുക 1,07,48,930 രൂ ആണ്.2018-19 ലും പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയിട്ടില്ല. 2018-19 ൽ തനത് ഫണ്ടിൽ ബിൽ തുക അടവാക്കാനാകുന്ന സ്ഥിതി ഉണ്ടായിരുന്നിട്ടും നഗരസഭ ഈ വിഷയത്തിൽ ശ്രദ്ധ നൽകിയിട്ടില്ല. കുടിശ്ശികയും പിഴപലിശയും വർദ്ധിക്കുന്നതിന് ഇത് ഒരു കാരണമാണ്.

കൗൺസിലർമാർ ഓരോ വാർഡിലേയും പൊതു ടാപ്പുകളുടെ വിവരങ്ങൾ (ഉപയോഗിക്കുന്നതും ഉപയോഗശൂന്യമായവയുടെയും കണക്ക്)നൽകിയിട്ടുണ്ട്. അവയിൽ ഉപയോഗ ശൂന്യമെന്ന് ചൂണ്ടിക്കാട്ടിയ 139 ടാപ്പുകൾ ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ ചെക്ക് നമ്പർ-026992/1.1.2016 പ്രകാരം 153000 രൂ അടവാക്കിയെങ്കിലും ( നമ്പർഡി3-4664/2013 /31.7.2015 ലെ വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമാണ് തുക അടവാക്കിയത് ) , 7/2016 ലെ ബില്ലു മുതൽ 98 ടാപ്പുകളാണ് കുറവ് ചെയ്ത് നൽകിയത് . ഈ വിഷയത്തിലും അധികം അടവാക്കിയ തുക തിരിച്ചു കിട്ടുന്നതിനോ ബാക്കിയുള്ള ടാപ്പുകൾ കൂടി ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതിനോ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല. 2009,2016 വർഷങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക കുറവ് ചെയ്തു നൽകിയെങ്കിലും സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാട്ടി നഗരസഭ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.) സംയുക്ത പരിശോധന നടത്തുന്നതിന് പല തവണ കൗൺസിൽ തീരുമാനിച്ചിട്ടുള്ളത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2.)ഒറ്റത്തവണ പദ്ധതിയുടെ ആനുകൂല്യം ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമായ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

3.)132 ടാപ്പുകൾ ഒഴിവാക്കുന്നതിന് 1.1.2016 ൽ നൽകിയ തുകക്ക് ആനുപാതികമായ എണ്ണം പൈപ്പുകൾ ഒഴിവാക്കി തന്നിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

4.) സ.ഉ.(സാധാ) നം.1275/09/തസ്വഭവ/30.5.2009 ഉത്തരവിൽ മീറ്റർ ഘടിപ്പിക്കുന്നതിന് നൽകിയ നിർദ്ദേശം പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും .

5. )നഗരസഭയുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ നഗരസഭ പരിധിയിൽ ഉള്ള 13500 കുടുംബങ്ങളിൽ 5600 കുടുംബങ്ങളിൽ ഗാർഹിക കണക്ഷവൻ ഉള്ളതായി രേഖപ്പെടുത്തി കാണുന്നു.പൊതു ടാപ്പുകളിൽ ഭൂരിഭാഗവും ഉപയോഗ ശൂന്യമോ ദുരുപയോഗം ചെയ്യപ്പെടുന്നവയോ ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 ൽ 6000 കുടുംബങ്ങൾക്കും കൂടി ഗാർഹിക കണക്ഷൻ പദ്ധതി നടപ്പിലാക്കുവാനും ലക്ഷ്യമിട്ടിരുന്നു.എന്നാൽ 2018-19 ,2019 -20ലും ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല.സ.ഉ.(കൈ) നം.17/2018/തസ്വഭവ/2.2.2018 പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക.7(ബി-7) ൽ ഘട്ടം ഘട്ടമായി പൊതു ടാപ്പുകളുടെ എണ്ണം കുറച്ചു കൊണ്ടുവരുന്നതിനും പകരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കുന്നതിനും സ്റ്റാറ്റസ് റിപ്പോർട്ടിൽ ലക്ഷ്യമിട്ട നേട്ടങ്ങൾ കൈവരിക്കുവാനും അത് വഴി പൊതു ടാപ്പുകൾ ഒഴിവാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-51 കുടിവെള്ള വിതരണം -സർക്കാർ നിർദ്ദേശമില്ലാതെ കരാറുകാരന് തുക നൽകി.

ഫയൽ നമ്പർ-H2/947/17

16.1.2017 ൽ ചാലക്കുടി നഗരസഭയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 12000 ലിറ്ററിന്റെ രണ്ട് കുടിവെള്ള ടാങ്കറുകൾ വാടകക്ക് എടുക്കുവാൻ ചെയർപെഴ്സൺ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും 25.1.2017 ൽ ജയിംസ് കൂട്ടാലി എന്നയാളുടെ 5000 ലിറ്ററിന് 1940 രൂപ നിരക്ക് അംഗീകരിച്ചു. 1.3.2017 ൽ വർക്ക് ഓർഡർ നൽകി. മാർച്ച് മുതൽ ജൂലൈ വരെ കുടിവെള്ള വിതരണം നടത്തി. 1.3.2017 ലെ നമ്പർ-118/ഡിഎ1/2017/തസ്വഭവ &23.2.2017 ലെ സ.ഉ.(സാധാ)787/17/ഡിഎംസി ഉത്തരവുകളിലെ നിർദ്ദേശ പ്രകാരം മാർച്ച് മുതൽ മെയ് വരെ കുടിവെള്ള വിതരണത്തിന് വന്ന ചെലവു തുക റീ ഇംബേഴ്സ് ചെയ്ത് കിട്ടുന്നതിന് 27.7.2017 ൽ കളക്ട്രേറ്റിലേക്ക് കത്തയച്ചു. ജൂൺ, ജൂലൈ മാസങ്ങളിലെ തുക അനുവദിക്കുവാൻ സർക്കാരിലേക്കും കത്ത് നൽകി. കളക്ട്രേറ്റിൽ നിന്നും ലഭിച്ച മറുപടിയിൽ SDRF ൽ നിന്ന് തുക ലഭിക്കുവാൻ സർക്കാർ നിർദ്ദേശം ഇല്ലാത്തതിനാൽ ചെലവ് തുക നൽകുവാൻ സാധ്യമല്ല എന്ന് അറിയിച്ചു. തസ്വഭവ (എഫ്എം) വകുപ്പിന്റെ 662/17/9.3.2017 പ്രകാരം 31.3.2017 വരെ നടത്തിയ കുടിവെള്ള വിതരണത്തിന് നഗരസഭകൾക്ക് 10 ലക്ഷവും 31.5.2017 വരെയുള്ള കാലയളവിലേക്ക് 15 ലക്ഷവും ചെലവഴിക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു. മേൽ പ്രകാരം നിശ്ചയിച്ച പരമാവധി

തുക കവിയുന്ന രീതിയിലുള്ള കുടിവെള്ള വിതരണം യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ല എന്നും ഈ ഉത്തരവിൽ പറയുന്നു.

5.12.2017 ൽ സെക്രട്ടറി എഴുതിയ കുറിപ്പിൽ നടപടിക്രമം പാലിക്കാതെ നടത്തിയ കുടിവെള്ള വിതരണം ആയതിനാൽ കരാറുകാരന് നിയമപ്രകാരം തുക നൽകുവാൻ സാധിക്കുകയില്ല എന്നും വിവരം സർക്കാരിനെ അറിയിക്കുവാനും ഉത്തരവായി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.1.2019 ലെ കത്തിൽ നഗരസഭയുടെ അധികാര പരിധിക്കതീതമായി തുക ചെലവഴിക്കേണ്ടതുണ്ടെങ്കിൽ വ്യക്തമായ പ്രൊപ്പോസൽ സർക്കാർ സാധൂകരണത്തിന് നൽകുവാൻ നിർദ്ദേശിച്ചു. 1.2.2019 ലെ സെക്രട്ടറിയുടെ അംഗീകരിക്കാത്ത അജണ്ട കൗൺസിൽ ചർച്ച ചെയ്യുകയും തുക നൽകുവാൻ തീരുമാനമാവുകയും ചെയ്തു. വിയോജനക്കുറിപ്പ് മറി കടന്ന് 23.2.2019 ൽ കരാറുകാരന് 8,80,760 രൂപ നൽകുവാൻ ചെയർപെഴ്സൺ ഉത്തരവായി. 26.2.2019 ലെ സെക്രട്ടറിയുടെ നോട്ടിൽ നിയമ ലംഘനം നടന്നിട്ടുള്ളതിനാൽ കുടിവെള്ള വിതരണത്തിന് തുക നൽകുന്നത് ചെയർപെഴ്സന്റേയും മറ്റ് കൗൺസിലർമാരുടേയും വ്യക്തിപരമായ ബാധ്യത ആകുമെന്ന് രേഖപ്പെടുത്തിയതിന് പുന:പരിശോധന ആവശ്യമില്ല എന്നും തുക അനുവദിക്കാമെന്നും ചെയർപെഴ്സൻ ഉത്തരവായി. ചെക്ക് നമ്പർ 292951/2.3.2019 പ്രകാരം കരാറുകാരന് നിയമാനുസൃത നികുതികൾ കുറവ് ചെയ്ത് 6,69,416/-രൂപ നൽകി (ആകെ 8,26,440).,തുക അനുവദിച്ച വിവരം സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

<u>കുടിവെള്ള വിതരണത്തിലെ അപാകതകൾ</u>

1. ക്വട്ടേഷൻ പരസ്യം പത്രത്തിൽ നൽകിയില്ല.
2. 23/2/17 ലെ സ.ഉ. (സാധാ)787/17/ഡിഎംഡി ഉത്തരവ് പ്രകാരം സ്വകാര്യ സ്രോതസ്സിലെ ജലം കുടിക്കാൻ യോഗ്യമാണെന്ന് ജല അതോറിറ്റിയോ, ഭക്ഷ്യ വകുപ്പോ, ആരോഗ്യ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഫയലിൽ ഉള്ള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ ഡിവിഷന്റെ ടെസ്റ്റ് റിപ്പോർട്ടിൽ കരാറുകാരന്റെ അഡ്രസ് കെ.കെ. ഷാജി, കൂട്ടാട്ടി, കൊറ്റനല്ലൂർ എന്നാണ്. ജയിംസ് കൂട്ടാലി ആണ് കരാർ എടുത്തത്.
3. 12000 ലിറ്ററിന്റെ ടാങ്കിൽ വിതരണം നടത്തുവാനാണ് കൗൺസിൽ അനുമതി നൽകിയിരുന്നത്. ആയത് 5000 ലിറ്ററാക്കിയതിന് കൗൺസിൽ അനുമതിയില്ല.

4. KL 45-7406 നമ്പർ ശ്രീ.ജയിംസിന്റെ ഉടമസ്ഥതയിൽ ഉള്ള ടാങ്കറിൽ ആണ് കുടിവെള്ള വിതരണം നടത്തേണ്ടതെന്ന് കരാറിൽ ഉണ്ട്. എന്നാല് KL -8 A 4540 എന്ന മിനി ലോറിയിലാണ് കുടിവെള്ള വിതരണം നടത്തിയത്. ആയത് ടിയാന്റെ ഉടമസ്ഥതയിൽ ഉള്ളതുമല്ല.
5.വെള്ളം വിതരണം നടത്തുന്ന ടാങ്കറിനും, കുടിവെള്ള സ്രോതസ്സിനും 2011 ലെ Food Safety & Standards Regulation പ്രകാരമുള്ള FBO ലൈസൻസ് ഉണ്ടായിരിക്കേണ്ടതുമാണ്. ഈ രേഖകൾ ഫയലിൽ ഇല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.1.2019 ലെ കത്തിൽ നഗരസഭയുടെ അധികാര പരിധിക്കതീതമായി തുക ചെലവഴിക്കേണ്ടതുണ്ടെങ്കിൽ വ്യക്തമായ പ്രൊപ്പോസൽ സർക്കാർ സാധൂകരണത്തിന് നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട് എന്നിരിക്കെ സർക്കാർ സാധൂകരണം ലഭിക്കാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും ചെലവ് ചെയ്ത നടപടി ശരിയല്ല. സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സാധൂകരണം ലഭ്യമാകാത്ത പക്ഷം ചെലവ് തുക ആയത് നൽകുവാൻ തീരുമാനമെടുത്ത കൗൺസിലർമാരുടെ ബാദ്ധ്യത ആയി കണക്കാക്കേണ്ടതാണ്.

## 1-52 സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും

ട്രഷറിയിലേക്ക് തിരികെ അടവാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭ സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് മാസം തോറും അടയ്ക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. 2018-19 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ ഇപ്രകാരം സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ട്രഷറിയിലേക്ക് തിരിച്ചടവാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-53 ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ നിയമനം -സർക്കാർ ഉത്തരവ് പ്രകാരം നടത്തേണ്ടതാണ്.

നഗരസഭയിൽ 2018-19 വർഷത്തിൽ (ഓഡിറ്റ് എൻകയറി നമ്പർ-48/13.2.2020 ന് നൽകിയ മറുപടി പ്രകാരം) ദിവസവേതനാടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

| ക്രമ നം. | പേര് | നിയോഗിച്ച ജോലി | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | മണി | ട്രാക്ടർ ഡ്രൈവർ | 2005 മാർച്ച് |
| 2 | കരുൺ | ജെസിബി ഡ്രൈവർ | ഡിസംബർ 2012 |
| 3 | റപ്പായി | ആംബുലൻസ് ഡ്രൈവർ | നവംബർ 2011 |
| 4 | മീറ്റ്/ ഫിഷ്സ്റ്റാൾ ക്ലീനർ | അഗസ്റ്റിൻ | ഫെബ്രുവരി 2013 |
| 5 | ടൗൺഹാൾ വാച്ച്മാൻ | ഗംഗാധരൻ | ജൂലൈ 2015 |
| 6 | ലൈബ്രറി അസിസ്റ്റന്റ് | സതീശൻ | ജൂൺ 2016 |
| 7 | ആയ | സിന്ധു.വി.വി | മാർച്ച് 2017 |
| 8 | ആയ | രാധാമണി ജയൻ | ആഗസ്റ്റ് 2018 |
| 9 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | രേഖ.വി | മെയ് 2009 |
| 10 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | നിതീഷ്.ടി.എസ് | മാർച്ച് 2017 |

മേൽ പറഞ്ഞ താല്ക്കാലിക ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കൗൺസിലിന്റെ അനുമതി ആണ് ഉള്ളതെന്ന് ഓഡിറ്റ് എൻകയറിക്ക് മറുപടി നൽകി.

26/2/2016 തീയ്യതിയിലെ സ.ഉ.(പി) നം.28/2016/ധന ഉത്തരവിൽ ദിവസ വേതന/ കരാർനിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താവൂ

എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ തുടർച്ചയായി നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് ധനവകുപ്പ് 11/01/2019 ൽ പുറപ്പെടുവിച്ച 03/2019/ധന സർക്കുലറിൽ ഈ ഉത്തരവ് കർശനമായി പാലിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ മേൽ പ്രകാരമുള്ള താത്ക്കാലിക നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച ഫയലുകളിലൊന്നും അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം താത്ക്കാലിക നിയമനങ്ങൾക്ക് അംഗീകാരം നേടുന്നതിനും, നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-54 വാർഡ് -8,പോട്ടച്ചിറ ബൈലെയിൻ മുല്ലശ്ശേരി ശങ്കരൻകുട്ടി റോഡ്-പഴയ പോസ്റ്റ് ഓഫീസ് റോഡ് ടൈൽ വിരിക്കൽ-ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 79/19

എഗ്രിമെന്റ് നം. 44/18-19 dt.05.01.19

ബിൽ നം. തി. 133/27.03.19 ,തുക – 158371/-(1st&part bill)

വകയിരുത്തിയ തുക -650000

CGST, SGST Act സെക്ഷൻ 51(1) പ്രകാരം കരാർ തുക 250000/- ൽ കൂടിയാൽ ദാതാവിന് തുക ഭാഗികമായോ, പൂർണ്ണമായോ കൈമാറുമ്പോൾ 1% CGST,SGST എന്നിവ ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. മേൽ പദ്ധതിയിൽ തൻവർഷം പാർട്ട് ബിൽ പ്രകാരം 158371/- രൂപ പിൻവലിക്കുകയും മേൽ പാർട്ട് ബില്ലിൽ നിന്നും CGST, SGST എന്നിവ കുറവ് ചെയ്യാതെ ഇൻകംടാക്സ്, ക്ഷേമനിധിവിഹിതം എന്നിവ കുറച്ച് 151244/ രൂപ കരാറുകാരന് കൈമാറുകയും ചെയ്തു. ഫൈനൽ ബിൽ നൽകുമ്പോൾ ടി ബിൽ തുക കൂടി ഉൾപ്പെടുത്തി CGST, SGST എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-55 വി.ആർ.പുരം റോഡ് നിർമ്മാണം -അപാകതകൾ

പ്രോജക്റ്റ് നം. 331/19

എഗ്രിമെന്റ് നം. 11/17-18 dt.28.03.18

ബിൽ നം. തി. 33/30.10.18 ,തുക – 705724/-(1st&part bill)

ബിൽ നം. തി.145/29.03.19 -139636/-

വകയിരുത്തിയ തുക -932394/

സൈറ്റ് ഹാന്റ് ഓവർ ചെയ്ത തിയതി-02.04.18

കോൺട്രാക്ടർ -കെ.എസ്.പൗളി

എം.ബുക്ക് നം. 104/18-19

,, 225/17-18

അളവെടുത്ത തിയ്യതി. 04.03.19

<u>അപാകതകൾ</u>

എ)മേൽ പദ്ധതി പ്രകാരം തൻവർഷം പാർട്ട് ബിൽ പ്രകാരം 845360/- രൂപ പിൻവലിക്കുകയും കരാറുകാരന് ഇൻകംടാക്സ്, ക്ഷേമനിധിവിഹിതം എന്നിവ കുറച്ച് തുക കൈമാറുകയും ചെയ്തു. CGST, SGST Act സെക്ഷൻ 51(1) പ്രകാരം കരാർ തുക 250000/-ൽ കൂടിയാൽ ദാതാവിന് തുക ഭാഗികമായോ, പൂർണ്ണമായോ കൈമാറുമ്പോൾ 1% CGST, SGST എന്നിവ ഈടാക്കേണ്ടതാണ്. മേൽ രണ്ട് ബില്ലുകളിൽ നിന്നും CGST, SGST എന്നിവ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി.

ബി)മേൽ പ്രവൃത്തിക്ക് വേണ്ടി സൈറ്റ് ഹാന്റ് ഓവർ ചെയ്ത തിയ്യതി 02.04.18 ആണ്. കരാർ പ്രകാരം മൂന്ന് മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത് 04.03.19 ന് ആണ്. പണി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുന്നതിന് അപേക്ഷിക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല.

സി)മേൽ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം.1 ആയി 99.05 $m^3$ മണ്ണ് കുഴിച്ചെടുക്കുകയും, എക്സ്ട്രാ ഇനം (3) ആയി 39.62 $m^3$ മണ്ണ് ചിൽഡ്രൻസ് പാർക്ക് യാർഡിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള മണ്ണിന്റെ വിനിയോഗവിവരം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇനം (2) ആയി 10 cm മുതൽ 15 cm വരെ കനത്തിൽ ക്വാറി വേയ്സ്റ്റ് ഫിൽ ചെയ്തിട്ടുമുണ്ട്. എന്നാൽ ഫില്ലിങ്ങിനായി കുഴിച്ചെടുത്ത മണ്ണ് ആയതിന് ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. ലഭ്യമായ മണ്ണ് ഉപയോഗിക്കാതെ 15cm കനത്തിൽ ക്വാറിവേയ്സ്റ്റ് ഫിൽ ചെയ്യുവാനുണ്ടായ സാഹചര്യം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി -66/15.02.2020). <u>ബാക്കിയുള്ള മണ്ണിന്റെ</u> വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-56 വാർഡ് 28,തരകൻ ബൈലൈൻ എം.സി.എച്ച് ബൈലൈൻ ,പാലമറ്റത്ത് ബൈലൈൻ പുനരുദ്ധാരണം -നാളിതു വരെ പണിപൂർത്തീകരിച്ചിട്ടില്ല.

വകയിരുത്തിയ തുക -1000000/-

പ്രോജക്റ്റ് നം. 93/19

എഗ്രിമെന്റ് - 56/18-19/10.01.19

കോൺട്രാക്റ്റർ -കെ.പി.ജോയ്

കരാർ കാലാവധി -മൂന്ന് മാസം

മേൽ പ്രവൃത്തിയിൽ റീ-ടാറിങ്ങ്, ഐറിഷ് ഡ്രെയിൻ എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നുവെങ്കിലും തൻ വർഷം റീ-ടാറിങ്ങ് പ്രവൃത്തികൾ മാത്രം ചെയ്ത് ഫസ്റ്റ് &പാർട്ട് ബിൽ നൽകി. 2019-20 വർഷത്തേക്ക് 258/20 പ്രകാരം പ്രവൃത്തി സ്പിൽ ഓവറാക്കി ഉൾപ്പെടുത്തിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാർ കാലാവധി പൂർത്തിയായിട്ടും കരാറുകാരനെതിരെ ഒരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. 68/15.02.20 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി പ്രാദേശികമായി തർക്കം ഉണ്ടായതിനാൽ താല്ക്കാലികമായി പ്രവൃത്തി നിർത്തി വെച്ചിട്ടുള്ളതാണെന്നും

2019-20 ൽ പ്രവൃത്തി പൂർത്തീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരക്കേണ്ടതാണ്.

## 1-57 വാർഡ് 12- കല ക്ലബ് മുതൽ അതിരപ്പിള്ളി റോഡ് വരെ ചർച്ച് റോഡ് - ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം.189/19

വകയിരുത്തിയ തുക -400000/-

എഗ്രിമെന്റ്-1/18-19/02.11.18

ബിൽ നം. തി.61/25.01.19-399205/-

മേൽ പ്രവൃത്തിയുടെ ഇനം (1) പ്രകാരം കൾവെർട്ട് പൊളിച്ച ഇനത്തിൽ 8 $m^3$ കരിങ്കല്ല് പൊളിച്ചെടുത്തിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്തിട്ടില്ല. ഓഡിറ്റ് എൻക്വയറി 67/15.2.2020 നൽകിയതിനു മറുപടിയായി പൊളിച്ച കനാൽ, നഗരസഭയുടെ ആസ്തിയല്ലാത്തതുകൊണ്ടാണ് കരിങ്കല്ല് സ്റ്റോക്കിലെടുക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. നിലവിലുള്ള മരപ്പാലം കേടായതിനാൽ കനാലിനു കുറുകെ രണ്ട് സ്ഥലങ്ങളിലായി മരപ്പാലം മാറ്റി രണ്ട് കൾവെർട്ട് പണി പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന് ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭിച്ചതായി കാണുന്നില്ല. ഇറിഗേഷൻ അധികൃതരുടെ വാക്കാലുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഫയലിൽ ഇത് സംബന്ധിച്ച വിവരം ഇല്ല. ഇറിഗേഷൻ വകുപ്പിൽ നിന്നുമുള്ള അനുമതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-58 മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള കാലയളവിൽ പൂർത്തീകരിച്ചിട്ടില്ല. വൈകിയതിന് കാരണം സംബന്ധിച്ച വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറിലെ 7-ാം വ്യവസ്ഥ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ പത്ത് ശതമാനം കൂടി പിഴ കൂടാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന മുപ്പത് ദിവസം വരെ കരാർ തുകയുടെ രണ്ടു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് ഓരോ മാസത്തിനും കരാർ തുകയുടെ അഞ്ചു ശതമാനം വീതം ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കുകയുള്ളു. ഫൈൻ ഈടാക്കി പൂർത്തീകരണകാലാവധി നീട്ടിനൽകിയതായി കാണുന്നില്ല. ഫൈനൽ ബില്ലിൽ നിന്നും ഫൈൻ കുറവുചെയ്തിട്ടുമില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. Memo of work പ്രകാരം 3 മാസമാണ് പൂർത്തീകരണ കാലാവധി

| ക്രമ നം | പ്രവൃത്തിയുടെ പേര്,<br><br>അടങ്കൽ തുക | കരാറുകാരന്റെ പേര്,<br><br>കരാർ നം, തിയതി | ട്രഷറി ബില്ല്,തിയതി,<br><br>ചെലവ് തുക | സൈറ്റ് കൈമാറിയ തിയതി, | പ്രവൃത്തി പൂർത്തീകരിച്ച<br><br>തിയതി, |
|---|---|---|---|---|---|

| | | | | പൂർത്തീകരിക്കേണ്ട തിയതി | അളവു പുസ്തകം |
|---|---|---|---|---|---|
| 1 | 296/19,ആറാട്ടുകടവ് ജംഗ്ഷൻമുതൽ കലക്കുബ്ബവരെയുള്ള കനാൽബണ്ട്റോഡ് പുനരുദ്ധാരണം<br>MG(R)-400000 | ജോയ് ചെറിയാൻ<br>100/2017-18(AE)/28.3.2018 | 363175/-(ചെലവ് 2019-2020 ൽ ആണ്) | 3.4.2018<br>2.7.2018 | 25.3.2019<br>146/18-19 |
| 2 | 284/19കെ.കെ.റോഡ് പുനരുദ്ധാരണം, വാർഡ്36<br>400000 | കെ.ടി.ബിജു<br>89/2017-18(AE)/27.3.2018 | 72/18.3.19<br>388425/- | സൈറ്റ് കൈമാറിയ തിയതിഇല്ല, കരാർ തിയതി-27.3.2018<br>26.6.2018 | 17.2.2019<br>19/2018-19 |
| 3 | 270/19<br>ടെലഫോൺ എക്സ്ചേഞ്ച്കലുങ്ക് വീതി കൂട്ടൽ<br>500000 | കെ.ടി.ഷിജു<br>38/2017-18(AE)/1.2.2018 | 108/21.3.19<br>427298/- | 1.2.2018<br>31.5.2018 | 25.2.2019<br>160/18-19 |
| 4 | 301/19<br>ഏത്തപ്പിള്ളി കോളനി പുനരുദ്ധാരണം,<br>350000 | കെ.പി.ജോയ്<br>25/2017-18(AE)/21.12.2017 | 9/5.7.18<br>317238/- | 22.12.2017<br>21.3.2018 | 1.6.2018<br>270/17-18 |
| 5 | ആറങ്ങാലിറോഡ് പുനരുദ്ധാരണം, വാർഡ് 24 ,26<br>SO309/19<br>അടങ്കൽ-11,17,000 | കെ.പി.ജോയ്<br>65/2017-18(AE)/12.3.2018 | 702653/-(2017-18)<br>ട്രഷറി ബില്ല് നം.135/29.3.19 ,29563/- , ആകെ-998284/- | 12.3.18<br>11.6.18 | 12.2.19<br>88/18-19 |
| 6 | കസ്തൂർബ വനിതവ്യവസായ യൂണിറ്റ് വൈദ്യുതീകരണം-പൂർത്തീകരണം<br>SO-273/19<br>അടങ്കൽ -996000/- | കെ.പി.ജോയ്<br>81/17-18 dt. 26.03.18 | 81/18.03.19<br>-816902/- | 26.03.18<br>25.06.18 | 03.01.19<br>64/18-19 |
| 7 | വി.ആർ.പുരം റോഡ് നിർമ്മാണം -അപാകതകൾ<br>331/19<br>അടങ്കൽ-932394/- | കെ.എസ്.പൗളി.<br>11/17-18dt.28.03.18 | 33/30.10.18-705724<br>145/29.03.19-139636 | 02.04.18<br>01.07.18 | 04.03.19<br>104/18-19<br>225/18-19 |
| 8 | വാർഡ് 5-കൗതുകപാർക്ക് റോഡ് പുനരുദ്ധാരണം,<br>315/19<br>അടങ്കൽ- 4,00,000/ | ജോയ് ചെറിയാൻ<br>101/2017-18(AE)/ 28.3.2018 | 121/21.3.2019 , 362971/- | 2.4.2018<br>1.7.2018 | 13.3.2019.<br>91/2018-19 |

പൊതുമരാമത്ത് മാന്വൽ 2012, (ജി.ഒ(പി)13/2012/PWD/1.2.2012), സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണങ്ങളാലോ കരാറുകാരന്റെ പിഴവുമൂലമോ നിശ്ചിതസമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ, പ്രവൃത്തിയുടെ കാലാവധി തീരുന്നതിനുമുൻപു തന്നെ കരാറുകാരൻ, ദീർഘീകരണത്തിനുള്ള അപേക്ഷ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന നൽകേണ്ടതും കരാറുകാരന്റേതല്ലാത്ത കാരണങ്ങളാലാണെങ്കിൽ പിഴ കൂടാതെയും കരാറുകാരന്റെ പിഴവുമൂലമാണെങ്കിൽ പിഴയോടെയും സമയംദീർഘിപ്പിച്ച് നൽകാവുന്നതാണ്. പൊതുമരാമത്ത് മാന്വൽ 2012, സെക്ഷൻ 2112 പ്രകാരം പരമാവധി നീട്ടിനൽകാവുന്നത് യഥാർത്ഥ കാലയളവിന്റെ പകുതി സമയം മാത്രമാണ്. 11.10.2018ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 2018-19വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സ്പിൽ ഓവർ പ്രവൃത്തികളുടെ കാലാവധി 2019 മാർച്ച് 31 വരെ നീട്ടിനൽകിയിട്ടുണ്ട്. ആഗസ്ത് 2018 ലെ പ്രളയം മൂലമാണ് പൂർത്തീകരണത്തിന് കാലതാമസം നേരിട്ടതെന്നാണ് ഓഡിറ്റ് എൻക്വയറി 40/12.2.2020 ന് അസി.എഞ്ചിനീയർ മറുപടി തന്നിരിക്കുന്നത്. മുകളിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികളെല്ലാം തന്നെ ആഗസ്ത് 2018 നുമുൻപ് പൂർത്തീകരിക്കപ്പെടേണ്ടവയായിരുന്നു. ഇവ എന്തുകൊണ്ട് വൈകി എന്നതു സംബന്ധിച്ച് വ്യക്തതയില്ല. പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള വ്യവസ്ഥകളോടെയുള്ള കരാർ തയ്യാറാക്കേണ്ടതുംമാന്വലിൽ നിർദ്ദേശിക്കുന്ന പ്രകാരം ഓരോ പ്രവൃത്തിയുടെയും 'chronological programme' കരാറിന്റെ ഭാഗമാക്കേണ്ടതും ആയതനുസരിച്ച് പണി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ കരാർവ്യവസ്ഥപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-59 വാർഡ് 7-വ്യാസ സ്കൂൾ റോഡ് കാന പുനരുദ്ധാരണം- അധികം തുക ചെലവഴിച്ചു

അടങ്കൽ-1,00,000

ചെലവ്-90427/-(ട്രഷറി ബില്ല് നം42/30.10.18)

MB no.264/17-18

മേൽ പ്രവൃത്തിയിൽ ഇനം 4-Providing and laying in position specified grade of reinforced cement concrete....... എന്ന പണി ചെയ്തതിന്റെ അളവ് 5.55$m^3$ എന്നു തെറ്റായി കണക്കാക്കിയത് 5.06 $m^3$ എന്നു തിരുത്തി ആയതിന്റെ തുക 5.06 x 7922.96/$m^3$= 40090.18/- എന്നും ആകെ പ്രവൃത്തി മൂല്യം 90427.04 എന്നത് 86545/- രൂപ എന്നും അളവു പുസ്തകത്തിലും ബില്ലിലും കണക്കാക്കിയിട്ടുണ്ട്. എന്നാൽ 90427 രൂപ തന്നെ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചു. (കരാറുകാരന് -88619/-, ഐ.റ്റി-904 /-, KBOCWW- 904 /-, )

അതായത് 3882/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

അധികം അനുവദിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കുമെന്ന് ഓഡിറ്റ് എൻക്വയറി 41/12.2.2020ന് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്. അതുവരെ 3882/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-60 ടൗൺഹാൾ നിർമ്മാണം -നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

വാർഷികകണക്കിൽ കോഡ് നം.460400201 Advance to contractors -Advance paid എന്ന ഹെഡ്ഡിൽ 4,09,84,872/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ ലെഡ്ജർ പ്രകാരം ഈ തുക

ടൗൺഹാൾ നിർമ്മാണപ്രവൃത്തിയുടെ കരാർ ഏജൻസിയായ ഊരാളുങ്കൽ സൊസൈറ്റിക്ക് മാർച്ച് *2014 മുതൽ ഒക്ടോബർ 2015 വരെയുള്ള കാലയളവിൽ അനുവദിച്ച അഡ്വാൻസ് തുകയാണെന്നു കാണുന്നു. പണിപൂർത്തീകരിച്ച് ഈ തുക 31.3.2019ലും ക്രമീകരിച്ചിട്ടില്ല.*

2016-17 വർഷം ടൗൺഹാൾ നിർമ്മാണത്തിനായി ചെലവഴിച്ചതുകയുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക്((79/17.2..2020)*മറുപടി ലഭിച്ചിട്ടില്ല.*

*2017-18 ൽ ടൗൺഹാളുമായി ബന്ധപ്പെട്ട മൂന്ന് പ്രൊജക്റ്റുകൾ അസി.എഞ്ചിനീയർ* നടപ്പാക്കിയിട്ടുണ്ട് *(366/18* ടൗൺഹാൾ യാർഡ് നിർമ്മാണം*,368/18* ടൗൺഹാൾ കോമ്പൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ്, 142/18 ടൗൺഹാൾ അടിസ്ഥാനസൗകര്യവികസനം). മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്തിരുന്ന നമ്പർ 27/18 ടൗൺഹാൾ അടിസ്ഥാനസൗകര്യവികസനം എന്ന പ്രൊജക്റ്റ് ഒഴിവാക്കി ആയതിന് വകയിരുത്തിയ തുക 3,40,47,185/- രൂപ കൗൺസിൽ തീരുമാനം 1/20.3.2018 പ്രകാരം LAR കേസുകളിലേക്ക് അടവാക്കുന്നതിന് തീരുമാനിച്ചു.

2018-19 വർഷം ടൗൺഹാളിലേക്കായി പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടില്ല.

ടൗൺഹാൾ നിർമ്മാണപദ്ധതിയുടെ പുരോഗതി, ഊരാളുങ്കൽ സൊസൈറ്റിക്ക് നാളിതുവരെ അനുവദിച്ച തുക എന്നീ വിവരങ്ങൾ ലഭ്യമാക്കണമെന്നും ഓഡിറ്റ് എൻക്വയറി 79 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ടൗൺഹാൾ നിർമ്മാണപ്രവൃത്തി ആരംഭിച്ച് 6 വർഷം കഴിഞ്ഞു, 4 കോടി രൂപയിലധികം ചെലവഴിച്ച് കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ടൗൺഹാൾ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-61 സൗത്ത് ബസ്സ് സ്റ്റാന്റ് നവീകരണം-സമഗ്രമായ പദ്ധതി തയ്യാറാക്കേണ്ടതാണ്

സൗത്ത് ബസ്സ് സ്റ്റാന്റ് നവീകരണത്തിനായി താഴെ പറയുന്നപ്രകാരം മൂന്ന് പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

i)SO368/19 സൗത്ത് ബസ്സ് സ്റ്റാന്റ് കെട്ടിടം അറ്റകുറ്റപ്പണി – അടങ്കൽ-20,00,000

ചെലവ്-2017-18 ലെ ചെലവ്-1427211 ,
2018-19ലെ ചെലവ് -109024 (ട്രഷറി ബില്ല് നം.36/19.3.19), ആകെ- **1536235**

ii)SO371/19 ,സൗത്ത് ബസ്സ് സ്റ്റാന്റ് നവീകരണം - അടങ്കൽ-24,00,000

ചെലവ്-ട്രഷറി ബില്ല് നം.28/20.6.2018, 483557

ട്രഷറി ബില്ല് നം.43/23.3.19-935518 , ആകെ- **1419075/-**

iii)സൗത്ത് ബസ്സ് സ്റ്റാന്റ് നവീകരണം,SO168/19 , (spillover 242/20) - അടങ്കൽ-12,00,000

ചെലവ്-ട്രഷറി ബില്ല് നം.143/29.3.19-450729/- 2019-20 ലെ ചെലവ്-619263/-ആകെ- **10,69,992/-**

**അപാകതകൾ**

1)മൂന്ന് പ്രവൃത്തികളും സൗത്ത് ബസ് സ്റ്റാന്റ് കെട്ടിടത്തിലും പരിസരത്തുമാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ടുകളിലെ വിശദാംശങ്ങളിൽ നിന്നും ചെയ്യാനുദ്ദേശിക്കുന്ന പണികൾ സംബന്ധിച്ച് വ്യക്തമായ വിവരം ലഭിക്കുന്നില്ല. മൂന്ന് പദ്ധതികളിലും സമാനമായ പണികൾ തന്നെ ചെയ്തുകാണുന്നു. ഉദാഹരണത്തിന് പ്ലാസ്റ്ററിംഗ്, ഫ്ലോർ ടൈൽ ഇടൽ, പെയിന്റിംഗ്, ഷീറ്റ് ഇടൽ തുടങ്ങിയവ. ഓരോ

വർക്കിലും ബസ്സ് സ്റ്റാന്റിന്റെ എതെല്ലാം ഭാഗങ്ങളിലാണ് ഇപ്രകാരമുള്ള ഒരേ ഇനം പണികൾ ചെയ്തതെന്ന് ഫയലുകളിൽ നിന്നും വ്യക്തമല്ല.

2) SO371/19 -ാം നമ്പർ പദ്ധതിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാതെ second and part bill നൽകിയശേഷം ക്ലോസ്സ് ചെയ്തതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിക്കാണുന്നു. 2019-20 വർഷം ടി പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ലാത്തതിനാലും പദ്ധതി പ്രദേശത്ത് അംഗീകരിച്ച എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന ശേഷിച്ച ഇനങ്ങൾ ചെയ്യുന്നതിന് സ്ഥലലഭ്യത ഇല്ലാത്തതിനാലും പദ്ധതി ക്ലോസ് ചെയ്യാവുന്നതാണെന്നാണ് അസി.എഞ്ചിനീയർ അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പണികളിൽ ചെയ്യാൻ ബാക്കിയുള്ളവ Chequered precast cement concrete tiles...,woodwork, steel work, white wash, painting തുടങ്ങിയവയാണ്. പദ്ധതി പ്രദേശത്ത് സ്ഥലലഭ്യത ഇല്ലാത്തതിനാൽ മേൽപണികൾ പൂർത്തീകരിക്കാനായില്ല എന്നതാണ് പദ്ധതി ഉപേക്ഷിക്കുന്നതിനുള്ള കാരണമായി പറഞ്ഞിട്ടുള്ളത്. വുഡ് വർക്ക്, സ്റ്റീൽ വർക്ക്, പെയിന്റിംഗ് എന്നീ പ്രവൃത്തികൾ നിലവിലുള്ള കെട്ടിടങ്ങളോടു ബന്ധപ്പെട്ടവയായിരിക്കും, സ്ഥലലഭ്യതക്കുറവ് എപ്രകാരം ഈ പണികൾക്ക് തടസ്സമായി എന്നത് വ്യക്തമല്ല. കരാർ തുക 16.46 ലക്ഷമായിരുന്നു. കരാറുകാരന് 14.19 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.
ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള അളവുപുസ്തകം 314/17-18 page 2-11 പ്രകാരം എക്സ്ട്രാ ഐറ്റംസ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നുണ്ട്. ഇവക്കുള്ള തുക കരാറുകാരന് അനുവദിച്ചിട്ടില്ല. ആയതിന് കാരണം വ്യക്തമല്ല. (ഓഡിറ്റ് എൻക്വയറി 59/14-02-2020).
ബസ് സ്റ്റാന്റ് നവീകരണത്തിനായി മൂന്ന് പദ്ധതികളിലായി 56 ലക്ഷം വകയിരുത്തുകയും 2017-18, 2018-19, 2019-20 വർഷങ്ങളിലായി 40 ലക്ഷത്തിലധികം ചെലവഴിക്കുകയും ചെയ്തു. ഒരേ വർക്ക് സൈറ്റിൽ ഇപ്രകാരം വ്യത്യസ്ത പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി ഭാഗികമായി അറ്റകുറ്റപ്പണികൾ നടത്തുന്നത് ഒഴിവാക്കി, സമഗ്രമായ നവീകരണപദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തേണ്ടതും പദ്ധതിപ്രവർത്തനങ്ങളിലേയും ധനവിനിയോഗത്തിലേയും സുതാര്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-62 നോർത്ത് ബസ് സ്റ്റാന്റ് നവീകരണം-കരാർ പ്രകാരമുള്ള പണികൾ പൂർത്തീകരിക്കാതെ പദ്ധതി അവസാനിപ്പിച്ചു

നിർവ്വഹണം-മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്റ്റ് നം 30/18, spill over-370/19

അടങ്കൽ-ധനകാര്യകമ്മീഷൻ ഗ്രാന്റ്-30,00,000/-

കോൺട്രാക്റ്റർ-എം.എ.ജേക്കബ്, കരാർ തുക-25,46,658.85/-

ചെലവ്- 2017-18 ലെ തുക-first and part bill-1607465/-

2018-19ലെ തുക ട്രഷറി ബില്ല് നം.34/20.3.2019 , 307560 , ആകെ ചെലവ് 1915026/-

നോർത്ത് ബസ് സ്റ്റാന്റിലേക്കുള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള വീതികുറഞ്ഞ റോഡ് പൊളിച്ച് മാറ്റി വീതികൂട്ടി സിമന്റ് കോൺക്രീറ്റ് ടൈൽ വിരിക്കുന്നതിനും സ്റ്റാന്റിന് ചുറ്റുമതിൽ കെട്ടി വെള്ളക്കെട്ടുള്ളിടത്ത് സിമന്റ് കോൺക്രീറ്റ് ടൈൽ വിരിക്കുന്നതിനും ആണ് പ്രൊജക്റ്റിൽ ഉദ്ദേശിച്ചിരുന്നത്.

**അപാകതകൾ**

കരാർ നം 3/2.11.2017

സെലക്ഷൻ മെമ്മോ പ്രകാരം കരാറുകാരൻ ഉടമ്പടി തിയതി മുതൽ ആറു മാസത്തിനകം അതായത് 1.5.2018 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണം. അളവുപുസ്തകം 242/17-18 പ്രകാരം രണ്ടാം പാർട്ട് ബില്ലിന്റെ അവസാന അളവെടുത്തത് 16.04.2018 തിയതിയാണ്. Second and part bill നുശേഷം പണികളൊന്നും തന്നെ നടത്തിയിട്ടില്ല. കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് കരാറുകാരനെ ഓർമ്മപ്പെടുത്തുകയോ സപ്ലിമെന്ററി കരാർ വച്ച്, വൈകിയതിന് പിഴ ഈടാക്കി കാലാവധി നീട്ടിനൽകുകയോ ചെയ്തതായി ഫയലിൽ ഇല്ല.

പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാലും മറ്റ് പദ്ധതികൾ മുഖേന വിവിധ പ്രവൃത്തികൾ നടന്നുവരുന്നതിനാലും ടി പദ്ധതി അവസാനിപ്പിക്കാവുന്നതാണെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത് അംഗീകരിച്ച് പദ്ധതി അവസാനിപ്പിക്കാനും റീടെൻഷൻ തുക അനുവദിക്കാനും നഗരസഭാകൗൺസിൽ 20.7.2019 തിയതിയിൽ 5-ാംനമ്പറായി തീരുമാനമെടുത്ത് പദ്ധതി അവസാനിപ്പിച്ചിരിക്കുന്നതായാണ് ഫയലിൽ കാണുന്നത്.

കരാറുകാരൻ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ അളവിലും പണികൾചെയ്തു തീർത്തിരുന്നില്ല. കരാർ തുക 25,46,658.85/- രൂപയായിരിക്കെ 19,15,026/-രൂപയുടെ പ്രവൃത്തി ചെയ്ത ശേഷം പ്രൊജക്റ്റ് ഉപേക്ഷിച്ചു. മേൽ പദ്ധതിയിൽ കൂടുതൽ പണികൾ ചെയ്യാനില്ലാത്തതിനാലും മറ്റു പ്രൊജക്റ്റുകൾ പ്രകാരം പണികൾ നടന്നുവരുന്നതിനാലും ആണ് അവസാനിപ്പിക്കാൻ തീരുമാനമെടുത്തതെന്ന് കാണുന്നു. സൈറ്റ് കണ്ടീഷൻ ശരിയായി വിലയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതുകൊണ്ടും ഒരേ പദ്ധതിപ്രദേശത്ത് പലപേരുകളിൽ പ്രൊജക്റ്റുകൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. 30 ലക്ഷം രൂപയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്, 19.15ലക്ഷം രൂപ മാത്രമാണ് പ്രൊജക്റ്റ് അവസാനിപ്പിക്കാനായി വേണ്ടിവന്നത്. അതായത് 10.48 ലക്ഷം രൂപ അനാവശ്യമായി ഒരു പ്രൊജക്റ്റിനായി മാറ്റി വയ്ക്കപ്പെട്ടു. സൈറ്റ് കണ്ടീഷൻ ശരിയായി വിലയിരുത്തി ആവശ്യമായ തുകക്ക് മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ കുറഞ്ഞത് 10.48 ലക്ഷം രൂപയെങ്കിലും മറ്റൊരു പദ്ധതിയ്ക്കായി നീക്കിവക്കാമായിരുന്നു.

ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം-77/17.2.2020)

# 1-63 പദ്ധതി പ്രദേശം ശരിയായി വിലയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്

മരാമത്ത് പ്രവൃത്തികളിൽ പലപ്പോഴും എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരെ ഏല്പിച്ച ശേഷം, പണികളിൽ മാറ്റം വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നിട്ടുള്ളതായിക്കാണുന്നു. ആദ്യം ചെയ്യാനുദ്ദേശിച്ച പണികളിൽ നിന്നും വ്യത്യസ്തമായ പണികളാണ് പലപ്പോഴും യഥാർത്ഥത്തിൽ ചെയ്യേണ്ടി വരുന്നത്.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

**i)വാർഡ് 27 കോട്ടാട്ട് തോട്ടവീഥി മൂത്തേലി റോഡ് പുനരുദ്ധാരണം.SO298/19**

അടങ്കൽ-4,00,000

ചെലവ്-ട്രഷറി ബില്ല് നം 32/30.10.18 , 353664/-

എസ്റ്റിമേറ്റിൽ 200m റീടാറിംഗ്, 50m cement concreting, 185 സ്ലാബിടൽ എന്നീ പണികളാണ് ഉൾപ്പെടുത്തിയിരുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സമീപത്തുള്ള PWD റോഡിനേക്കാൾ താഴ്ന്ന ലെവൽ ഉള്ളതിനാൽ വാർഡ് കൗൺസിലറുടെ നിർദ്ദേശം, ബഹു കൗൺസിൽ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ റീടാറിംഗ് പൂർണ്ണമായി ഒഴിവാക്കി റോഡ് സ്കാരിഫൈ ചെയ്ത് ക്വാറി വേസ്റ്റ് ഇട്ട് ഉയർത്തി സിമെന്റ് കോൺക്രീറ്റ് ടൈൽ വിരിക്കുന്നതിന് തീരുമാനിച്ചപ്രകാരമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിന് ടി.എസ് നൽകിയപ്പോൾ ഈ പ്രൊജക്റ്റ് ഡി.പി.സി യിൽ വച്ച് റെക്റ്റിഫൈ ചെയ്യണമെന്ന് അസി.എക്സി.എഞ്ചിനീയർ നിബന്ധന വച്ചിട്ടുണ്ട്. ഡി.പി.സി യിൽ നിന്നും അനുമതി ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. മേൽപ്രകാരം ഡി.പി.സി യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**ii)വാർഡ് 5- കൗതുകപാർക്ക് റോഡ് പുനരുദ്ധാരണം,315/19**

അടങ്കൽ- 4,00,000/-

ചെലവ്-ട്രഷറി ബില്ല് നം.121/21.3.2019 , 362971/-

കരാറുകാരൻ-ജോയ് ചെറിയാൻ

കരാർ നം.101/2017-18(AE)/ 28.3.2018

(എസ്റ്റിമേറ്റിൽ cost index 40.2% , revised estimate ൽ-37.25%)

എസ്റ്റിമേറ്റ് പ്രകാരം 400m നീളം റീട്ടാറിംഗ് പ്രവൃത്തിയാണ് ചെയ്യേണ്ടിയിരുന്നത് . റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്തത് 145m നീളം റീടാറിംഗ്, 110 മീ.നീളം മെറ്റലിംഗ്, ടാറിംഗ് എന്നീ പണികളാണ്. എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ലാത്തതിനാൽ ചെയ്യാനുദ്ദേശിച്ച പ്രവൃത്തികൾ സംബന്ധിച്ചും, പ്രവൃത്തിയിൽ വന്ന വ്യതിയാനത്തിന് കാരണവും വ്യക്തമല്ല.

**iii)ആറങ്ങാലി റോഡ് പുനരുദ്ധാരണം,വാർഡ് 24 ,26** , SO309/19

അടങ്കൽ-11,17,000

ചെലവ്-702653/-(2017-18)

ട്രഷറി ബില്ല് നം.135/29.3.19 ,29563/- , ആകെ-998284/-

അളവു പുസ്തകം-215/17-18 , 88/18-19

എസ്റ്റിമേറ്റിൽ 890m നീളം ടാറിംഗ്, 30m നീളം ടൈൽ ഇടൽ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തികളിൽ മാറ്റം വരുത്തി, 442m നീളം ടാറിംഗ്, ടൈൽ ഇടൽ ഒഴിവാക്കി 107m ക്വാറി മക്ക് ഫില്ലിംഗ്, റോഡ് മണ്ണിട്ട് ഉയർത്തൽ, കാന തയ്യാറാക്കി സ്ലാബിടൽ എന്നിവ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ മറ്റു അപാകതകൾ

a]കരാറുകാരനായ കെ.പി.ജോയിക്ക് സൈറ്റ് കൈമാറിയത് 12.3.2018ന്, കരാർ നം 65/2017-18(AE)/12.3.2018. അളവുപുസ്തകം 215/17-18 പ്രകാരം ആദ്യ അളവെടുത്തത് 8.3.2018നാണ്. ആയതനുസരിച്ച കരാർ വക്കുന്നതിന് മുൻപ് കരാറുകാരൻ പണി തുടങ്ങി.

b]എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും പറയാത്ത പണി ചെയ്യിക്കുന്നു
പ്രവൃത്തി--Extra item -Drain & Covering slab(പുതുക്കിയ എസ്റ്റിമേറ്റ്)

MB 88/18-19 page 21 പ്രകാരം 4.2-Providing and laying in position cement concrete of 1:4:8........... എന്ന ഇനം ചെയ്തത്

10.800 m3 x 6146.26 = **66379.61 രൂപ**

റി.എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമായത്-10.500m 3 x 6146.26 = **64535.73**
അളവുപുസ്തകം 88/18-19 page 10 പ്രകാരമുള്ള side of slab ramp concreting എന്ന പണി (ക്രമനം 4.4) 1.20$m^3$ അളവു ചെയ്യത് ഉൾപ്പെടെയാണ് മേൽ തുക അനുവദിച്ചത് .ഈ പണി എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും പറഞ്ഞുകാണുന്നില്ല.

ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

മിക്കവാറും എല്ലാ ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് /പ്രൊജക്റ്റ് റിപ്പോർട്ട് ഇല്ല. പല ഫയലുകളിലും എസ്റ്റിമേറ്റിനും റിവൈസ്ഡ് എസ്റ്റിമേറ്റിനും ടെക്നിക്കൽ സാങ്ക്ഷൻ ലഭിച്ചതിന്റെ രേഖകളില്ല.
മേൽ പറഞ്ഞവ ശ്രദ്ധയിൽപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി39/ **14-02-2020)**
എസ്റ്റിമേറ്റിനേക്കാൾ അധികരിച്ചത് പണി ചെയ്തതിന് പൊതുമരാമത്ത് മാന്വൽ 2012 സെക്ഷൻ 2111 ൽ നിർദ്ദേശിച്ച പ്രകാരം സാങ്കേതികാനുമതി നൽകിയ അതോറിറ്റിയിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ ചട്ടം 6 ൽ നിർദ്ദേശിക്കുന്നപ്രകാരം പ്രൊജക്റ്റ് റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യേണ്ടതും സൈറ്റ് കണ്ടീഷൻ പരിശോധിച്ച് ആവശ്യകതക്കനുസരിച്ച് എല്ലാ പണികളും ഉൾപ്പെടുത്തേണ്ടതും, പ്രവൃത്തി ആരംഭിച്ചതിനുശേഷം വേണ്ടിവരുന്ന എസ്റ്റിമേറ്റ് വ്യതിയാനങ്ങളും അതിനെത്തുടർന്നുണ്ടാകുന്ന കാലതാമസവും പരമാവധി ഒഴിവാക്കേണ്ടതുമാണ്.

# 1-64 കന്നുകുട്ടിപരിപാലന പദ്ധതി -എസ്.എൽ.ബി.പി.യിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 07/19
നിർവ്വഹണദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

വകയിരുത്തിയ തുക -500000/-(40 പേർക്ക് 12500/-രൂപ വീതം )

ബിൽ നം. തി. 07/25.01.19 -500000/-

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി 2018-19 സാമ്പത്തിക വർഷം 500000/- രൂപ (40 ഗുണഭോക്താക്കളുടെ വിഹിതമായി ) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ആയതിന്റെ പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം ചെയ്യുന്ന രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തീറ്റ വാങ്ങൽ ഇടക്ക് വെച്ച് നിർത്തിയതായി കാണുന്നു. നിർത്തിയതിന്റെ കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | സരോജിനി | 2/19,3/19 (2മാസം) |
| 2 | വാസന്തി രത്നാകരൻ | 2/19,3/19 (2മാസം) |

| | | |
|---|---|---|
| 3 | മഡോണ | 2,3,5,6/19 (4മാസം) |
| 4 | മഡോണ | 2,3/19 (2മാസം) |
| 5 | കെ.ഒ.വർഗ്ഗീസ് | 4,5,8,12/19 (4മാസം) |
| 6 | ഡിപോൾ പ്രോവിൺസ് | 2,3,4,5/19 (4മാസം) |

ആയതിനാൽ ശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-65 കറവപശു വിതരണം (ജനറൽ) -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. -08/19
നിർവ്വഹണോദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

ബിൽ നം. തി. -03/27.12.18 -247500/-

**വകയിരുത്തിയ തുക -**

പദ്ധതി വിഹിതം -247500

ഗുണഭോക്തൃവിഹിതം -247500

ആകെ -495000/-

തൻ വർഷം 9 ഗുണഭോക്താക്കൾക്ക് കറവപശുക്കളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 9 ഗുണഭോക്താക്കളും 27500/- രൂപ വീതം ഗുണഭോക്തൃവിഹിതം മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

**അപാകതകൾ**

1)9 ഗുണഭോക്താക്കൾക്ക് ഉരുവിനെ വിറ്റ വകയിൽ 55000/- രൂപ വീതം ഉരുവിനെ വിറ്റയാൾക്ക് നൽകിയതായി രശീതി ഹാജരാക്കിയിട്ടുണ്ടെങ്കിലും ബിജി ജോൺസൺ, മാളിയേക്കൽ വീട്, ചാലക്കുടി, പ്രിൽസ ബിജു, പറമ്പിക്കാട്ടിൽ, വാർഡ് -35, ദേവകി സുബ്രൻ, മുള്ളോളി വീട്, വി.ആർ.പുരം, ശ്രീജ.ആർ.കെ, രായിപറമ്പിൽ, പോട്ട എന്നീ നാല് ഗുണഭോക്താക്കളും ഹാജരാക്കിയ ഇൻഷുറൻസ് പോളിസിയിൽ ഉരുവിന്റെ വിലയായി 50000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 25000/-രൂപ സബ്സിഡിക്ക് മാത്രമാണ് അർഹതയുള്ളത്.

2)ജയശ്രീ ലോഹിദാക്ഷൻ, പറപറമ്പത്ത്, വാർഡ്- 4, എന്ന ഗുണഭോക്താവ് ഇൻഷുറൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-66 ആട് വളർത്തൽ പദ്ധതി (എസ്.സി.)- അപാകതകൾ.

പ്രോജക്റ്റ് നം. 170/19

നിർവ്വഹണോദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

വകയിരുത്തിയ തുക -വികസന ഫണ്ട് -76500 +ഗുണഭോക്തൃവിഹിതം -25500/- , ആകെ -102000/-

തൻവർഷം 17 ഗുണഭോക്താക്കൾക്ക് ആടുകളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം 1500/-രൂപയും പദ്ധതി വിഹിതം 4500/-രൂപയും കൂടി ആകെ 6000/- രൂപക്ക് 2 ആടുകളെ വീതം നൽകുകയാണ് ചെയ്തിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ട് മുനിസിപ്പാലിറ്റിയിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1)പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.22/18 /ത.സ്വ.ഭ.വ. തീ. 14.02.18 ഖണ്ഡിക .6.2.(2) പ്രകാരം 6 മുതൽ 8 മാസം വരെ പ്രായമുള്ള ആടുകളെയാണ് വാങ്ങി നൽകേണ്ടത്. എന്നാൽ ഇൻഷുറൻസ് പോളിസി പരിശോധിച്ചതിൽ ഭൂരിപക്ഷം ആടുകളും 4 മാസം പ്രായമുള്ളവയാണ്.

2)ആടിന്റെ വില ജില്ലാതലത്തിൽ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിലല്ല നൽകിയിട്ടുള്ളത്.

3)ആടുകളെ വിതരണം ചെയ്ത ശ്രീ.കെ.കെ.രാജന്റെ കൈപ്പറ്റ് രശീതിൽ 34 ആടുകളെ വിതരണം ചെയ്തതിന് 76500/- രൂപ കൈപ്പറ്റി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതം കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതം കൈമാറിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. മേലിൽ പ്രൊജക്റ്റുകൾ നടപ്പാക്കുമ്പോൾ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി - 52/13.02.2020)

## 1-67 കൃഷി ഫീൽഡ് ഓഫീസർ പദ്ധതി നടപ്പാക്കുന്നതിലെ അവധാനത

2018-19 ൽ കൃഷി ഫീൽഡ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്ന 6 പദ്ധതികളിൽ ഒന്നിന് പോലും തൻവർഷം ചെലവ് ഇല്ല. ഉപേക്ഷിച്ച ഒരു പദ്ധതി ഒഴികെ 5 എണ്ണവും 2019-20 ലേക്ക് സ്പിൽ ഓവർ ആയി മാറ്റേണ്ടതായി വന്നു. മേൽ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ അവയ്ക്കായി സാധന സാമഗ്രികൾ 2018-19 ൽ തന്നെ വാങ്ങിയതായി കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വാങ്ങിയതിന്റെ മൂല്യം | വാങ്ങിയതിന്റെ വിവരം |
|---|---|---|
| നെൽ വിത്ത് | 362400 രൂ | 8/2018 |
| പച്ചക്കറി വിത്ത് | 2500രൂ | 6/2018 |
| വാഴ കന്ന് | 125000രൂ | 6/2018 |
| തെങ്ങിൻതൈ | 5625രൂ | 6/2018 |

വളരെ നേരത്തെ ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി വിതരണം ചെയ്തിട്ടും യഥാസമയം ബിൽ മാറുവാൻ കഴിയാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ അവധാനത ആയി വിലയിരുത്തുന്നു. പ്രളയം മൂലം കർഷകർ രേഖകൾ എത്തിക്കുവാൻ വൈകിയതാണെന്നാണ് കൃഷി ഓഫീസർ നൽകിയ വിശദീകരണം (എൻക്വയറി നമ്പർ-49/13.2.2020). പ്രളയത്തിനുശേഷം ഏകദേശം ആറുമാസ കാലയളവ് രേഖകൾ സമർപ്പിക്കുവാൻ ഉണ്ടായിട്ടും ബില്ലുകൾ മാറാതിരുന്നത് നീതീകരിക്കാനാവില്ല. സ്പിൽ ഓവർ പദ്ധതികൾക്കായി പ്രത്യേക ഫണ്ട് സർക്കാരിൽ നിന്ന് ലഭ്യമല്ല എന്നിരിക്കെ ഇത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് അധിക ബാധ്യത ഉണ്ടാക്കുകയാണ് ചെയ്തത്. ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-68 സ്കൂൾ ബസ്സിന്റെ ഇന്ധന ചെലവ് മാർഗ്ഗരേഖക്ക് വിരുദ്ധം.

ഹെഡ്മിസ്ട്രസ് ജി.ജി.എച്ച്.എസ് നടപ്പാക്കിയ പദ്ധതി നം. 147/19 വിദ്യാഭ്യാസ സൗകര്യങ്ങൾ വർധിപ്പിക്കൽ പ്രകാരം 4,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ നം. 1/18-19/14.9.18 പ്രകാരം പിൻവലിച്ച 97305 രൂപ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്കൂൾ ബസിന്റെ ഫ്യുവൽ ചാർജ്, അറ്റകുറ്റപണികൾ എന്നിവയ്ക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(കൈ) നം.22/18ത.സ്വ.ഭ.വ.തിയതി14.9.18ഖണ്ഡിക 8.8 പ്രകാരം എം.എൽ.എ/എം.പി ഫണ്ട് മുഖേനയും മറ്റ് രീതിയിൽ ആർജിച്ചിട്ടുള്ളതുമായ ബസ്സുകളുടെ ഇന്ധന ചെലവ്, ഡ്രൈവർമാരുടെ ശമ്പളം, മറ്റ് ആവർത്തന ചെലവുകൾ എന്നിവയ്ക്ക് തദ്ദേശഭരണ സ്ഥാപനം തുക ചെലവഴിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തയ്യാറാക്കിയ പദ്ധതിക്ക് ഭരണസമിതി, ഡി.പി.സി. എന്നിവർ അനുമതി നൽകിയതായി കാണുന്നു. മാർഗരേഖയിൽ പറയാത്ത പദ്ധതിക്ക് ചെലവുചെയ്യുന്നതിന് കോ-ഓർഡിനേഷൻ കമ്മറ്റി/സർക്കാർ അനുമതി നൽകിയതായി കാണുന്നില്ല. നിയമവിധേയമല്ലാത്ത പദ്ധതികൾക്ക് ഇത്തരത്തിൽ അംഗീകാരം ലഭിക്കാനിടയായ സാഹചര്യങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ വ്യക്തതവരുന്നതു വരെ 97,305/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. (3/5.2.2020)

## 1-69 വാങ്ങൽ നടപടികളിൽ ജി.എസ്.ടി. ഈടാക്കി അടവാക്കിയില്ല.

14.9.2018 F.S.no.S-31011/11/2018/ST-1-DOR Govt. Of India ധനമന്ത്രാലയം റവന്യൂ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഒരു കരാറിന്റെ ഭാഗമായി നടത്തുന്ന 2.5 ലക്ഷത്തിൽ അധികരിക്കുന്ന വാങ്ങലുകളിൽ 2% തുക ജി.എസ്.ടി യായി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രകാരമുള്ള വാങ്ങലുകളിൽ ഈ നിർദ്ദേശം പാലിച്ചു കാണുന്നില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ സിഡ്കോ ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സുകളുടെ വിശദാംശങ്ങൾ റിട്ടേണിൽ രേഖപെടുത്തിയിട്ടില്ലാത്തതിനാൽ നഗരസഭയിലേക്ക് വിതരണം ചെയ്ത ഇനങ്ങൾ ഇതിലുൾപെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. (ഓഡിറ്റ് എൻക്വയറി നം.2/5.2.20,6/6.2.2020).

| ക്രമ നം | പദ്ധതി നം./പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | നൽകിയ തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 159/19-വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തൽ | HM,V.R.Puram | 2,97,189 | SIDCOയിൽ നിന്നും ഫർണീച്ചർ |

| | | | | |
|---|---|---|---|---|
| 2 | 148/19-വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തൽ | HM,GBHSChalakkudy | 4,00,313 | SIDCO യിൽ നിന്നുംഫർണീച്ചർ |
| 3 | 55/19-എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ | പ്രിൻസിപ്പൽ,ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ,ചാലക്കുടി | 2,50,000 | SIDCOയിൽ നിന്നും ഫർണീച്ചറുകൾ |

ആയതിനാൽ നഗരസഭയിലേക്ക് വിതരണം ചെയ്തതായ ഇൻവോയ്സുകൾ ജി.എസ്.ടി റിട്ടേണിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉൾപ്പെട്ടിട്ടില്ലെങ്കിൽ ടി സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി യായി 2% തുക ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-70 പദ്ധതിയുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല ചെലവു തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് നം.50/18-19

പ്രൊജക്ട് – ഈറ്റ, മുള, പായ, ചൂരൽ വനിതാ കൈത്തൊഴിലാളികൾക്ക് ധനസഹായം

അടങ്കൽ – 6,00,000/-
ചെലവ്-

ട്രഷറിബിൽ നം.76/18-19/തിയതി29.3.19 , 2,40,000/-

ട്രഷറിബിൽ നം77/18-19/തിയതി29.3.19 , 1,80,000/-

ട്രഷറിബിൽ നം78/18-19/തിയതി29.3.19 , 1,80,000/-

പ്രൊജക്ട് നം.50/18-19 പദ്ധതി പ്രകാരം പരമ്പരാഗത കൈത്തൊഴിലുകൾ ചെയ്യുന്ന 10 ഗ്രൂപ്പുകളെ തെരെഞ്ഞെടുക്കുകയും ഒാരോ ഗ്രൂപ്പിനും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് 60,000/- രൂപാ ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഇൗ പ്രൊജക്ട് നടപ്പിലാക്കിയപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.മാർഗ്ഗരേഖാപ്രകാരം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കാണ് ഗ്രൂപ്പിനെ തെരെഞ്ഞെടുത്ത് ധനസഹായം നൽകാവുന്നത്. ഗ്രാമപഞ്ചായത്ത്/നഗരസഭ എന്നിവയ്ക്ക് വ്യക്തിഗതമായാണ് ധനസഹായം നൽകാവുന്നത്.

2.ഓരോ ഗ്രൂപ്പുകളും 90,000/- രൂപയ്ക്ക് മുകളിൽ വരുന്ന എസ്റ്റിമേറ്റുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. എന്നാൽ ആകെ 15,063/- രൂപയുടെ ചെലവുരേഖകൾ മാത്രമാണ് ഫയലിൽ നിന്നും ലഭ്യമായിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖാ പ്രകാരം 90000/-രൂപയുടെ ചെലവുകൾക്കാണ് 60000/-രൂപ (75%) സബ്സിഡി നൽകുന്നത്. ആയതിനാൽ 10 ഗ്രൂപ്പുകൾക്കും സബ്സിഡി ഇനത്തിൽ നൽകിയിട്ടുള്ള 600000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

## 1-71 നഗരസഭ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

നഗരസഭ സെക്രട്ടറി നടപ്പാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ തുക വിവിധ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | തുക | സ്ഥാപനം |
|---|---|---|---|---|---|
| 2 | 21/19 | വിജ്ഞാൻ സാഗർ | 38/23-10-2018 | 200000 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 3 | 18/19 | കുടി വെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എസ്.സി(വാർഡ്-24,30,32,35) | 60/20-03-2109 | 300000 | ഇ.ഇ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് .ഡിവിഷൻ, ഇരിഞ്ഞാലക്കുട |
| 4 | 187/19 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ്-1,2,4,5,6,7,9,11, 14,15,16,18, 21,26,27,30, 33,34,35 | 59/20-03-19 | 1081160 | ഇ.ഇ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ഇരിഞ്ഞാലക്കുട |
| 5 | | | 68/19-03-19 | 209840 | ഇ.ഇ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ഇരിഞ്ഞാലക്കുട |
| 6 | | ആറാം വാർഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 4/25-05-18 | 45000 | ഇ.ഇ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ഇരിഞ്ഞാലക്കുട |
| 7 | 01/19 | ഐ.കെ. എം നഗരസഭാ വിഹിതം | 7/11-06-18 | 280178 | എക്സിക്യൂട്ടീവ് ഡയറക്ടർ.ഐ.കെ.എം |
| 8 | 19/19 | സുശാന്തം - വയോജനക്ഷേമകേന്ദ്രം വിഹിതം | 37/18-19 18/09/2018 | 100000 | സുശാന്തം സൊസൈറ്റി ഫോർ കെയർ ആന്റ് കംപാഷൻ. |
| | 197/19 | വിവിധ വാർഡുകളിൽ പുതിയ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 28/18-19 dt.06/08/18 | 48859 | എ.ഇ, ഇലക്ട്രിക്കൽ സെക്ഷൻ, ചാലക്കുടി |

1.താലൂക്ക് ആശുപത്രി പടിഞ്ഞാറേ ഭാഗം 4 പൊതു ടാപ്പ് എന്ന പ്രോജക്ടിന്റെ യു.സി നൽകിയിട്ടുണ്ട്. എന്നാൽ ആകെ 150000 രൂപ (ബിൽ നമ്പർ. 26/19 dt. 31/07/2018) നൽകിയതിൽ ഏജൻസിയുടെ പക്കൽ നിന്നും 134680 രൂപയുടെ യു.സി ആണ് നൽകിയിട്ടുള്ളത്. ബാക്കി 15320 രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

2.വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 1291000 രൂപയാണ്. രണ്ട് തവണയായി ബില്ലുകൾ മേൽ പട്ടിക ക്രമ നമ്പർ. 4, 5 എന്നിവ പ്രകാരം തുക വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി ചേർന്ന് കരാർ ഒപ്പു വെച്ചതായി കാണുന്നില്ല.

രേഖകൾ ഹാജരാക്കാൻ അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-72 എൻ.യു.എൽ.എം റിവോൾവിംഗ് ഫണ്ട്- ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളും മാർഗ്ഗ നിർദ്ദേശങ്ങളും.

കുടുംബശ്രീ ദേശീയ ഉപജീവന മിഷൻ, ഏരിയ തല ഫെഡറേഷനുകൾക്ക് റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കുന്നതിലെ മാർഗ്ഗനിർദ്ദേശങ്ങൾ 6701/F/2013/KSHO dt. 04-07-2015 ലെ ഉത്തരവായി പുറപ്പെടുവിക്കുകയുണ്ടായി.

നിലവിൽ 50000 രൂപയാണ് ഒരു എ.ഡി.എസി ന് നൽകുന്നത്. പ്രധാനമായും സംഘാംഗങ്ങൾക്ക് വായ്പ നൽകാനാണ് ഇതു ഉദ്ദേശിച്ചിട്ടുള്ളത്. നഗരസഭ 2017-18, 2018-19 വർഷമായി ഏതാണ്ട് 3050000 രൂപ വിവിധ എ.ഡി.എസു കൾക്ക് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഏതാനും എ.ഡി.എസു കളുടെ പ്രവർത്തനം പരിശോധിക്കുകയുണ്ടായി. അതിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**(A) സാംപിൾ പരിശോധനക്ക് വിധേയമാക്കിയ എ.ഡി.എസു.കൾ**

വാർഡ്-4, വാർഡ്-2, വാർഡ്-29, വാർഡ-11, വാർഡ്- 1,വാർഡ്-3, വാർഡ്.-23, വാർഡ്-5,വാർഡ് -7

1. വാർഡ് 23ൽ നിലവിലെ എ.ഡി.എസിന് ഫണ്ട് കൈപ്പറ്റിയ മുൻ ഭാരവാഹികൾ പാസ്സ് ബുക്ക്, വായ്പ നൽകിയതിന്റെ വിവരങ്ങൾ എന്നിവ കൈമാറിയിട്ടില്ല. ലഭിച്ച 50000 രൂപ എന്തു ചെയ്തു എന്നതിനെപ്പറ്റി നിലവിൽ ഒരു വിവരവുമില്ല.

2. ചില എ.ഡി.എസു കളിൽ ഭാരവാഹികൾ തന്നെ സ്വയം വായ്പയെടുത്തിരിക്കുന്നതായി കണ്ടു. മറ്റ് അംഗങ്ങൾക്ക് നൽകിയിട്ടില്ല.(വാർഡ്-4)

3. പരിശോധനക്കു വിധേയമാക്കിയ എ.ഡി.എസുകളിൽ ഭൂരിഭാഗം എ.ഡി.എസു കളും സംഘാംഗങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്.

4. ഒരു സംഘവും ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതായി കണ്ടില്ല.
5. ചില എ.ഡി.എസുകൾ ഇതു വരെ ഒരു തുകയും വിതരണം നടത്തിയിട്ടില്ല. വാർഡ് -7

**(B) റിവോൾവിംഗ് ഫണ്ട് ഉപയോഗത്തിലെ വെല്ലുവിളികൾ**

1. വായ്പ എന്തിനെല്ലാം നൽകാം എന്നതിന് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങളില്ല.

2.അംഗങ്ങൾക്കിടയിലെ വായ്പക്ക് പരിധി നിശ്ചയിച്ചിട്ടില്ല.

3. വായ്പ നൽകുകകയും പണം തിരിച്ചടവ് ഉറപ്പു വരുത്തുകയും ചെയ്യുന്ന എ.ഡി.എസ് ഭാരവാഹിക്ക് കൈകാര്യച്ചെലവ് നിശ്ചയിച്ചിട്ടില്ല.

4. തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിൽ മുടക്കു വരുത്തിയ അംഗം ഉൾപ്പെടുന്ന സംഘത്തിന്റേതായ ഇടപെടൽ എങ്ങിനെ എന്ന് നിർവ്വചിച്ചിട്ടില്ല.

5.വായ്പ നൽകുക എന്നത് എ.ഡി.എസിന്റെ കൂട്ടുത്തരവാദിത്വം എന്ന നിലയിൽ നിർവ്വചിക്കപ്പെടുകയോ, തദനുസൃതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

**<u>നിർദ്ദേശങ്ങൾ.</u>**

1. റിവോൾവിംഗ് ഫണ്ട് ഏറ്റു വാങ്ങുകയും അതിന്റെ തുടർനടപടികൾ സ്വീകരിക്കുയോ, പുതിയ ഭാരവാഹികൾക്ക് കൈമാറുകയോ ചെയ്യാത്ത എ.ഡി.എസ് ഭാരവാഹികൾക്കെതിരെ റവന്യു റിക്കവറി അടക്കമുള്ള കർശനനടപടികൾ സ്വീകരിച്ച് പണം തിരികെ ഈടാക്കേണ്ടതാണ്.

2. വായ്പ പലിശയിൽ നിന്നും വായ്പ ഉത്തരവാദിത്വം വഹിക്കുന്ന ഭാരവാഹിക്ക് കൈകാര്യച്ചെലവ് നിശ്ചയിക്കണം. ഇത് പലിശയിൽ നിന്നും വഹിക്കാവുന്ന തരത്തിൽ മാർഗ്ഗ നിർദ്ദേശത്തിലുൾപ്പെടുത്തണം.

3. വായ്പ നൽകുക എന്നത് എ.ഡി.എസിന്റെ കൂട്ടുത്തരവാദിത്തമാക്കണം. ബന്ധപ്പെട്ട മിനുട്ടിലെ രേഖപ്പെടുത്തലുകൾ അതനുസരിച്ചാകാൻ നിർദ്ദേശം നൽകണം.

4. വായ്പ വാങ്ങുന്ന അംഗങ്ങളുടെ കാര്യത്തിൽ തിരിച്ചടവ് മുടങ്ങുന്ന പക്ഷം അവരുൾപ്പെടുന്ന സംഘത്തിന്റെ ഉത്തരവാദിത്വം എന്ത് എന്ന് പ്രായോഗികമായി നിശ്ചയിക്കണം.

5.ക്യാഷ് ബുക്ക് നിർബന്ധമാക്കണം

6. വായ്പ തുക, വായ്പയുടെ ആവശ്യകത തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തണം.

കുടുംബശ്രീ ദേശീയ ഉപജീവന മിഷന്റെ മാർഗ്ഗരേഖയിൽ വ്യക്തമാക്കാത്ത വിഷയങ്ങളിൽ, മേൽകാണിച്ചവയും നഗരസഭക്ക് ഉചിതമെന്നു തോന്നുന്നതുമായ മറ്റു വിവരങ്ങളും ചേർത്ത് ഒരു മാർഗ്ഗ നിർദ്ദേശം കൗൺസിൽ അംഗീകാരത്തോടെ പുറപ്പെടുവിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്.

## 1-73 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അവലോകനം

നഗരസഭയുടെ 2018-19 വർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാനിന് 14.11.18 ലെ 14ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഇതു പ്രകാരം 544 പ്രവൃത്തികൾക്കായി 1,60,64000/- രൂപ വകയിരുത്തിയിട്ടുണ്ട്. ആകെ 934 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 53348 തൊഴിൽ ദിനങ്ങൾ നൽകാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ 152 പദ്ധതികളിലായി ആകെ 16061 തൊഴിൽ ദിനങ്ങളാണ് നൽകി കാണുന്നത്. ഭരണനിർവ്വഹണ ചെലവായ 4,86,560/-രൂപ ഉൾപ്പെടെ ആകെ 49,03,676/- രൂപ സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിട്ടുണ്ട്. നഗരസഭ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം പ്രവൃത്തി | എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കാന ക്ലീനിംഗ് | 70 | 2029085 |
| 2 | തോട് വൃത്തിയാക്കൽ | 25 | 942596 |
| 3 | കനാൽ വൃത്തിയാക്കൽ | 16 | 642830 |
| 4 | കുളം വൃത്തിയാക്കൽ | 4 | 188415 |
| 5 | കൃഷി അനുബന്ധ പ്രവൃത്തികൾ | 1 | 41838 |
| 6 | പി.എം.എ.വൈ.ഭവന നിർമ്മാണം. | 36 | 572352 |
| ആകെ | | | 4417116 |

സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ, വരവ്-ചെലവ് കണക്കുകൾ എന്നിവ വാർഡ് സഭയിൽ അവതരിപ്പിച്ചതായി വാർഡ് സഭ മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നില്ല. വാർഡ് തലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ ഒരു സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പ്രവൃത്തികളുടെ മോണിറ്ററിംഗ് സമയബന്ധിതമായി

നടപ്പാക്കുന്നതിനായി വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ പ്രവൃത്തികളിലും മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ദീർഘ നാളുകൾക്ക് ശേഷം മോണിറ്ററിംഗ് നടത്തി പ്രവൃത്തി മൂല്യവും ഉപയാഗക്ഷമതയും കണക്കാക്കാൻ സാധിക്കുകയില്ലായെന്നതിനാൽ പദ്ധതികൾ സമയബന്ധിതമായി മോണിറ്ററിംഗ് നടത്തേണ്ടതും, പദ്ധതി വിശദാംശങ്ങൾ വാർഡ് സഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതിനും സമയബന്ധിതമായി സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ വരവ് നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായി നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും നിഷ്കർഷകളും പാലിക്കുന്ന നിരീക്ഷണങ്ങൾ ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 വ്യക്തമായ ചെലവ് നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായി നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും നിഷ്കർഷകളും പാലിക്കുന്ന നിരീക്ഷണങ്ങൾ ഇല്ല

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 06.11.2019, 07.11.2019 | നം കെ.എസ്.എ ടി.എസ്.ആർ (എം) 1607/2019/തിയതി 16.12.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | എസ്.സി കുടിവെള്ളം പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ, (വാർഡ്-24,30,32,35) പ്രോജക്ട് നമ്പർ18/19 | 60/20-03-2109 | 300000 | - | 300000 |
| | പൊതുടാപ്പ് എക്സ്റ്റൻഷൻ | 16212 | 150000 | - | 150000 |
| | 187/19പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ്-1,2,4,5,6,7,9,11,14,15,16,18,21,26,27,30,33,34,35 | 59/20-03-19 68/19-03-19 | 1081160 209840 = 1291000 | - | 1291000 |
| | ആറാം വാർഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 4/25-05-18 | 45000 | - | 45000 |
| | താലൂക്ക് ആശുപത്രി പടിഞ്ഞാറേ ഭാഗം 4 പൊതു ടാപ്പ് | 26/19 dt. 31/07/2018) | 150000 | 134680 | 15320 |

| | | | | | |
|---|---|---|---|---|---|
| KSEB | (സ്ട്രീറ്റ് ലൈറ്റ് എക്സ് റ്റെൻഷന്,197/19 | 28/18-19 dt.06/08/18 | 48859 | - | 48859 |

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ കോഡ് 460500202 പ്രകാരം KSEB, KWA തുടങ്ങിയ നിർവ്വഹണ ഏജൻസികളുടെ കൈവശം 38,72,966/-രൂപ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നുണ്ട്. ഈ തുക ഏതെല്ലാം പ്രവൃത്തികൾക്കായി കൈമാറിയതാണെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കോഡ് 460400206 പ്രകാരം കരാറുകാർക്ക് ടാർ വാങ്ങി നൽകുന്നതിന് ചെലവഴിച്ച 18,45,987/-രൂപയും ക്രമീകരിച്ചിട്ടില്ല. ഈ ഇനത്തിന്റെ ലെഡ്ജർ പ്രകാരം 2011 വർഷം മുതലുള്ള തുകകളുണ്ടെന്നു കാണുന്നു. കരാറുകാരിൽ നിന്നും ടാറിന്റെ വില ഈടാക്കി നഗരസഭ ചെലവഴിച്ച ഫണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IDSMT | 470/1996-1997/0118 SANCTION ORDER NO 3847/96/LAD DATED 18/10/1996 | 2500000 | 500000 | 500000 60000(പലിശ) | | NIL |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 608957 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 608957 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 608957 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | |
|---|---|
| State Government securities | 1257 |
| Equity Shares | 607700 |
| ആകെ | 608957 |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2016-17 | 3.1 | 2017-18 | സ്റ്റേഡിയത്തിനായി അകപയർ ചെയ്ത വകയിൽ ബാധ്യത | നിലവിൽ 18 കോടിരൂപ ബാധിയതയുണ്ട്.<br>ഏറ്റെടുത്ത സ്ഥലത്ത് സ്റ്റേഡിയ നിർമ്മാണം പൂർത്തികരിച്ചുവരുന്നു |
| 2016-17 | 3.6 | 2017-18 | 2010-11ൽ അംഗീകാരം ലഭിച്ച ഇൻഫോർമേഷൻ എഡ്യൂക്കേഷൻ സെന്റർ നിർമ്മാണം പൂർത്തിക്കരിച്ചിട്ടില്ല | പൂർത്തികരിച്ചു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം ലഭ്യമല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 362607409 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 322344097 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | ഇല്ല |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4932271 |

(ബി). <u>**നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**</u>
ഇല്ല

<u>**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 1,70,000/- | പുഷ്പവല്ലി.വി. ഹെഡ് മിസ്ട്രസ്.ജി.ബി.എച്ച്.എസ് |
| 1-31 | 21,99,959/- | ബാലസുബ്രഹ്മണ്യം ഹെൽത്ത് ഓഫീസർ |
| 1-34 | 1,00,000/- | ഡോ.എം.ജി.ശിവദാസ് സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്ഴ് ആശുപത്രി |
| 1-35 | **17,61,125** | ഡോ.എം.ജി.ശിവദാസ് സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്ഴ് ആശുപത്രി |
| 1-59 | 3882 | ബോബി ഈപ്പൻ,അസി.എഞ്ചിനീയർ |
| 1-68 | 97,305 | ശാലിനി ഹെഡ് മിസ്ട്രസ്.ജി.ജിഎച്ച്.എസ് |
| 1-70 | 6,00,000 | അഭിലാഷ് വർമ്മ,വ്യവസായവികസന ഓഫീസർ |
| - | 4932271 | - |

(സി) <u>**കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**</u>
ഇല്ല

(ഡി) <u>**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പുഷ്പവല്ലി.വി. ഹെഡ് മിസ്ട്രസ്. ജി.ബി.എച്ച്.എസ് | എച്ച്.എം, ജി.ബി.എച്ച്.എസ് ചാലക്കുടി | പുതുശ്ശേരി, അഞ്ജലി ഗാർഡൻ |

| | | |
|---|---|---|
| | | വില്ല നം 19, അമല നഗർ, തൃശ്ശൂർ |
| ശാലിനി.എം ഡി ഹെഡ് മിസ്ട്രസ്. ജി.ജിഎച്ച്.എസ് | എച്ച്.എം, ജി.ജി.എച്ച്.എസ് ചാലക്കുടി | ശാലീനം, അഴകം, കൊടകര, 680684, കൊടകര പി ഒ, PH-8943151582 |
| ഡോ.എം.ജി.ശിവദാസ് സൂപ്രണ്ട്,താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി | RCHഓഫീസർ ഡി.എം.ഒ ഓഫീസ്, എറണാകുളം | മഠത്തിൽ ഹൗസ്, കാഞ്ഞാണി, അന്തിക്കാട്, 680641 |
| ബോബി ഈപ്പൻ, അസി.എഞ്ചിനീയർ | പെരുമ്പാവൂർ നഗരസഭ | പേടിക്കാട്ടുകുന്നേൽ കീരംപാറ പി ഒ, എറണാകുളം |
| അഭിലാഷ് വർമ്മ, വ്യവസായവികസന ഓഫീസർ | ചങ്ങനാശ്ശേരി | താലി വള്ളി ഇല്ലം, മതിൽഭാഗം,തിരുവല്ല, പത്തനം തിട്ട-689101 |
| ബാലസുബ്രഹ്മണ്യം ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ, ചാലക്കുടി നഗരസഭ | Harwin Nest, ഇയ്യുണ്ണി റോഡ് തൃശ്ശൂർ-20 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1975-76 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1976-77 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1977-78 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1978-79 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1979-80 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1980-81 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1981-82 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1982-83 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1983-84 | എൽ.എഫ്.ടി.4-646/89/08-08-89 |

| | |
|---|---|
| 1984-85 | എൽ.എഫ്.ടി.4-1551/90/26-06-91 |
| 1985-86 | എൽ.എഫ്.ടി.4-332/93/15-10-93 |
| 1986-87 | എൽ.എഫ്.ടി.4-1431/93/18-10-94 |
| 1987-88 | എൽ.എഫ്.ടി.4-863/95/05-02-96 |
| 1988-89 | എൽ.എഫ്.ടി.4-863/98/05-02-96 |
| 1991-92, 1992-93 | എൽ.എഫ്.ടി.4-1163/97/01-01-98/05-02-98 |
| 1993-94 | എൽ.എഫ്.ടി.4-1330/05/23-12-05/07-04-06 |
| 1994-95, 95-96 | എൽ.എഫ്.ടി.4-1400/08/15-12-09 |
| 1996-97 | എൽ.എഫ്.ടി.4-1423/08/15-12-09 |
| 1997-98 | എൽ.എഫ്.ടി.4-1430/08/15-12-09 |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-742/96/02-11-98 |
| 1997-98 (ചെലവ്) | എൽ.എഫ്.ടി.4-809/99/28-08-99 |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01/01-06-02 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.4-652/09/23-04-10 |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.4-598/02/09-08-02 |
| 2000-01 (ചെലവ്) | എൽ.എഫ്.ടി.4-1461/04/14-12-04 |
| 2001-02 (വരവ്) | എൽ.എഫ്.ടി.4-654/09/23-04-10 |
| 2002-03 | എൽ.എഫ്.ടി.4-655/09/23-04-10/29-10-10 |
| 2003-04 | എൽ.എഫ്.ടി.4-656/09/21-06-10/13-10-10 |
| 2004-05 | എൽ.എഫ്.ടി.4-657/09/22-06-10/23-10-10 |
| 2005-06 | എൽ.എഫ്.ടി.4-859/02-11-11/09-01-12 |
| 2006-07 | എൽ.എഫ്.ടി.4-949/02-11-11/07-01-12 |

| | |
|---|---|
| 2008-09 | എൽ.എഫ്.ടി(എം)1905/11/30-12-11 |
| 2009-10 | എൽ.എഫ്.ടി(എം)2612/11/19-06-12 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-653/81/23-04-10 |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1329/05/15-01-06 |
| 2010-11 | എൽ.എഫ്.ടി(എം)2613/11/19-06-12/08-08-12 |
| 2011-12 | എൽ.എഫ്.ടി(എം)2467/12/തി.13-03-13/11-06-13 |
| 2012-13 | എൽ.എഫ്.ടി(എം)-850/14 തി09-10-14/08-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം)1272/15 തീയതി.17.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1439/16 തീയതി.8.8.16 |
| 2015-16 | കെ.എസ്. എ.ടി.എസ്.ആർ.(എം)98/2017 തീയതി.31.01.2017 |
| 2016-17 | കെ.എസ്. എ.ടി.എസ്.ആർ.(എം)161.5/2017 തീയതി.15.11.2017 |
| 2017-18 | കെ.എസ്. എ.ടി.എസ്.ആർ.(എം)864/2019തീയതി.10.07.2019 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം2 ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ജോയിന്റ് ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **ചാലക്കുടി നഗരസഭയുടെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ചാലക്കുടി നഗരസഭയുടെ 2018-19** വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.